

32D
032:1M77:14
J4

Kalpa Sakhi

കല്പശാഖി

(ഖണ്ഡകൃതികൾ — അഷ്ടമഗുച്ഛകം)

UNIVERSITY LIBRARY
25 Oct. 1956
MADRAS

ULLUR PUBLISHERS
TRIVANDRUM
JAGATY

Ulloor S. Parameswara Iyer

ഉള്ളൂർ എസ്. പരമേശ്വരയ്യർ

DEPARTMENTAL LIBRARIES
7 DEC 1956
UNIVERSITY OF MADRAS

KOTTAYAM
BAZAAR

Ulloor Pubrs

ഉള്ളൂർ പബ്ലിഷേർസ്

ജഗതി, തിരുവനന്തപുരം

1954

Trivandrapuram

വകാശം ഗ്രന്ഥകാരന്] [വില രൂ. 1 ണ. 14

ന്ഥകാരന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മൂന്നാം പതിപ്പ്—കോപ്പി 500

032D
176557
032:1M77:14
J4

ശ്രീധര പ്രിൻറിംഗ് ഹൌസ്,
തിരുവനന്തപുരം

വിഷയസൂചി

		Page
1.	ഈശ്വരപ്രാർത്ഥന	1
2.	മഹാസമാധി	4
3.	ഇന്നത്തെ കർത്തവ്യം	12
4.	ആശംസാഗാനം	18
5.	മായാഭ്രമം	26
6.	കുയിലിനോട്	30
7.	നക്ഷത്രങ്ങൾ	36
8.	കാട്ടിലെപ്പാട്ട്	38
9.	പടക്കിനാവ്	54
10.	പുരോഗതി	64
11.	സമരാഗ്നി	66
12.	ബാഷ്പാഞ്ജലി	69
13.	മഞ്ഞുതുള്ളികൾ	81
14.	ബ്രഹ്മജ്ഞാനം	86
15.	ദയയുടെ ജയം	86
16.	അമ്പലക്കുളം	94
17.	പുഴമൊഴി	108
18.	പൈശാചയജ്ഞം	112
19.	ഉത്തമഭക്ഷണം	122
20.	നവയുഗോദയം	125
21.	റിക്ഷാ	129
22.	ഭഗവതീസ്തോത്രം	136

ULLUR PUBLISHERS
TRIVANDRUM
JAGATY

൧. ഈശ്വരപ്രാർത്ഥന

(ഗോപികാഗീതരീതി)

കരുണ വേണമേ-കൃഷ്ണ, കൃഷ്ണ!
കഞ്ജലോചന !
കഴൽ തൊഴാം തൊഴാം-കൃഷ്ണ, കൃഷ്ണ !
കംസനാശന !
പതിതപാവന ! കൃഷ്ണ, കൃഷ്ണ !
പാപമോചന !
കൃതസുരാവന ! കൃഷ്ണ, കൃഷ്ണ !
കീർത്തിഭാജന !
മദനമോഹന ! കൃഷ്ണ, കൃഷ്ണ !
മഞ്ജുഭാഷണ !
പതഗവാഹന ! കൃഷ്ണ, കൃഷ്ണ !
പങ്കജാനന !
ജിതപിതാമഹ ! കൃഷ്ണ, കൃഷ്ണ !
ജിഷ്ണുബാന്ധവ !
ശ്രിതശുഭാവഹ ! കൃഷ്ണ, കൃഷ്ണ !
സിന്ധുജാധവ !
സകലനായക ! കൃഷ്ണ, കൃഷ്ണ !
ശർമ്മദായക !

DEPARTMENTAL LIBRARIES
7 DEC 1956

ശമവിധായക! കൃഷ്ണ, കൃഷ്ണ!
സത്യദായക!
നിഗമസംസ്തുത! കൃഷ്ണ, കൃഷ്ണ!
നിർജ്ജരപ്രിയ!
നിഖിലസമ്മത! കൃഷ്ണ, കൃഷ്ണ!
നിസ്തുഷക്രിയ!
മുദിരവിഗ്രഹ! കൃഷ്ണ, കൃഷ്ണ!
മുഗ്ദ്ധദുർഗ്ഗ്രഹ!
മുനിമനഃസ്ഥിത! കൃഷ്ണ, കൃഷ്ണ!
മുക്തിസൌഖ്യദ!
വ്രജവിഹാരിണേ—തുഭ്യം നമോ-
വൃഷ്ണിമോദിനേ!
വൃജിനവൈരിണേ—തുഭ്യം നമോ-
വേണുവാദിനേ!
ഭുജഗശായിനേ—തുഭ്യം നമോ-
ഭൂതിദായിനേ!
ദഹനപായിനേ—തുഭ്യം നമോ-
ദേവ! മായിനേ!
ഭവനമാകണേ! മച്ചിത്തമാം
ബംഭരത്തിനും
ഭവഭയാപഹം-ഭാവൽകമാം
പാദപങ്കജം!

കരുണവേണമേ—കൃഷ്ണ, കൃഷ്ണ !
കഞ്ജലോചന !
കഴൽ തൊഴാം തൊഴാം—കൃഷ്ണ, കൃഷ്ണ !
കംസനാശന !

—

൨. മഹാസമാധി

ആരു കൊടുംനഞ്ഞാരിന്നെൻ
 കർണ്ണത്തിൽ വീഴ്ത്തീടുന്നു ?
ദീർഘനിദ്രാധീനനായ്-
 ത്തീർന്നുപോയെന്നോ 'രവി' ?
സത്യമാണാവാർത്തയെ-
 ന്നോതുന്നുവല്ലോ പത്രം:—
സത്യമേ ! നീ തന്നെയോ
 സംവർത്തകാലാനലൻ ?
ഹാ കഷ്ടം ! പൊലിഞ്ഞുവോ
 ഭാരതോർവ്വിതൻ ദീപം ?
ലോകത്തെ ഗ്രസിച്ചുവോ
 ഘോരാന്ധകാരം വീണ്ടും ?
ദൈവമേ ! ഭവാനെന്തി-
 സ്സാഹസം കാട്ടാൻ ? ധാത്രി
ദേവതാവിഹീനമാം
 ക്ഷേത്രമായ്ച്ചമഞ്ഞല്ലോ !
വാനോർതൻ കളിപ്പന്തായ്-
 ത്തീർന്നല്ലോ ഞങ്ങൾക്കെല്ലാ-
രാനന്ദജ്യോതിർഗ്ഗോള-
 മടച്ചിതീയംഭാകേന്ദ്രം.
ഏകാന്തശൂന്യം.മേലി-
 ലെന്നുവന്നല്ലോ വിശ്വ-

സാഹിത്യസാമ്രാജ്യത്തിൻ
സൗവർണ്ണസിംഹാസനം.
കററിയററല്ലോ ഗോത്രം
പ്രാക്തനം വാല്മീകീയം ;
മുററുമേ വരണ്ടല്ലോ
ശബ്ദാർത്ഥദുഗ്ദ്ധാംബുധി.
നാല്പതിൽപ്പരം കോടി
നവ്യഭാരതക്കാരു
നാഥൻമേൽ, ഛായാവൃക്ഷ,-
മാചാര്യൻ, പ്രാണാനിലൻ ?
ചേണിയന്നാർ പാടി മേൽ
കേൾക്കും നാം ഭ്രാതാക്കളേ !
വാണിതൻ വീണാക്വണം
നാണിക്കും ഗാനാമൃതം ?
ആർ വരും മുന്നിൽക്കുനി-
ഞ്ഞാശിസ്സു നമ്മൾക്കേകാൻ
പൂർവ്വമാം യുഗത്തിലെ-
സ്സിദ്ധർ തന്നാകാരത്തിൽ ?
ആരെടുത്തുയർത്തിടും
ധർമ്മത്തിൻ ജയധ്വജം
ധീരനായ്, പീതാംബരൻ
ഗോവർദ്ധനാദ്രിക്കൊപ്പം ?
വന്നുപോയല്ലോ നമു-
ക്കീവിപത്തിമ്മട്ടും മുൻ-

പിന്നലെക്കബേരർന്നാ,-
മിന്നയ്യോ നിഷ്കിഞ്ചനർ.
വാത്തിടാമാജന്മാന്തം,
കണ്ണുനീ,രതല്ലാതെ-
യാത്തിയാം ചെന്തീക്കെന്തു
മാറ്റും തെല്ലടങ്ങുവാൻ ?
അദ്ദേഹം വയസ്വിയാ-
ണെങ്കിലെ,ന്തഖണ്ഡന്ദ-
വസ്തമിക്കുകിൽ ശാന്തി-
യെന്തുമോ ചെമ്പോത്തുകൾ ? 28

II

വാരിധിക്കകം വീണ
ഭാരതാംബതന്നാത്മാ-
വാരെട്ടത്തേകീ വീണ്ടു-
മദ്ദേവിക്കദ്വൈതമായ് ;
ആകവേ പൃഥഗ്വിധ
ഭ്രാന്തിനല്കീടും വിശ്വ-
മേകമെന്നീക്ഷിക്കുവാ-
നന്തർദ്ദൃക്കാക്കുണ്ടായി ;
ശ്രേഷ്ഠന്മാർതൻ ദിവ്യ
തൂലികാഗ്രത്തിൽ തീക്ഷ്ണ-
രാഷ്ട്രവാഗ്വാദം പോലും
രമ്യമാം സത്കാവ്യമായ് ;

ഘോരമാമധർമ്മത്തിൻ
കണ്ഠഖണ്ഡനംചെയ്യാ-
നാരേന്തും മണിത്തുവൽ
മണ്ഡലാഗ്രമായ്‌മാറി ;
ദ്ദൂനതാപം ജനിത്രിക്കു
നല്കുവോരേകം സുധാന-
മാനത്തെച്ചുരൽകല്ലാ-
യ്യുണ്മതാർ ദ്ദൂരെത്തള്ളി ;
ആ "ററാഗോർ" 'ററാഗോ'റെന്നും
പേരിനാൽ വിളങ്ങുന്ന
മാറെറഴും മാഹാത്മ്യത്തിൻ
ധാമമാം മഹാകവേ !
പൂജിതൻ ദേവേന്ദ്രനാ-
ശ്ലാഘ്യനാം മഹർഷിക്കാ-
ശ്രീശുകൻ വ്യാസനെന്ന
പോലവേ തനൂജനായ്
സത്തുകൾക്കാത്മീയമാം
ഗീരിനാലഹർന്നിശം
തത്തോപദേശം ചെയ്ത
ധന്യാത്മൻ ! ദയാനിധേ !
സന്തതം കാവ്യത്തനി-
ത്തങ്കനീർ പൊഴിച്ചൂഴി—
യന്തിക്കും ഹരിദ്രാഭ-
മാക്കിയോരസ്സൽഗ്ഗുരോ !

അങ്ങയെപ്പിരിഞ്ഞുമേൽ
　　എമ്മട്ടിൽപ്പുലർന്നീടും
അങ്ങയാൽ വീരപ്രസൂ-
　　വായൊരീയാര്യാവനി ?
നട്ടെല്ലുപൊട്ടിച്ചന്യർ
　　കൈവിലങ്ങടിച്ചിട്ട
പട്ടിണിക്കോലങ്ങൾതൻ
　　പാർപ്പിടപ്പാഴ്മണ്ണെന്നായ്
ഏവരും ഹസിച്ചൊരാ-
　　ദ്ദേവിയെബ്ഭവാനല്ലീ
കേവലം സമസ്തലോ-
　　കാരാധ്യയാക്കിത്തീർത്തു ?
എത്രയോ തേജോബലം
　　കൊണ്ടങ്ങു നിർമ്മിച്ചോരു
ചിത്രമാം സൂക്തിസർഗ്ഗം,
　　നൂതനം, ചിരസ്ഥായി,
ചാലവേ വിളങ്ങുന്നു
　　ഞങ്ങൾക്കു നിത്യപ്രാഭവ്യം,
കാലമേഘാനാക്രാന്തം,
　　കല്യാണം, നചോരാളേ !
ആയിരം കരങ്ങൾ കൊ-
　　ണ്ടെന്നമട്ടയത്തുവാ-
നായതംകൊൾവോരങ്ങേ-
　　വാങ്മയപ്രകാണ്ഡങ്ങൾ

ആ നിലയ്ക്കിരിക്കവേ
മൃത്യുവിന്നാമോ രവേ!
ഹാനിയൊന്നിവക്കേകാ,-
നങ്ങയെപ്പുണന്നാലും ?
അങ്ങയെത്തീണ്ടും കാല-
രാഹുവിൻ ധാർഷ്ട്യം കാൺകേ
എങ്ങുമേ ചിരിക്കുന്നു
താവകം യശഃപുഞ്ജം;
ആ ശ്മശാനത്തിങ്കൽ നി-
ന്നാഗമിക്കുന്നു ഞങ്ങൾ-
ക്കാശ്ചര്യമേകും മട്ടിൽ
മൌനത്തിൻ പ്രചോദനം.
അച്ചിതാഭസ്മത്തിലും
കാണുന്നു ഭവച്ഛാത്ര-
രച്ഛിന്നഭാസ്സാമേതോ
വെൺതിങ്കൾക്കതിർക്കുലം.
അങ്ങെങ്ങും പോയിട്ടില്ല;
പോകുവാൻ സാധിക്കയി-
ല്ലങ്ങേക്കീയന്തർധാന്താ
വിശ്വത്തിൽ വാഴ്ത്താളവും.
മജ്ജിക്കാം സമുദ്രത്തിൽ,
മാറിടാം വിഴുപ്പല്ലം
വിശ്രമിക്കുവാൻ നോക്കാ,-
മത്രയേ്ക്ക തരപ്പെട്ടു;

പ്രത്യുഷസ്സായാൽ വീണ്ടും
ലോകബാന്ധവൻ ഭവാ-
നെത്തിടും പൂർവ്വാചല-
പ്പൊൻമണിക്കിരീടമായ്. 72

III

ജാതിയൊന്നങ്ങേയ്ക്കുണ്ടു
മാനുഷ്യം ; നാടൊന്നുണ്ടു
ഭൂതലം ; മതം സച്ചി-
ദാനന്ദൈകാരാധനം.
ആനന്ത്യലക്ഷ്യം ഭവ-
ജ്ജീവിതം ; ചെന്നാപ്രാപ്യ-
സ്ഥാനത്തിൽ ചേർന്നോ ഭവാൻ
ദൂരദൃക്പുരസ്സരൻ ?
എത്രയോ ദേശം ചുററി
നോക്കിയോര,ങ്ങല്ലെങ്കിൽ-
പ്പുത്തനാമേതോ നാട്ടു
പൂകുവാൻ പുറപ്പെട്ടോ
ഭാരതപ്രാക്കാലീന
സന്ദേശം പരത്തുവാൻ,
ദൂരസ്ഥഹൃത്പത്മവും
തൂർണ്ണമായ് വിടർത്തുവാൻ ?
ഏവമല്ലെൻ സങ്കല്പ-
മിദ്ദിനം നാകത്തിങ്കൽ-

ദ്ദേവന്മാരെല്ലാവരും
കൂട്ടമിട്ടുറങ്ങുന്നു.
ആരുമേ കൃത്യജ്ഞരെ,-
ല്ലല്ലെങ്കിൽ മന്നിൽപ്പോരാം
മാരണപ്പിശാചിത്ര
മപ്പടിച്ചാൽത്തീട്ടുമോ ?
അങ്ങുചെന്നാക്കൂട്ടർത-
ന്നാലസ്യം മാററും ; കനി-
ഞ്ഞമ്മയ്ക്കു നേടും സ്വാത-
ന്ത്ര്യാഭിധം സുധാകുംഭം ;
ജീവിതത്തിലേ സ്വപ്ന-
മോരോന്നും ഫലിപ്പിക്കും ;
ഭാവിയെബ്ഭൂതത്തിൽനി-
ന്നെത്രയും ഭാസ്വത്താക്കും ;
ഭ്രാന്തശാലയായിന്നു
തീർന്നൊരിബ്ഭൂലോകത്തെ-
ശ്ശാന്തിതൻനികേതനം
തന്നെയായ് ദർശിപ്പിക്കും.
ആയതീ രാവിൽ ചെയ്തു
പിന്നെയും വരും ഭവാൻ
സ്വീയമാമാകാരത്തിൽ
ദ്ദ്യോവിനെ ദ്ദ്യോതിപ്പിക്കാൻ.

നാട്ടാരിന്നൊട്ടുക്കുചേ-
ന്നങ്ങേക്കായ് സമർപ്പിക്കും
സാഷ്ടാംഗപ്രണാമങ്ങൾ
സൽകവേ ! കൈക്കൊണ്ടാലും.
ലോകത്തിൻ സമുദ്ധൃതി-
ക്കുദ്യമിക്കുവോരങ്ങേ-
യ്ക്കാകവേ ശിവങ്ങളാ
യഥാപാക്കൾ തീർന്നിടട്ടേ ! 96

---

൩. ഇന്നത്തെ കൎത്തവ്യം

“പട പട;” —മന്നിലെവിടെയുമതിൻ
പടപടയെന്നുള്ളൊലി മുഴങ്ങുന്നു.
അടിപിടിയുടെ കൊട്ടുമകൊണ്ടൂഴി-
യിടിപൊടിയായിത്തകൎന്നൊട്ടുങ്ങുന്നു.
ഞൊടിയിടകൊണ്ടു നഗരവും നാട്ടും
ചുടലച്ചാമ്പലായ്ത്തുലഞ്ഞുപോകുന്നു.
നിരന്തര വാനിൽനിന്നിടമുറിയാതെ
മരണക്കൊള്ളിമീൻമഴ പൊഴിയുന്നു.
കര മുഴുകുന്നു നിണപ്പുഴ പൊങ്ങി ;-
കടൽ നീകുന്നു മരക്കലം മുങ്ങി.
മറഞ്ഞു മാറുന്ന ദിവസമോരോന്നും
നരകമാക്കുന്നു ധരയെ മേല്ക്കുമേൽ.
ഇരുകൊല്ലം നീണ്ട കുരുതികൊണ്ടുമീ-
യറുകൊലപ്പിശാചടങ്ങിടുന്നില്ല.
തുടൎന്നു പാഞ്ഞണഞ്ഞതിന്നു നമ്മുടെ
നടയിലും നിന്നു നടനമാടുന്നു.
മരുന്നില്ലൊന്നുമീ മസൂരികയ്ക്കെന്നോ?
മറുകരയില്ലീ മഹോദധിക്കെന്നോ?
ഒരൊററ മൂൎഖൻതൻ വിഷത്തിനീമട്ടി-
ലുലകെരിക്കുവാൻ കരുത്തുവന്നല്ലോ.
അധമരിത്തരം വിജയം നേടിയാൽ-
അധൎമ്മമിത്രമേൽ തലയുയൎത്തിയാൽ-

അവർക്കൊരൊരു തണലും താങ്ങു,മി-
ബ്ഭുവനമെങ്ങനെ പുലന്നിടും മേലിൽ? 24

II

ജനനി! ഭാരതാവനി! ഭവതിത-
ന്നണയത്തും വന്നീയടരണഞ്ഞതല്ലോ.
അതിന്റെ ദംഷ്ട്രകൾക്കിടയിലമ്മയും
പതിക്കണമെന്നോ ഭഗവൽസങ്കല്പം?
ഭവതിയെത്രയോ വിശാല, സംഖ്യകൊ-
ണ്ടവധിയററവർ ഭവത്തനയന്മാർ;
മരുതലയ്ക്കുണ്ടോ ഗതിയവക്കൊന്നു
പുരുഷരായ് മാത്രം പുലന്നിടാമെങ്കിൽ?
അതില്ലല്ലോ, ദേവി! യതില്ലല്ലോ, ഞങ്ങൾ
മൃതർ താൻ, വീപ്പുയ്യോ! നിലച്ചിടായ്കിലും.
ഇളക്കിടാം കരമിവക്കൊട്ടിങ്ങങ്ങു
വെളുത്ത താളിന്മേൽ കറുപ്പു തേയ്ക്കുവാൻ.
ഒരു തൊഴിൽ വേറിട്ടറിഞ്ഞിടാത്തവ-
രരിയുപ്പിൻവകയ്ക്കുതകിടാത്തവർ;
പടക്കരുക്കൾതൻ സ്വരൂപമെന്തെന്നു
പടത്തിൽ നോക്കിയും പഠിച്ചിടാത്തവർ;
അടക്കളത്തിലെന്തടവുകാട്ടും പോയ്,
വെടിക്കുഴൽ കൈകൊണ്ടെടുത്തറിയാത്തോർ?

അഴിനിലയിതിലുഴലുവോക്കെന്തു
കഴിയുമമ്മതൻ കദനം നീക്കുവാൻ? 44
പലരുമീമട്ടിൽ പരിതപിക്കുന്നു;
ഫലമതുകൊണ്ടു തരിമ്പുമില്ലല്ലോ.
ശരി,യധികൃതരനുവദിച്ചില്ല;
പൊരുതുവാൻ നമ്മൾ പഠിച്ചതുമില്ല.
കഴിഞ്ഞതു പക്ഷേ കഴിഞ്ഞില്ലേ? മേലിൽ-
ക്കഴിഞ്ഞുകൂടേണ്ടും വഴി വേണ്ടേ നോക്കാൻ?
നടയിലായിപ്പോയ്, പടികയറിപ്പോ,-
യട,രതിൻകൂട്ടാമിടരൊടും കൂടി.
അതു കതകടിച്ചുടയ്ക്കുമ്പോൾ നമ്മ-
ളതുമിതും ചൊല്ലിയകന്നു നിന്നാലോ?
പുരയ്ക്കു തീപിടിച്ചെരിയും നേരത്തു
കരവും കെട്ടിക്കൊണ്ടകത്തിരുന്നാലോ?
ഭരണക്കാരുടെ കുറവും കുററവും
പറകിലാമന്ത്രം പടയൊഴിക്കുമോ?
കുടിയിരിപ്പില്ലേ നമുക്കു കാക്കുവാൻ?
മടയവരില്ലേ നമുക്കു പോററുവാൻ?
ക്ഷിതിയിതല്ലയോ നമുക്കു പെററമ്മ;-
യിതിൻെറ മാനം നാം പുലത്തിടേണ്ടയോ?
ധുരന്ധരന്മാരാം ജനങ്ങളിങ്ങനെ
തുരുങ്കിനുള്ളിൽച്ചെന്നടിഞ്ഞുകൊണ്ടാലോ?

കുടുംബം പോറേറണ്ടും ഗൃഹസ്ഥരൊക്കെയു–
മടവിയിൽപ്പുക്കു തപം തുടന്നാലോ?
എവിടെ ശ്ശത്രുവന്നെതിരിടുമെന്നാ-
ലവിടെപ്പോയ് നമുക്കണിനിരക്കണം.
ഭയപ്പെടാനെന്തുണ്ടുലകിലെപ്പോഴും
ജയവും ധർമ്മവും, നിഴലും ദേഹവും.
ഒരിക്കലേ വേണ്ടൂ മരിക്കലേവർക്കും;
ശരിക്കതമ്മയ്ക്കായിരിക്കിൽ നന്നല്ലീ?
ശുഭത്തെ മുൻനിർത്തി പ്രവൃത്തിചെയ്യുവോ–
ർക്കപജയം വന്നാലതും ജയമല്ലീ?
വിജയം വായ്ക്കിലുമരിക്കു ഭാരതം
വിജനമാക്കുവാൻ വളരെന്നാരും വേണ്ടേ?
ഒരുമിക്കാം നമു,ക്കൊരുമിക്കാം; നര–
ക്കൊരുമയൊന്നുതാനുദഗ്രമാം ശസ്ത്രം.
പരസ്പരസ്പർദ്ധപ്പടവശേഷവും
പരന്നൊരാഴിയിൽത്തകർന്നു താഴട്ടെ;
"ഒരൊററവർഗ്ഗക്കാരിവിടെയുള്ളവർ,
ഭരതഭൂമിതൻ തനയർ, സോദരർ."
ഇടിയൊടൊക്കുമിപ്പടവിളികൊണ്ടു
പുടപുഴങ്ങട്ടേ ഭുവനമൊക്കെയും.
തടിമിടുക്കുംകൊണ്ടണയും മാററലർ
നടുനടുങ്ങിപ്പോമതൊന്നു കേൾക്കുകിൽ.

തൊടൽവെടിഞ്ഞിന്നു കിടക്കയത്രേ നാം
കടൽക്കരയിലെ മണൽത്തരികളായ്.
പല നീർത്തുള്ളികളൊരുമിച്ചുള്ളതാ-
ണലകടലെന്നതറിയുന്നീലന്ധർ ;
പശമണ്ണാകിലത്തരികൾ, തായയാൾ-
ക്കജയ്യമാം ദുർഗ്ഗം ചമയ്ക്കാം നമ്മൾക്കും.
പരൻപുമാനൊടൊന്നണർത്തിടാം; ശാന്തി-
മുരളിയൂതുവാനിതല്ലവസരം ;
അവശർ ഞങ്ങൾക്ക ഭഗവൻ ! ഗീതയാൻ
ശ്രവിച്ചിടേണ്ടതിപ്പടക്കളത്തിങ്കൽ.
അഭയമമ്മയ്ക്കിന്നരുളേണ്ടും നമ്മ-
ക്കപരർതൻകാര്യം നിനച്ചെന്താവശ്യം ?

---

൪. ആശംസാഗാനം *

പോരും പോരുമിതിൻമട്ടു
　　പോയതു നാം സഹജരേ!
ചേരുവതിന്നിതോ വഴി
　　ചെല്ലേണ്ട ദിക്കിൽ ?
വർണ്ണമെന്നും, ദേശമെന്നും,
　　ഭാഷയെന്നും, മതമെന്നും,
ഭിന്നതയെപ്പലപല
　　പേരിൽപ്പുലർത്തി,
പരസ്പരദ്വേഷമാകും
　　പടുനഞ്ഞുമരത്തിന്നു
ധരയെങ്ങും തഴയ്ക്കുവാൻ
　　തരം വളർത്തി,
അതിൻഫലമശിച്ചശി-
　　ച്ചടിയുന്നുവല്ലോ മണ്ണിൽ-
പ്പതിതരായ്, പ്പാമരരായ്,
　　പ്പാപിഷ്ഠരായ്, നാം!
പാറയായും, ലോഹമായും,
　　സസ്യമായും, തിര്യക്കായു-
മേറിയേറിയുൽകർഷ-
　　പ്പൊന്നേണിയിൽ ക്കൂടി,

---

* എറണാകുളത്തെ റോട്ടറി ക്ലബ്ബിൻെറ ആവശ്യത്തിനായി എഴുതിയതു്.

മാനവരായ് തീർന്ന നമ്മൾ
    വാനവരായ്, കടശ്ശീയിൽ
വാണിടേണ്ടേ പരബ്രഹ്മ
    സായുജ്യംനേടി ?
കിഴക്കുമേക്കെന്നുചൊല്ലി-
    കലഹിക്കും മനുഷ്യർതൻ
വഴക്കെന്തെന്നറിയുവാൻ,
    കിഴക്കും മേക്കും,
ഓരായിരം കരദീപം
    കൊളുത്തിനോക്കീട്ടുമതിൻ
കാരണമെന്തക്കാണുന്നീല
    ഗഭസ്തിമാലി.
കറുപ്പെന്നും വെളുപ്പെന്നും
    പറഞ്ഞടിപിടിക്കൂട്ടും
നരരുടെ മൌഢ്യം കണ്ടു
    നഭസ്സിൽനിന്നും
ചിരിക്കുന്നു കുവലയ
    കുമുദങ്ങളൊപ്പമോരേ
സരസ്സിങ്കൽ വിടിർത്തുന്ന
    ശർവ്വരീകാന്തൻ.
‘സ്നേഹ’മെന്നുചൊല്ലിടും ര-
    ണ്ടക്ഷരത്തിലടങ്ങുന്നു
ലോകരുടെ യോഗക്ഷേമ
    സാമഗ്രിയെല്ലാം.

സ്വാർത്ഥികൾക്കും ദുർല്ലഭമാം
സ്വത്തുതന്നെ സൗഹൃദ്ലാഭം,
നിഷ്കളങ്കം, നിരാകാംക്ഷം,
നിത്യപവിത്രം.
അതു പരിചയത്തിൻെറ
പരിണതിമാത്രമല്ല ;
കൊത്തുകെത്ര തടിച്ചാലും
കൊമ്പനാവില്ല.

സംഘടനകൊണ്ടുമതു
കൈവരില്ല ; മന്നിലെത്ര
സംഘമില്ല സമസ്തൃഷ്ണ
സംഹാരസജ്ജം !
നേട്ടവാനും പണിയത്തു,
ചെറുനേരം മുഖത്തൊരു
മൂടൽമഞ്ഞിൻ കളികാട്ടും
മുഗ്ദ്ധഹാസത്താൽ.
സ്വാർത്ഥലോഭസാഹചര്യം
സൌഹൃദത്തിന്നരോചകം;
സാത്വികമാമതിൻ ചിഹ്നം
സർവ്വസ്വത്യാഗം.
കാമുകനും കാമുകിക്കും
തമ്മിലുള്ള രതിഭാവം
കേമമെന്നു പുകഴ്ത്തുന്നു

സാഹിത്യാചാര്യർ.
സമുജ്ജ്വലം പാണിഗ്രഹം;
സമുന്നതം ഗൃഹാശ്രമം,
പുമർത്ഥാപ്തിക്കൊക്കും വേണ്ട
പൂർവ്വസംഭാരം.
എങ്കിലുമാജ്ജ്യോതിസ്സിലു
മിങ്ങിങ്ങായിപ്പലേടത്തും
തൻകാര്യത്തിൻ കരിനിഴൽ
തട്ടിനില്ക്കുന്നു.
കുടുംബജീവിതം കൊണ്ടു
ഫലമെന്തു ലോകമൊരേ
കുടുംബമെ,ന്നാമുകുരം
കാട്ടിത്തരാഞ്ഞാൽ ?

III

മന്നിലൊരു സുഹൃത്തുണ്ടു
മർത്ത്യനെന്നാൽ മതിയവൻ
പുണ്യജനേശ്വരനെക്കാൾ
ഭൂതിസമ്പന്നൻ.
തന്നുടയ ഹൃദയത്തിൻ
സ്വച്ഛതയെപ്പരീക്ഷിക്കാൻ;
തന്നുടയ രഹസ്യങ്ങൾ
സൂക്ഷിച്ചുവയ്ക്കാൻ;

തന്നുടയ സന്തോഷങ്ങ
ളിരട്ടിയായ് വർദ്ധിപ്പിക്കാൻ ;
തന്നുടയ സന്താപങ്ങൾ
പകുതിയാക്കാൻ ;
തന്നുടയ സുഖസ്വപ്നം,
തന്നുടയ ശുഭഗ്രഹം,
തന്നുടയ പരദൈവ,
മെന്നീനിലയിൽ,
ഒരുവനുണ്ടൊരു സാക്ഷാൽ
സുഹൃത്തെങ്കിലവന്നേറ്റ
മരുഭൂവും മണംവീശും
മലർക്കാവാകും.
ഒരുഞെട്ടിലൊത്തിണങ്ങി
വിടർന്നിട്ടുമിരുപൂക്ക-
ളൊരുകൂട്ടിൽക്കളിച്ചിട്ടു-
മിരുകിളികൾ ;
ഒരുവഴിക്കലഞ്ഞിട്ടു-
മിരുമുകിലുകൾ, വാനി-
ലൊരിടത്തു വിളങ്ങീട്ടു-
മിരുതാരങ്ങൾ ;
ഒരു ദേഹി കടികൊള്ളു-
മിരുമെയ്കൾ:—ഇത്തുമട്ടിൽ

നരനാരായണസമ-
രിരുപൂരുഷർ,
ഒരുവനു മററൊരുവൻ
പൂരകനായ്, വേണ്ടിവന്നാൽ.
മരിക്കുവാൻ പോലും ബദ്ധ-
പരികരനായ്,
അവനിയിൽ വിലസുകി-
ലവർ താനെന്നീശ്വരന്മാ-
രവർ മേവുമിടം താനെ-
ന്നച്ഛനസ്ഥാനം.

IV

സ്നേഹത്തിന്റെ വാതിലാക്കും
സ്നേഹംകൊണ്ടേതുറക്കാവൂ
സ്നേഹത്തെ നാം നല്കി വേണം
സ്നേഹത്തെ വാങ്ങാൻ
ഭിന്നവർണ്ണർ, ഭിന്നരാഷ്ട്രർ,
ഭിന്നമതരെന്നു ചൊല്ലി-
യന്യരിൽനിന്നകലുവോ-
രത്യന്തദുഷ്ടർ
അവരെ നാം പേടിക്കേണം,
മവരുടെയാഭിചാര-
മവതരിപ്പിച്ചതാണീ
യാജിപിശാചി.

ക്ലബ്ബുകളിൽപ്പലതിലും
കാപ്പിയുണ്ടു, കളികളു-
ണ്ടപ്പുറമൊന്നുണ്ടെന്നാല-
തന്ന്യദൂഷണം ;
പാഴിലോരോസൊള്ളു സൊള്ളി-
യങ്ങിരിപ്പോർക്കിടയിൽവാ-
ച്ചേഴുകടൽ കിടക്കുവ-
ത്തേവർക്കും കാണാം.
ശ്രേഷ്ഠമാകുമാദർശത്തിൻ
പ്രേരണയാൽ സ്ഥാപിതമാം
'റോട്ടറി' ക്ലബ്ബുവയെല്ലാ-
പ്പമായിടൊല്ലേത്തും.
പരസ്പരവിനിമയ-
ക്ഷമങ്ങളാം ഹൃദയങ്ങൾ
പരമതിന്നാങ്ങങ്ങൾക്കു
ഭവിച്ചിടട്ടെ.
ലോകസേവയനുഷ്ഠിച്ചു-
മാവഴിക്കിപ്രപഞ്ചത്തി-
ന്നേകതയെയുറപ്പിച്ചു-
മായവരെല്ലാം
സമസ്തമാം കർമ്മത്തേയും
സർവ്വജഗൽപിതാവിങ്കൽ

സമൎപ്പണംചെയ്യു മേന്മേൽ
സൌഹാർദ്ദനിഷ്ഠർ
മങ്ഗളത്തിൻ പരമ്പര
മന്നിലെങ്ങും വ്യാപിപ്പിച്ചു
തങ്ങളേയുമന്യരേയും
ധന്യരാക്കട്ടെ.

---

൭. മായാഭ്രമം

ആതുരൻ പുരോഹിതൻ
　　വൈദ്യനോടോതീ: "തെല്ലും
ഭേദമെൻദീനത്തിനി,-
　　ല്ലെന്തിനിച്ചെയ്യേണ്ടു ഞാൻ?"
"ഇസ്ഥലംവെടിഞ്ഞങ്ങു-
　　പോകണം" ചൊന്നാൻവൈദ്യൻ
സത്വരം മറെറങ്ങാനു,-
　　മെങ്കിലേ സുഖം കിട്ടൂ."
"എന്നെക്കൊണ്ടാവില്ലയെ-
　　ന്നെത്ര ഞാൻ പറഞ്ഞിട്ടും
പിന്നെയും ഭവാനെന്തി-
　　ന്നാവചസ്സാവർത്തിപ്പൂ ?
ഈ നവീനമാം മേട,-
　　യീമനോജ്ഞമാം പൂങ്കാ-
വിനില്ല മററുള്ളോരു
　　വസ്തുവിൻ കദംബവും
ഏതുമട്ടയ്യോ! വിട്ടു-
　　പോകും ഞാൻ? പണ്ടേതന്നെ
ചേതസ്സെന്നൊന്നില്ലാത്ത
　　ജന്തുക്കൾ ചികിത്സകർ !"
ഓതിനാൻ ഭിഷക്കതി-

ന്നുത്തരം: "ഭൈഷജ്യമി-
വ്യാധിക്കു മററി,ല്ലങ്ങു
മാറിയേ ശരിപ്പെട്ടൂ.
ഇക്കണ്ടനാക്കികളല്ലാതെ
പാക്ക്യില്ലെന്നാൽ പോകാം
സ്വർഗ്ഗത്തേക്കുടൻതന്നെ;
ശാഠ്യത്തോടാക്കെന്താവൂ ?
എത്രയോ നന്നാണതി-
ബ്ഭൂമിയെക്കാളെന്നല്ലീ
നിത്യവും പ്രസംഗിപ്പു,-
തൊന്നുപോയ് നേരിൽക്കാണ്മൂ."   16

II

'സ്വർഗ്ഗം'—അശ്ശബ്ദം കേട്ടു
ഞെട്ടിപ്പോയ് പുരോഹിതൻ
ചിക്കെന്നു ദുസ്സ്വപ്നത്തിൽ
നിന്നുണർന്നവൻപോലെ.
"സ്വർഗ്ഗമോ?" ചൊന്നാൻ "ഭവാൻ
ഭ്രാന്തനോ സഖേ? ദൂരെ
സ്വർഗ്ഗങ്ങളിരുന്നാട്ടേ
തൽകാലം ഞാൻകൂടാതെ.
ഏതുമേ തിടുക്കമി-
ല്ലങ്ങു ചെന്നെത്താ, നെന്നി-

ക്കാതിഥ്യം നല്കേണ്ടതി-
    ല്ലന്യമാം ജഗത്തൊന്നും.
നല്ലതാണാക്കും നാക-
    മെങ്കിലും വലിഞ്ഞങ്ങു
ചെല്ലുമാറുണ്ടോ കേറി-
    ധീമാന്മാരനാഹൂതർ ?

ആദർശമായിസ്വർഗ്ഗ-
    മാരാധിക്കുവാൻ കൊള്ളാം ;
ക്ഷ്മാതലം മനുഷ്യക്കു
    സംവാസത്തിനും കൊള്ളാം ;
ഉന്നതിക്കാശിപ്പീല;
    വന്നിട്ടില്ലനന്തയാ-
മെന്നമ്മതന്നങ്കത്തിൽ
    ക്രീഡിച്ചിങ്ങലംഭാവം.

കാട്ടി ഞാനോരോ ഗോഷ്ടി
    വേതനത്തിനായ് നാക്കാ-
ലേട്ടിലേച്ചുരയ്ക്കുകൊ-
    ണ്ടേ വന്നു കൂട്ടാൻവയ്യാം ?
വീടുവിട്ടൊരംഗുലം
    നീങ്ങുവാനാവാത്ത ഞാൻ
കൂടുവിട്ടുടൻപാഞ്ഞു
    കൂടണം വാനിൽപ്പോലും !

തൊണ്ടയ്ക്കുതാഴെത്തുള്ളി
        നീരിറങ്ങാത്തോനാമോ
പണ്ടഗസ്ത്യനെപ്പോലെ
        പാഥോധി പാനം ചെയ്വാൻ?
എങ്ങനെഞാനിപ്പോൾ മാറി-
        പ്പാർക്കേണം ? ശാസിച്ചാലും
മങ്ങ ചാത്മാവേ ! സജ്ജ-
        നേതിന്നും ഭവദ്ദാസൻ.
ദ്വീപിലോ, ജലത്തിലോ,
        സൈകതപ്പരപ്പിലോ,
ദ്വീപികൾക്കാവാസമാം
        കാട്ടിലോ, ശൈലത്തിലോ,
എത്തുമെൻ ധാത്ര്യംബാത-
        ന്നംഗ, മങ്ങെങ്ങും ചെല്‌വാൻ
ചേതസ്സിൽ സന്ത്രാസമോ
        ഖേദമോ ജനിപ്പീല.
നാകം — ആശ്ശബ്ദം മാത്ര-
        മുച്ചരിക്കൊല്ലേ ഭവാൻ:
ഹാ! കേൾപ്പൂ രേഫാ ഞാനൊ-
        ന്നപ്രിയം തന്മദ്ധ്യത്തിൽ.”
വാത്തനോടൊപ്പം തന്നെ-
        യാത്തനും കൊതിക്കുന്നു-
ധാത്രിയിൽ ചിരാവാസം:—
        ആശ്ചര്യം മായാഭ്രമം ! 44

---

൯. കുയിലിനോട്

I

പാടുക, പാടുക, ഭാവിയും ഭൂതവും
        പാടുകളേകാത്ത കോകിലമേ!
വാടിയിൽ സ്വൈരമായ് വാഴുന്ന നിൻമനം
        വാടി വലഞ്ഞിടാനില്ല ഞായം.
ഭേകത്തിൻ ഹുങ്കാരമെന്നേ പൊയ്പ്പോയി;
        കാകവും നാണത്താൽ മൂകമായി.
ഈമലർക്കാവിന്നിന്നീശനായ്ത്തീർന്നു നീ;
        തൂമയിൽപ്പൊങ്ങട്ടേ നിൻ പ്രഭാവം.
ആയതിൻ ചിഹ്നമാം ഛത്രമായ്ക്കാണ്മൂ ഞാൻ
        നീയമർന്നീടുമീമാമരത്തെ.
കൈവന്നുചേർന്നല്ലോ വൃക്ഷവും വല്ലിയും
        പൂവിട്ടു നില്ക്കുന്ന ചൈത്രമാസം.
ഓമനേ! നിൻഗാനമോർത്തവ മുൻകൂട്ടി-
        ക്കോൾമയിർക്കൊൾവതിൽ കുറ്റമുണ്ടോ?
പന്തലിച്ചുള്ളൊരിത്തേമാവിൻ കൊമ്പത്തു
        ചെന്തളിർ തിന്നുതിന്നത്രമാത്രം
ശാരീരസൌഭാഗ്യം നേടിന നിന്നോടു
        'സാ—രീ' പഠിക്കണം കിന്നരരും;
പേടിയും ശങ്കയും കൈവിട്ടു വേഗത്തിൽ
        തോടി തുറന്നാലുമെൻസഖാവേ!

II

മൂഢരായുള്ളോരു ഞങ്ങളെച്ചൊല്ലി നീ
പാടണമെന്നു ഞാൻ പ്രാൎത്ഥിപ്പീല.
മാനവരാകിയ ഞങ്ങളും നിന്നുടെ
ഗാനവും തങ്ങളിൽച്ചേൎച്ചയില്ല.
ഭൂതവും ഭാവിയും കാർമുകിൽ മൎത്ത്യൎക്കു,
ഖേദവും ഭീതിയും വായ്പൂ മൂലം ;
തൂകയില്ലവ നീൎത്തുള്ളി ഞങ്ങൾക്കു ;
തൂകിക്കും കണ്ണിൽ നിന്നശ്രുമാത്രം.
രണ്ടിന്നും മദ്ധ്യത്തി'ലി'ന്നെന്ന മിന്നലിൻ
തുണ്ടൊന്നു തെല്ലെങ്ങാൻ മിന്നിപ്പോയാൽ,
രണ്ടും തൻക്രൂരതകൾ തട്ടിച്ചാ രേഖയെ-
ക്കൊണ്ടലിൽക്കൊണ്ടലായ് മാറവും താനും.
പോരെങ്കിലിക്കാലം പോരുകൊണ്ടെങ്ങുമി-
പ്പാരിടം പാഴ്മരുവാകും കാലം ;
ചാകലും കൊല്ലലുമല്ലാതെ കൃത്യങ്ങൾ
ലോകൎക്കു മറെറല്ലാം മാറും കാലം ;
വ്യോമത്തിൽ പാകി നിന്നുൽപാതയാനങ്ങൾ
തീമഴ രാപ്പകൽപ്പെയ്യും കാലം ;
ഭീടങ്ങളായുള്ള ബോംബുകൾ ഗൎജ്ജിച്ചു
ബാധിയ്ക്കും കർണ്ണങ്ങൾക്കേകം കാലം ;

മാരണദേവത മത്തയായ്, ക്രുദ്ധയായ്,
    ഘോരമാം താണ്ഡവമാടും കാലം ;
ക്ഷാമമാം രക്ഷസ്സിൻ വക്ത്രത്തിൽ സർവ്വ-
    മാമിഷമായ്ച്ചെന്നു വീഴും കാലം :—
ഉദ്യാനം-കോകിലം-സംഗീതം-തൊട്ടുള്ള
    ശബ്ദങ്ങൾക്കെന്തിപ്പോളർത്ഥമുള്ളൂ ?
ഈയവസരമെത്തിയ ഞങ്ങൾക്കു വേണ്ടി നീ
    ഗായകനാകുവാനാരു ചൊല്ലും ?
ഉർവ്വിയിൽ മർത്ത്യൻതൻ നിർമ്മിതികാരണം
    സർവ്വേശനുണ്ടായ്പോൽ ചാരിതാർത്ഥ്യം
അമ്മൊഴി മിഥ്യയെന്നല്ലയോ ഘോഷിപ്പൂ
    ജർമ്മനിതൻ കൊടുംഭ്രാതൃഘാതം ?
ശ്ലാഘ്യമാം നിന്നുടെ കണ്ഠത്തിലീശ്വരൻ
    പാല്ക്കടൽ നല്കാത്ത പീയൂഷത്തെ
വിന്യസിച്ചീടിന വേളയിൽത്താൻ നേടി
    ധന്യത പാണികളും ശേമുഷികളും. 56

III

പാടുക, പാടുക പഞ്ചമരാഗത്തിൽ
    പാടവമേറിന കോകിലമേ !
മാൺപെഴും തോപ്പിതു കത്തുന്ന ചെന്തീയിൽ-
    ച്ചാമ്പലായ്പ്പോകുകിൽപ്പോയിടട്ടെ ;

ഇമ്മധുവൂറിടും മാവിനെച്ചേദിച്ചു
വെണ്മഴ വീഴ്ത്തുകിൽ വീഴ്ത്തിടട്ടെ ;
വാരൊളിവായ്ക്കും നിൻ മേനിയിൽ വ്യാധൻെറ
ക്രൂരമ്പു കൊള്ളുകിൽകൊണ്ടിടട്ടെ ;
നീ കഥയില്ലാതെ മേലത്തേക്കാര്യമോ-
ത്താകുലനാകുന്നോനല്ലയല്ലോ.
മായമററീ മധുമാസത്തിൽ നീയൊരു
ഗായകനാകുവാൻ ജാതനായി ;
ആയതു പോരും, നീ തന്മൂലം തൃപ്തനായ്
സ്വീയമാം കർത്തവ്യമാചരിപ്പൂ.
മാനവർ—ദൈവത്താൽ വഞ്ചിതർ – നിന്നുടെ
ഗാനത്തെ കേൾക്കാഞ്ഞാലാക്കു നഷ്ടം ?
ഇന്നവർ മാത്രമല്ലൂഴിയിൽ വാഴുന്ന-
തെന്നു നീയോർത്താലുമെൻ സുഹൃത്തേ !
തൻ തലയാട്ടും നീ പാടുമ്പോൾ വല്ലികൾ ;
വണ്ടുകൾ വട്ടത്തിൽ മൂളിയാടും ;
വീശിടും നിൻമേനി മാരുതപോതങ്ങ-
ളാശിസ്സു കൂറിടും പൈങ്കിളികൾ.
ആനന്ദബാഷ്പത്തിലാറാടി നിന്നിടും
തേനൊലിപ്പാന്നിടും പൂങ്കുലകൾ.
കാനനദേവതമാരുടെ കർണ്ണത്തിൽ
നീ നാരംമന്തിരിച്ചാറൊഴുക്കും.

ഏവക്കു മോഹനമല്ല താൻ നിൻ കണ്ഠം
കാർവർണ്ണൻ കണ്ണൻതൻ വേണുപോലെ! 84

IV

കോകില ! നിന്നുടെ കാകളിതൻ പൊരുളം
ലോകത്തിന്നെന്തെന്നു ബോധമില്ല.
കാന്തയാം കോപിക്കെഗ്ഗാനത്താൽപ്പക്ഷേ നീ
സാന്ത്വനം നല്കുകയായിരിക്കാം ;—
സംഭാവ്യമല്ലതു; സൌമ്യനാം നിന്നോടു
നിൻപ്രിയ കോപിക്കാനില്ല ബന്ധം.
അല്ലെങ്കിൽ ത്രൈലോക്യജേതാവാം കാമനെ-
ച്ചൊല്ലി നീ വാഴ്ത്തുകയായിരിക്കാം ;—
അല്ലതും ; ക്ഷുദ്രമാം വന്ദിതൻ ജീവിതം
തെല്ലുമേ നിൻനിലയ്ക്കൊത്തതല്ല.
സാമ്രാജ്യലുബ്ധർതൻ നേർക്കെഴും ക്രോധം നീ
താമ്രാക്ഷ! നിൻകണ്ണാലോതുന്നീലേ ?
നിർണ്ണയം ദൈവത്തിൻ മേന്മ നീ പാടുന്നു
നിന്നുടെ തുഷ്ടിക്കു വേണ്ടി മാത്രം.
ജ്യേഷ്ഠൻ ! താവകമാകുമിസ്സങ്ഗീതം
വായുവിൽ വിശ്രാന്തമാകയില്ല ;
നല്ലെഴമായതിൻ സന്ദേശം കേട്ടിടു—
മെപ്പോഴെന്നാകിലും മാനുഷരും.

"ഗാനം താനാനന്ദ,മാനന്ദം താൻ ഗാനം"
നൂനമിത്തത്വം നീ യോതിയോതി
ആവഴിക്കുൽഗതി വാഞ്ഛിച്ച ഞങ്ങൾക്കു
കൈവരുത്തീടുക ജന്മലാഭം.
പാടുക പാടുക സോദര! സുസ്വര!
നേടുക നിർവൃതി പാടിപ്പാടി.

———

൧. നക്ഷത്രങ്ങൾ

നിത്യവും താരങ്ങളേ !
        നിങ്ങൾക്കെൻ നമസ്കാരം;
തത്വോപദേശം ചെയ്യു-
        മാചാര്യരല്ലീ നിങ്ങൾ ?
ഭൂതലം തമസ്സിനാൽ
        ഗ്രസ്തമാകുമ്പോൾ വിയ-
ദ്വീഥിയിൽ പേർത്തും നിങ്ങൾ
        നീളെവന്നുദിക്കുന്നു.
പ്രത്യുഷഃകാലത്തിങ്കൽ
        പാവനാത്മാവായുള്ള
മിത്രനെക്കാണുന്നേര-
        മസ്തമിക്കയും ചെയ്വൂ.
എന്തിതിൻ സൂക്ഷ്മാർത്ഥമെ-
        ന്നോർക്കുമ്പോളെനിക്കൊന്നു
ചിന്തയിൽത്തോന്നീടുന്നു;
        തെല്ലതങ്ങുണർത്തിക്കാം.
എന്മനസ്സിരുണ്ടിടും
        നേരം ഞാൻ വാനത്തിങ്കൽ-
ച്ചിന്മയന്മാരാം ദേവ-
        രെത്രയോ പേരെക്കാണ്മൂ;
അമ്മഹാമോഹധ്വാന്ത-
        മാകവേ നീങ്ങുന്നേര-

മെന്നുന്നിൽ പ്രകാശിപ്പ-
തേകമാം പരബ്രഹ്മം.
നിങ്ങൾ തന്നുപസ്ഥാനം
ലോകത്തിൻ സ്വപ്നാരംഭം;
നിങ്ങൾതൻ തിരോധാനം
ലോകത്തിൻ സമുത്ഥാനം.

— —

വ്വ. കാട്ടിലെപ്പാട്ട്

1

പാരിടം തമിസ്രതൻ
വക്ത്രത്തിൽപ്പതികുന്നു;
കൂരിരുട്ടെങ്ങും വന്നു
കൂടുന്നു കുമ്പാരമായ്.
വാനിലേക്കൊട്ടുംകാറാ-
ധ്വാന്തമാം പിശാചിന്റെ
മേനിയിൽപ്പൂശീടുന്നു
മേല്ക്കുമേൽക്കാളാഞ്ജനം.
ഭൂതലം മരിച്ചുവോ—
നിശ്ചേഷ്ടം ? വിയത്തിലാ-
പ്രേമത്തിൻ ചിതാധൂമം
വാച്ചുവോ ഘനാകാരം ?
എങ്ങൊളിച്ചുവോ ചോര-
ഭീതിയാൽ നഭോവീഥി
തിങ്കൾനായകം വച്ച
താരഹാരാലങ്കാരം ?
അല്ലെന്നോ ചൊല്ലേണ്ടു ഞാ-
നന്നത്തേത്തമസ്സാണ്ഡ,-
മല്ലെങ്കിലേതോ പുത്തൻ
കാകോളസ്രോതസ്സെന്നോ ?

ഉഗ്രമാം മഹാരണ്യ-
മൊന്നതാ ! സങ്കല്പമാം
ദൃക്കിനാൽക്കാണാമെങ്കിൽ
കാണുവിൻ, ഭ്രാതാക്കളേ !
താപിഞ്ഛദ്രുമങ്ങളാൽ
നീരന്ധ്രം, മത്തദ്വിപ-
വ്യാപാരഭീമം, വിപൽ-
കേന്ദ്രമാമതിൽക്കൂടി
താണ്ടുവാൻ പോണ്ടന്മാൎക്കു
ദൈവംതാൻ കരംനീട്ടി
നീങ്ങുന്നു മുന്നോട്ടേക്കു
പല്ലക്കൊന്നതിദ്രുതം.
"ആരെടാ ? നില്ലൂട്ടെയ-
ല്പല്ല്"ക്കെന്നൊരുന്നരത്തൊ-
രാരവം കേൾക്കാകുന്നു
സിംഹഗൎജ്ജനം പോലേ.
"നില്ലൂട്ടെ, നില്ലൂട്ടെ"യെ-
ന്നത്യുച്ചമേറെശ്ശബ്ദ-
മഞ്ജീരിൻ പ്രതിധ്വനി-
ക്കൊപ്പമായ് മുഴങ്ങുന്നു.
ഭീമമാം വെടിക്കെട്ടു
പൊട്ടുന്നു ദൂരത്തിങ്ക,-
ലേതു ഭൂമ്മൂൎത്തിക്കപ്പോ-
ളുത്സവം നടക്കുന്നോ ?

കാളുന്നു മുന്നിൽപ്പന്തം
    രണ്ടെണ്ണം, പോരാടുന്ന
കാളിതൻ തുറിച്ചതാം
    വട്ടക്കൺ തോല്ക്കുംമട്ടിൽ.
പേടിച്ചു നിർത്തീ വാഹർ
    പര്യങ്കം; ചുററും വന്നു
കൂടിയൊട്ടനേകംപേർ,
    കൊള്ളക്കാർ, ഹിംസാരതർ.
വല്ലായ്മയൊന്നുമേറ്റു
    വന്നുപോയ് തന്നിക്കെന്നോ
പല്ലക്കിന്നകത്തുള്ള
    ഭാഗ്യവാൻ ധരിച്ചീല;
നാദബ്രഹ്മപാനധ്യാന-
    ലീനനാണപ്പോഴുമ-
പ്പീതസച്ചിദാനന്ദ-
    പീയൂഷൻ, മഹാശയൻ.
തഞ്ചത്തിലൊട്ടേറെ നാഴി-
    ക്കപ്പുറം തഞ്ചാവൂരാം
തൻജന്മസ്ഥലത്തേക്കു-
    പോകയാണഗ്ഗായകൻ. 32

II

വാണിതൻ വക്ഷോരുഹം
    രണ്ടിലും വഴിഞ്ഞൂറും

ത്തുനവുംപോലാരൊരേ
　　വേളയിൽപ്പാനം ചെയ്തു;
വഞ്ചിഭൂവരാരോഹ-
　　യാരെത്തൻ മാറിൽച്ചേർത്തു
സഞ്ചിതപ്രേമം പുല്കി-
　　ധന്യയായ് പ്രശോഭിച്ചു;
ശ്രീപത്മനാഭസ്വാമി-
　　ദാസനായ്, വദാന്യതാ-
വൈഭവത്തിനാലാരു-
　　വൈലക്ഷ്യം ഭോജന്നേകി;
ആകല്ലോലതോപവല്ല-
　　പാരിജാതാനോകഹം,
ഭാർഗ്ഗവക്ഷേത്രോത്ഭവം,
　　പശ്ചായത്യാഗബ്രഹ്മം.
സ്വാതിജൻ, കൂടസ്ഥനാ-
　　മിന്ദുവിൻ കളങ്കത്തെ
ഖ്യാതിയാൽ സമാർജ്ജിച്ച
　　തമ്പുരാൻ, ഗർഭശ്രീമാൻ-
ആരെത്തൻവലങ്കയ്യായ്-
　　മാനിച്ചോ സദസ്സിൽവ-
ച്ചാരിൽത്തൻ സമഗ്രമാം-
　　വാത്സല്യം നിക്ഷേപിച്ചോ,
ആദ്യമായ് കർണ്ണാടകം
　　സംഗീതം പുത്തൻ ഫിഡിലിൽ—

വാദ്യത്തിൽ വായിക്കുവാൻ
ദാക്ഷ്യമാരാർജ്ജിച്ചുവോ,
വാട്ടം വിട്ടാരെ പ്രാജ്ഞർ
വാഴ്ത്തിയോ കരംകൂപ്പി
നാട്യവിദ്യാധിഷ്ഠാന-
ദേവതാസ്വരൂപനായ്:—
വടിവേലും തൻ പാട്ടാൽ
വിശ്വത്തെയാവർജ്ജിച്ചു
വടിവേലുവെന്നുള്ള
നട്ടുവൻ താനപ്പുമാൻ.
തസ്കരക്കൂട്ടത്തില-
സ്സാധു ചെന്നകപ്പെട്ടു;
ചിക്കെന്നു ധൂകങ്ങളാൽ
കോകിലം ചുഴപ്പെട്ടു. 52

III

“നീക്കെടാ തിരശ്ശീല;
വയ്ക്കെടാ കാശി”യെന്നു
തോക്കൊന്നു ചൂണ്ടിക്കാട്ടി-
ച്ചോരർതൻ നേതാവാർത്താൻ.
പല്ലക്കിൽ നാലോ മറ്റോ
പെട്ടിയുണ്ടതോരോന്നായ്-
ച്ചൊല്ലും മൻപെടുത്തേകീ
ദുഷ്ടന്നു യാത്രക്കാരൻ.

ഓരോന്നും തുറന്നവൻ
നോക്കവേ കണ്ടാനല്ലി-
ലാരെയും ഭ്രമിപ്പിക്കു-
മഗ്ര്യമാമത്തേ്ഗാൽകരം.
വൈരവും, മാണിക്യവും,
പച്ചയും, നീലക്കല്ലും
മാരിവില്ക്കതിർക്കററ
വീശിക്കൊണ്ടൊന്നിൽക്കാണാം;
അങ്ഗദം, കടീസൂത്രം,
കേയൂരം, തുലാകോടി,
കങ്കണം തൊട്ടുള്ളോരു
പണ്ടങ്ങൾ വേറിട്ടൊന്നിൽ;
ചാരുമെയ് സപ്പ്ംപോലെ
ചുററിയും മടക്കിയും,
നൂറിഴപ്പൂണിക്കൂട്ടിൽ
മറെറാന്നിൽ മുക്താഹാരം;
രൂപ്യവും സുവർണ്ണവും
നാലാമതൊന്നിൽ;—പ്പെട്ടെ-
ന്നാപ്പെട്ടിയെല്ലാം കൈക്ക-
ലാക്കിനാൽ പാടച്ചരൻ.
ബാക്കിയങ്ങൊന്നേയുള്ളൂ-
മഞ്ജൂഷ,യന്ന്യാധീന-
മാക്കവാനതും കൂടി-
യധ:പഗൻ മടിച്ചോതി:

"ഉച്ഛിഷ്ടമായിട്ടെന്നി-
കിട്ടിപ്പെട്ടിമാത്രം നല്കി-
പ്പശ്യതോഹരാധ്യക്ഷ
പാലിപ്പാൻ പ്രാർത്ഥിപ്പൂ ഞാൻ."
കൈകൊട്ടിച്ചിരിച്ചതി-
ന്നാക്ഖലൻ ചൊന്നാൻ: "നല്ല
പാകം! നീയാരെന്നെന്നെ-
യോർത്തുപോയ് ശുദ്ധാത്മാവേ?
നിൻകയ്യിൽ വാഴ്കും സ്വത്തു
നിശ്ശേഷം നിൻപ്രാണനും
ചങ്കമിസ്ഥലത്തെന്നു
കാൺവാൻ കണ്ണെങ്ങു പോയ്?
കൊണ്ടുവാ, തർക്കിക്കാതെ,
കൊണ്ടുവാ, ഞാനല്ലെങ്കിൽ-
ത്തുണ്ടുതുണ്ടാക്കും നിന്നെ
വെട്ടിയെൻ കൈവാളിനാൽ.
നിന്നുയിർക്കാറേറകി ഞാ-
നാകാശം നിറയ്ക്കേണ്ടു;
നിൻനിണക്കണം ചിന്നി-
യാഴിയെപ്പെരുക്കേണ്ടു."
എന്നരച്ചപ്പെട്ടിയും
വാങ്ങിച്ചേനാകി ഘോര-
നൊന്നുമില്ലതിൽക്കാശോ,
പണ്ടമോ? കല്ലോ, പൊന്നോ!

ആട്ടന്തപ്പെട്ടികളുള്ളിൽ
　　കേവലം ദന്തഫ്ഫിഡിൽ-
വാദ്യമൊന്നു,ണ്ടപ്പാവ-
　　മായതിന്നാശിക്കുന്നു.
"ആ വാദ്യമെൻ പ്രാണനാം
　　പെൺകിടാവാണേ! നിങ്ങ-
ളായതിൻ പൂമേനിയിൽ
　　പ്പോറലൊന്നേല്പിക്കൊല്ലേ!
നിങ്ങൾക്കതെന്തി,ന്നെനി-
　　ക്കേകിയാൽ കൃതാർത്ഥൻ ഞാൻ;
നിങ്ങളും പേരുന്നീലേ
　　ഹൃത്തൊന്നു ദൈവം നല്കി?"
ദേവകീധവൻ പണ്ടു
　　കംസനോടിരന്നമ-
ട്ടീവിധം 'പെൺകു'ഞ്ഞിനായ്
　　പ്രാർത്ഥിച്ചാൻ ഹൃതദ്രവ്യൻ

IV

ഹൃഷ്ടനായപ്പോൾച്ചൊന്നാൻ
　　ചോരൻ : "എൻ ചങ്ങാതി, നീ
വിഡ്ഢിയോ,കൺകെട്ടാനോ,
　　പിച്ചനോ,കുടിച്ചോനോ?
അല്പവും മറെറാന്നും നീ-
　　യാശിപ്പീലല്ലോ, നിന-

ക്കിപ്പൊട്ടവാദ്യപ്പെട്ടി-
        ക്കെന്തിനിപ്പെത്രം കൊതി?
ആട്ടെ, ഞാനിതങ്ങോട്ടു-
        തന്നാലിപ്പിത്തക്കാരി-
യൂട്ടുമോ പിച്ചപ്പാള
        യെന്തിട്ടും തന്നപ്പുടനെ ?"
ആ വാക്കുകേട്ടോതിനാ-
        നധപന്യൻ സമാൽപസി-
"ച്ചീ വാദ്യം വേറിട്ടൊന്നു-
        ല്ലെന്നപൂർണ്ണൽപരി.
ഉണ്ടിതെൻ കരത്തിങ്ക-
        ലെങ്കിൽ ഞാൻ ജേതാ,വെനി-
ക്കുണ്ടിടാ, മുട്ടത്തിടാ, -
        മുല്ലസിച്ചുറങ്ങിടാം.
സ്ഥത്യമാമീയക്ഷയം
        ഭാജനം ദാനംചെയ്ത
മിത്രനാരെന്നുംകൂടി-
        ച്ചൊല്ലിടാം സുഹൃത്തേ ! ഞാൻ.
ശ്രീവാഴംകോടെന്നില്ലേ
        ദേശമൊന്നനപത്ഥ,മാ-
ബ്ഭൂവാളും പുണ്യശ്ലോകൻ,
        പൂരുഷക്കലങ്കാരം,
ഈട്ടന്തഫ്ഫിഡിൽവാദ്യ,-
        മേകി ഞാനതിൽപ്പാടി-

പ്പെത്തുമിസ്സമ്പത്തെല്ലാം
നേടി, യദ്ദേവൻ നല്കി.
ആകകലാസംരക്ഷക-
ക്ഷ്രേഗൻതന്മുന്നിൽ ഞാൻ
ശീഘ്രമായ്ച്ചെന്നീ വാദ്യം
പിന്നെയും വായിക്കുകിൽ,
കിന്നരൻ ഞാനെന്നോതും
തമ്പുരാൻ കനി,ഞ്ഞെന്നെ-
ക്കിന്നരേശനായ് ത്തീർക്കും
കേവലം ക്ഷണാർദ്ധത്തിൽ.
'സാ—രി'യെന്നൊരാറക്ഷരങ്ങ
മൂളിയാലാ മന്ത്രത്താൽ
ദാരിദ്ര്യപ്പിശാചിനെ
ത്തൽക്ഷണം തരച്ചോടിക്കാം.
ആലപിച്ചിടാം രാഗ-
മല്ലമൊന്നെന്നാലുടൻ
മാളികയ്ക്കകം പൂകാം
മാതംഗേന്ദ്രാരൂഢനായ്.
നാകികൾക്കഭീഷ്ടങ്ങൾ
നല്കുവാനങ്ങുണ്ടുപോൽ
ശാഖി, ഗോവെ, ന്നൊന്നശ്മം—
ഏവമെണ്ണമാകെക്കൂടി.
ഏകനായവയ്ക്കുള്ള
ഭാരം താൻ വഹിപ്പതീ-

ലോകത്തിലാപ്പുണ്യാത്മാ,
    ഇന്ദിരേശോപാസകൻ.
ഏഴയല്ലീ വാദ്യമ-
    ണ്ടെന്നാൽ ഞാനെക്കാലത്തു-
മാഴിനീർ വററിപ്പോകി-
    ല്ലഭ്രത്തിൻ പാനത്തിനാൽ.
അല്ലെങ്കിലെന്തിന്നെനി-
    ക്കാവിത്തമെല്ലാം, കൊണ്ടു
വല്ല ദിക്കിലും ചെന്നാൽ
    വല്ലോരും?ഹരിക്കുവാൻ
ആശ്ശിരഃകമ്പം പോരും,
    ആമന്ദസ്മിതം പോരും-,
മാ"ബ്ബലേ, ബലേ" വാക്യ
    സമ്മാനമൊന്നേ പോരും.
എൻമട്ടിൽ സരസ്വതീ-
    ദേവിയെസ്സേവിപ്പോൎക്കു
മമ്മഹജ്ഞർ നല്കും മതി-
    പ്പൊന്നുതാൻ മഹൈശ്വര്യം." 124

V

വേണാടു വാണീടുന്ന
    തമ്പുരാൻ തൻപേർ കേൾക്കെ-
സ്സ്റ്റേനന്നു ദ്ദഷം വാക്കും
    തെല്ലൊന്നു പാകപ്പെട്ടു.

"വടിവേല്യവോ ഭവാൻ ?
 കേട്ടിട്ടുണ്ടങ്ങേപ്പററി-
യടവികളുള്ളിൽപ്പാർക്കും
 ഞങ്ങളും കുറച്ചെല്ലാം.
പാട്ടിനും കവർച്ചയ്ക്കും
 പാക്കുകിൽപ്പൊരുത്തമേ-
ആട്ടിനും ചെന്നായ്ക്കുമെ-
 ന്തന്യോന്യമാകർഷണം ?
കാതിലും കഴുത്തിലും
 കൈവയ്ക്കും നേരം കേൾപ്പൂ
മാതർതൻ ഞരക്കം ഞാൻ
 മാൺപെഴും സംഗീതമായ്;
സ്വത്തെല്ലാം പോയ്പോകവേ
 യാത്രക്കാർ വയററത്തു
മട്ടളം കൊട്ടും കൊട്ടേൻ
 മാനസം കുളിർപ്പിപ്പൂ
എന്നുമേ വിപത്തെന്നെ-
 പ്പേടിച്ചു മാറുന്നു; ഞാൻ
കണ്ണുനീർ പൊഴിക്കേണ്ട
 കാലമേ കണ്ടിട്ടില്ല.
ആനന്ദമേകാം കേൾപ്പോ-
 ർക്കങ്ങേപ്പാ, ട്ടായിക്കൊട്ടെ;
ഞാനതിൻ കടാക്ഷത്താൽ
 വേണ്ടല്ലോ മോദിക്കുവാൻ.

പാരമിന്നാശിപ്പു ഞാൻ
    കേണിടാ, മങ്ങേയ്ക്കൊന്നി-
പ്പാറയെ ദ്രവിപ്പിക്കാൻ
    പററുമോ? പാട്ടു നോക്കാം."
മായമററിമ്മട്ടോതി
    മാറിനാൻ മലിമ്ലുചൻ;
വായിപ്പാൻ തുടങ്ങിനാൻ
    വാദ്യവും വാണീദാസൻ.
കാൽമണിക്കൂറങ്ങോട്ടു-
    നീങ്ങവേ ഘട്ടം മാറീ;
ജാല്മനും സഹായരും
    സ്നാതരായ് തപ്താശ്രുവിൽ,
സ്തബ്ധരായ്, സമ്മൂഢരായ്,
    ധന്യരായ്, ശമാഢ്യരായ്,
സതപശ്ശുദ്ധാത്മാക്കളായ്,
    തന്നെത്താൻമറന്നോരായ്.
കാണമാറായീ മന്നി-
    ലേവർക്കും കണ്ണൻ പണ്ടു
വേണുവാദനം ചെയ്ത
    മോഹനം വൃന്ദാവനം. 148

VI

ഓതിനാൻ ചോരൻ വീണ്ടും-
    സാനുതാപനാ, "യങ്ങേ-

പ്പാദത്തിൽപ്പതിക്കുമി-
        പ്പാപിയെപ്പാലിക്കണേ !
സ്തേനനെസ്സദ്വൃത്തനായ്-
        ത്തീർക്കുവോരങ്ങേദ്ദിവ്യ-
ഗാനത്തിൻ ഗരിഷ്ഠമാം
        പ്രാഭവം കണ്ടല്ലോ ഞാൻ.
വഎൻകൊടുംപങ്കം ഭവാ-
        നിമ്മട്ടിലെന്താശ്ചര്യ-
മെൻ കണ്ണീരൊഴിച്ചു തേ,-
        ച്ചില്ലെന്നായ് ച്ചമച്ചല്ലോ.
ചേരുവോന്നത്രേ ന്യൂന-
        മങ്ങേയ്ക്കിദ്ദ്രവ്യോൽകരം
ചേരമാൻ ദാനംചെയ്ത-
        തമ്മഹാൻ സൽപാത്രജ്ഞൻ.
ഞാൻ, കള്ളൻ;—കവർന്നതാം
        സ്വത്തെല്ലാമിപ്പോളങ്ങേ-
ത്തേൻകിനിഞ്ഞീടും പാട്ടു
        കേട്ടു ഞാൻ തിരിച്ചേകാം.
ഇപ്പെരുംകാട്ടിന്നുള്ളോ-
        രീശനല്ലയോ ഞാനു-
മല്ലമൊന്നിഗ്ഗാനത്തി-
        നർപ്പിക്കാമെൻ സമ്മാനം.
കൊള്ളകൊണ്ടിന്നേവരെ-
        ക്കൊണ്ടോരെൻ സ്വത്തൊക്കെ ഞാൻ

DEPARTMENTAL LIBRARIES
7 DEC 1956

അല്ലൽവിട്ടടൻ നല്കാ-
　　മപ്പാട്ടിൻ മൂല്യാംശമായ്;—
അല്ലല്ല മാർഗ്ഗജ്യോതി-
　　സ്സായൊരെന്നാചാര്യനു
തെല്ലതിന്നിരിക്കട്ടേ
　　ദക്ഷിണാത്രപത്തിങ്കൽ.
ഈ വൃത്തി കൈവിട്ട ഞാ-
　　നിന്നുതൊട്ടിനിബ്ഭവൽ-
സേവകൻ, കഴൽപ്പാട്ടിൽ-
　　പ്പററിടും മണൽത്തരി."
എന്നോതിത്തനിക്കുള്ള
　　വിത്തമത്രയും നല്കീ
ധന്യനഗ്ഗാതാവിന്നു
　　തസ്കരൻ ത്യാഗൈശ്വര്യൻ.
തൻ ചാവൂരക്കാടെന്നു
　　ചിന്തിച്ചൊരഭ്രേഹത്തെ-
ത്തഞ്ചാവൂർഗ്ഗൃഹത്തിങ്ക-
　　ലെത്തിച്ചു നിർബ്ബാധമായ്.
തൻ ദന്തഹ്ഫിഡിൽമാത്രം
　　വച്ചുകൊണ്ടാ സ്വത്തെല്ലാ-
മന്തമററകിഞ്ചനർക്കാ-
　　ബ്ബുധൻ ദാനംചെയ്താൻ.
ആ വാദ്യവണ്ണം പത്തു-
　　ദിക്കിലും പരത്തിനാൻ

ഭുവിലെശ്ശരച്ചന്ദ്ര-
        നാകമാപ്പുണ്യശ്ലോകൻ,
ഗാനമേ ! ജയിപ്പൂ നീ
        തുല്യമായ് വിഹായസ്സിൽ-
ദ്ദീനരും വിത്തേശരും
        ക്രീഡിക്കും വിമാനമേ ! 176

---

൯. പടക്കിനാവ്

ഭൂലോകമൊട്ടുക്കു പടർന്നിടുന്ന
പുത്തൻ മഹായുദ്ധവിപത്തു മേന്മേൽ
ഓർത്തോർത്തു ദുഃഖിച്ചൊരു രാവിൽ ഞാനൊ-
ട്ടുറങ്ങിയെന്നാലുമുറങ്ങിയില്ല.

താരങ്ങളോടപ്പൊഴുതീവിധം ഞാൻ
സംഭാഷണംചെയ്തതുപോലെ തോന്നി;
സത്തുക്കൾ വായിപ്പതിന്നിന്നതിന്റെ
സാരത്തെയൊന്നല്പമുപന്യസിക്കാം.

"ഉഡുക്കളേ! നിങ്ങൾ വിയത്തിലിന്നു-
മുദിച്ചു മിന്നീടുവതാർക്കുവേണ്ടി?
കണ്ടൊന്നു കൊണ്ടാടിടുവാൻ നരന്നു
കണ്ണില്ല; നിങ്ങൾക്കതറിഞ്ഞുകൂടേ?

പുത്തൻവെടിക്കോപ്പുകൾ പാകിടുന്ന
പുകക്കൊടുങ്കാറ്റിനിടയ്ക്കുകൂടി
താഴത്തുനിന്നൊന്നു നഭസ്സിൽ നോക്കാൻ
താർക്ഷ്യന്നുപോലും തരമില്ലയല്ലോ.

വാനിൽക്കരേറും മൃതസൈനികർക്കു
വഴിക്കു ദീപങ്ങൾ കണക്കു നിങ്ങൾ
നീലാംബരത്തിന്റെ തമസ്സകറ്റാൻ
നില്ക്കുന്നതാവാം പുരുഹൂതനോതി.

അല്ലാതെയിപ്പോളവനിക്ക വാഴ്ക-
മത്ത്യാഹിതം കണ്ടു ചിരിപ്പതിന്നായ്
ഗോളങ്ങളേ! വന്നവരാകയില്ല
കൂടപ്പിറപ്പിൽക്കൃപയുള്ള നിങ്ങൾ.

ഹാ! നിങ്ങൾതൻ മെയ്യൊളി പണ്ടു മത്ത്യ-
രക്ഷിദ്വയംകൊണ്ടു നുകന്നിരുന്നു;
അക്കാന്തിപൂരപ്രസരത്തിലാക്ക-
മന്തഃസ്ഥമാം ധ്വാന്തമകന്നിരുന്നു.

വാനക്കരിങ്കല്ലിലജൻ നരർക്കായ്
വരച്ച യുഷ്മല്ലിപിശാസനങ്ങൾ
മുഴക്കെ വായിച്ചറിവാൻ കഴിഞ്ഞ
മൂഢങ്കലും ഭക്തി ജനിച്ചിരുന്നു.

മുനീന്ദ്രസേവ്യൻ ജഗദീശ്വരന്റെ
മുററച്ചരൽക്കല്ലുകളേവമായാൽ
തദീയഭാസ്സെങ്ങനെയെന്നു ലോകം
ത്രൈരാശികംകൊണ്ടു ഗണിച്ചിരുന്നു.

ആഗ്നേയബാണപ്പുകകൊണ്ടു മൂടാ-
ക്കമ്മെയ്യിടാൻ മാനുഷനെന്നു നെയ്തു;
അന്നംബരത്തിന്നുമിളയ്ക്കുമുള്ളോ-
രന്യോന്യസന്ദർശനമസ്തമിച്ചു.

പടക്കിനാവ്

സ്വാർത്ഥപ്രസക്ത്യാശരിതന്റെ രൂപം
സ്വദേശസേവാച്ഛലിതയ്ക്കു വായ്ക്കെ,
ആരാമമായന്നവരയ്ക്കിരുന്നോ-
രനന്ത പെട്ടെന്നസിപത്രമായി.

സാടോപമന്തഃകരണാഖ്യ പൂണ്ട
സഗർഭ്യനാഭ്യം മൃതിനല്കിടുന്നോൻ
പിന്നീടു മററുള്ളവർതൻ നിണത്താൽ-
പിപാസ തീർക്കുന്നതിലെന്തു ചിത്രം ?

ഭുജിച്ചൊടുങ്ങുന്നതുപോലെകാണ്മൂ
ഭൂദേവി തൻ പുഷ്കലപൂർവ്വപുണ്യം ;
ദൈവത്തിനായ് തീർത്ത നികേതനത്തിൽ-
ചെയ്ത്താനിരുന്നോരിയിടുന്നുവല്ലോ.

തൻ നാലുപാദങ്ങളിലൊന്നു മാത്രം
ധർമ്മത്തിനുണ്ടീക്കലിതൻ യുഗത്തിൽ ;
അതും മുറിപ്പാനസിയോങ്ങിനില്പാ-
ണന്യായമങ്ങിങ്ങധിപാധമന്മാർ.

പാവങ്ങളെക്കൊ,ന്നവർതൻ പിണത്താൽ
പ്രാസാദമുക്കിൽപ്പണിയിച്ചതിങ്കൽ
കടന്നിരിക്കും ഖലർതൻ കഴുത്തിൽ-
ക്കാലന്നുപോലും കയറില്ല വീശാൻ.

തൻകാര്യമൊന്നേ കുറിയാക്കുവോർക്കു
താരങ്ങളേ ! നിങ്ങളെയെത്ര നോക്കാം ?
അതല്ല, നോക്കീടിലുമെന്തു നേടാം,-
മന്ദാത്മവാന്മാരവരന്ധനേത്രർ.

സർവസ്വവും തൂത്തു തുടച്ചെടുത്തു
തൻകയ്യിലാക്കുന്നതിനുള്ളിൽ മോഹം
തുള്ളിത്തുളുമ്പും ജനതയ്ക്കു നിങ്ങൾ
ദൂരത്തിരിക്കുന്നതു ദുഃഖഹേതു.

അസംഖ്യമുണ്ടീയവനിക്കകത്തു-
മാനന്ദസന്ദായകമാം പദാർത്ഥം;
മണ്ണിന്നു മല്ലിട്ടു മരിച്ചിടുന്ന
മർത്ത്യന്നതൊന്നും മഹനീയമല്ല.

സംവർത്തമംഗലസ്തനിതം മുഴക്കി-
ശ്ശൃംഗങ്ങൾ മേന്മേൽ ശ്രവണം പൊടിക്കെ,
മാനത്തുലാവും കിളിതന്റെ പാട്ടിൽ
മനം കുളിക്കുന്ന മനുഷ്യനേവൻ ?

ആട്ടുന്നു ശീർഷം ചെറുതെന്നലേല്ക്കു-
മാരാമവീരുത്തുകളർത്ഥവത്തായ്;
താളം പിടിക്കുന്നു രസിച്ചു കേട്ടു
തരുക്കളും മർമ്മരകൈതവത്താൽ.

മലർന്ന പുഷ്പങ്ങൾ മനോജ്ഞതമാകും
മണം പരത്തീടുകിൽ മർത്ത്യനെന്തായ് ?
അഗന്യസ്രുദുർഗ്ഗന്ധമൊഴിഞ്ഞു മറെറാ-
ന്നവന്നു നാസാതിഥിയാവതില്ല.

പാറിപ്പറന്നങ്ങരികത്തണഞ്ഞു
പതങ്ഗയൂഥം, പരിപൂർണ്ണഭാഗ്യം,
താരിൻമുഖം ചാരുതരം മുകർന്നു
ദാമ്പത്യസമ്പൽസുഖമാർന്നിടുന്നു.

സ്തംബത്തിനേകീ, ശലഭത്തിനേകീ,
ചതുർമ്മുഖൻ, സർഗ്ഗകലാപ്രവീണൻ,
അത്യല്പമെന്നാലുമവശ്യകാമ്യ-
മരിഷ്ടമെന്തെന്നറിയാത്ത ജന്മം.

വധത്തിനെത്തും രണരാക്ഷസന്നു
വാളായ്ക്കുറേപ്പേ,രിരയായ്ക്കുറേപ്പേർ,—
ഹാ! തീർത്തു ദേവൻ നരനേയുമേവം,
ഹനിക്കുവാനും, ഹതരാകുവാനും.

പുമാന്റെ ജന്മത്തെ വെടിഞ്ഞു മർത്ത്യൻ
പുല്ലായ്പ്പിറന്നാൽ മതിയായിരുന്നു,
ഭ്രാതാക്കൾ തന്മെയ്ച്ചുടുചോരകൊണ്ടു
പാണിദ്വയം പങ്കിലമാക്കിടാതെ.

പൈതങ്ങളെപ്പെററു വളർത്തി മേന്മേൽ
പ്രാണൻ ഹരിക്കുന്ന പടക്കളത്തിൽ ;
വൻകപ്പലേറെപ്പണിചെയ്തതെല്ലാം
വാരാശിയിൽത്തള്ളി മറച്ചിടുന്നു ;

പൊട്ടിച്ചു കമ്പം പലമട്ടിൽ നീളെ-
പ്പോരിന്നു പൂരം പൊടിപാററിടുന്നു;
ക്രീഡയ്ക്കു മണ്ണുണ്ട പിടിച്ചുടയ്ക്കും
കിടാങ്ങളും മന്നതുമിന്നഭിന്നർ ! (യുഗ്മകം)

മനുഷ്യർതൻ മാരണസക്തികണ്ടു
മന്നപ്പൊഴപ്പോൾ വിറകൊണ്ടിടുന്നു ;
തനൂജവാത്സല്യഭരത്തിൽ വീണ്ടും
തന്നുൽക്കടക്രോധമടക്കിടുന്നു.

കല്ലോലരമാരോന്നുഴറുന്നു ഭ്രവാം
ഖലാലയത്തെക്കബളീകരിക്കാൻ,
വരട്ടെയെന്നാഴി തടുക്കമൂലം
വാങ്ങുന്നു പിന്നോട്ടു മിനിട്ടുതോറും.

ഝല്ലാഗ്രഹത്തിന്നൊഴിയാത്ത പോരാ-
മീ നാരകത്തിബ്ഭയമെന്നു തീരും ?
രാഷ്ട്രത്തെ രാഷ്ട്രം കഴലാൽച്ചവിട്ടും
രക്ഷഃക്രിയയ്ക്കെന്നു വിരാമമുണ്ടാം ?

032D
176557

032:1M77:14
UNIVERSITY LIBRARY
25 Oct. 1956

പരസ്വലുബ്ധൻ നര,നെന്തു തന്റെ
പാപിഷ്ഠമാം വൃത്തി പരിത്യജിക്കും ;
ക്രൂരകൊലയ്ക്കും കഴവേററമുണ്ട
കുറേക്കഴിഞ്ഞെതന്നവനെന്നു തോന്നും ?

അന്നേ വസിക്കാനുതകൂ ധരിത്രി ;-
യന്നേ വരൂ മർത്ത്യനു ശാപമോക്ഷം ;
അതേവരയ്ക്കുള്ളൊരു നേട്ടമെല്ലാ-
മാകാലഹമേർത്ത്യാപമമർത്ഥശൂന്യം.

ഉഡുക്കളേ! ഏത്തടമൊന്നു നിങ്ങൾ-
ക്കുണ്ടെങ്കിലല്പം മിഴിനീർ പൊഴിപ്പിൻ ;
തികച്ചുമിന്നാഴിയിലെക്കൊടുമ്പോർ-
ത്തീ കെട്ടിടാൻ മററൊരു മാർഗ്ഗമില്ല.

അല്ലെങ്കിലംഭോധിസരസ്സിലേവ-
മാവിർഭവിച്ചോരു ധരാരവിന്ദം
ഇത്രയ്ക്കു കീടങ്ങൾ നിറഞ്ഞു മേലി-
ലിരിപ്പതെന്തി,ന്നതിലാണ്ടുപോട്ടെ, ”

ഈ രോദനം കേട്ടു ചിരിച്ചു നിങ്ങ,
ളൃക്ഷങ്ങളേ ! സസ്മിതമെന്തുചൊല്വൂ ?
അഹോ ! ധരിക്കെച്ചരിതാർത്ഥനായ് ഞാ-
നാൽപ്പാസമേകുന്ന ഭവന്നിദേശം.

"ആദ്യം മുതൽക്കുള്ളവനീചരിത്ര-
മാലോകനംചെയ്യവരാണു ഞങ്ങൾ;
എന്തിന്നു മാഴ്കുന്നതു വത്സ! പാഴി-
ലെല്ലാം ശരിപ്പെട്ടു വരും ക്രമത്തിൽ.

സാമ്രാജ്യനീപ്പോളകളെത്രയെത്ര
തകർന്നു കാലപ്പുഴയിങ്കൽ മുങ്ങി!
മദിച്ച മർത്ത്യാശരെത്രയെത്ര
മണ്ണോടു മണ്ണായ് മറയത്തു മാഞ്ഞു!!

പിശാചസംഘം ചുടലക്കളത്തിൽ
ബീഭത്സനൃത്തം തുടരുന്ന രാവും
നശിച്ചുപോകുന്നതു നന്മയെല്ലാം
നൽപ്പൊന്നുഷസ്സിൻ സവിധത്തിലല്ലീ?

അത്യന്തമാപത്തിലുമുണ്ടു നിങ്ങൾ-
ക്കാശാങ്കുരത്തിന്നവകാശമെന്നായ്
എത്യുഗ്രമായുള്ള കറുത്തവാവി-
ന്നിരുട്ടിലും ഞങ്ങളുദിച്ചുരയ്പൂ.

പൊന്നല്ല മിന്നുന്ന പദാർത്ഥമെല്ലാം;
പോരെന്നുമീമട്ടിനു പോയിടേണ്ടു;
ആരെന്തിടയ്ക്കുങ്ങനെ നേടിയാലു-
മററത്തിലൊന്നേ വിജയിക്കു—ധർമ്മം.

ധർമ്മം പിടിക്കുന്ന ജയക്കൊടിക്കേ
താഴാതെ വാനത്തു പറന്നിടാവൂ;
അപ്പാഠമാരും ശരിയായ്പ്പഠിക്കാ-
നായീടുമിദ്ദൈവപരീക്ഷ പക്ഷേ.

അഹിംസയെന്നാലതൊരാൾക്കു മാത്ര-
മാചര്യമായുള്ളൊരു ധർമ്മമല്ല;
കഴുത്തറുക്കാൻ ഖലനെത്തിടുമ്പോൾ-
കൈകെട്ടിനിന്നാൽക്കഥ തീർന്നുപോകും.

സ്വാതന്ത്ര്യമാം വായു ചിലർക്കുമാത്രം
ശ്വസിക്കുവാനുള്ളൊരു വസ്തുവല്ല;
മഹീതലം തീർത്തു വിശ്വശില്പി
മല്ലന്റെ വാസത്തിനു മാത്രമല്ല;

ഇത്യാദി തത്വം നിലനിർത്തിവേണ-
മിനിപ്പുലർത്തേണ്ടതു രാജ്യതന്ത്രം;
അല്ലെങ്കിൽ വീണ്ടും ചില ഗോഷ്ടികാട്ടി-
യാപത്തിൽ വീഴാ,മഴലാർന്നു കേഴാം. (യുഗ്മകം)

മനുഷ്യനിന്നും ശിശുവാ,ണവന്റെ
മനസ്സിനാൽ മർക്കടനിർവ്വിശേഷൻ ;
ലക്ഷോപലക്ഷം ശതകം കഴിഞ്ഞു
ലക്ഷ്യത്തെ നോക്കാനവനക്ഷി നേട്ടു.

മാറാതെ നിന്നീടുമതേവരെയ്ക്കും
മല്ലെന്ന വൈവസ്വതദീർഘസത്രം ;
വിവേകമില്ലാത്ത നരന്നു വായ്ക്കും
വിഭൂതിയും ചാമ്പലുമൊന്നുതന്നെ.

അന്നന്നു ജീവിപ്പവരാമഹത്ത്-
മടക്കുവാൻ വേണ്ടതു ചെയ്തിടാഞ്ഞാൽ
സംവർത്തകാലം വരെയും മുറയ്ക്കാ-
സ്സത്രം നടക്കും ; സകലം നശിക്കും.

ഉറങ്ങു പോയ് വത്സ ! മനുഷ്യജാതി-
ക്കുദ്വേലമാം ശർമ്മമുയർന്നിടട്ടെ ;
ഇളയ്ക്കുമക്ഷയ്യശമോദയത്താ-
ലീയാമനസ്യം സുഖമായ് വരട്ടെ.”

പ്രചണ്ഡമാമിപ്രളയത്തിൽനിന്നും
ഭ്രാതാക്കളെ ! നാം കരയേറിടുമ്പോൾ
പീരങ്കി ശേഷിപ്പതുകൊണ്ടു പോരാം
പിശാചിനെക്കൊന്നു കഴിച്ചുമൂടാം.

ഉറങ്ങിയാൽ നല്ല കിനാക്കളായു-
മുണർന്നിരുന്നാൽക്കവനങ്ങളായും
നമ്മെസ്സുഖിപ്പിച്ചു നഭസ്സിൽ മിന്നും
നക്ഷത്രവൃന്ദത്തെ നമസ്കരിക്കാം.

---

൧൨. പുരോഗതി

ഉറക്കം മതി ; ചങ്ങാതി !—യത്ഥാനം ചെയ്യിടാമിനി ;
എഴനേററിട്ടു വേണ്ടേ നാ—മെങ്ങോട്ടും സഞ്ചരിക്കുവാൻ ?
നില്ക്കുമീനില്പിൽ നില്ക്കാതെ-നീങ്ങി മുന്നോട്ടു പോയിടാം ;
പിടിച്ചു തള്ളുമല്ലെങ്കിൽ—പ്പിന്നിൽനിന്നു വരുന്നവർ.
പറന്നിടേണ്ട പക്ഷേ നാം—ചകലോന്നെപ്പിടിക്കുവാൻ ;
എടുത്തു ചാട്ടക്കാരൻെറ—യെല്ലൊടിച്ചേ വിട്ടു വിധി.
വിപ്ലവംകൊണ്ടു നേടുന്ന—വിജയം ക്ഷണഭങ്ഗുരം ;
അമൃതായ്ക്കാഴ്ചയിൽത്തോന്നു-മതു നഞ്ഞാണശിക്കുകിൽ.
'ചത്തുംകൊന്നു' മടക്കേണ്ട ;—സാമം സവ്സചവും തരും.
ഏവൻ കുടിക്കും ദാഹിച്ചാ—ലെരിതീമലതൻ ദ്രവം ?
പയ്യെപ്പോവോർക്കണഞ്ഞീടാം—പ്രാപ്യസ്ഥാനമതിദ്രുതം,
സങ്കല്പദാർഢ്യമുണ്ടെങ്കിൽ—സതതോദ്യോഗശീലവും.
തലയെത്രയ്ക്കുയർന്നാലും—തറയിൽക്കാലുറയ്ക്കണം ;
വൃക്ഷമെത്ര വളർന്നാലും—വേരററാൽ വീണുതന്നെപോം.
പരക്കംപാച്ചിൽകൊണ്ടുള്ള—ഫലം കാലിന്നു നൊമ്പലം ;
ഏകാഗ്രമാകണം ചിത്ത—മങ്കിലേ നന്മ വന്നിടൂ,
അങ്ങിങ്ങെത്രയുഴന്നാലു—മാക്കും കിട്ടാത്തതാം നിധി
താഴ്ത്തിക്കിളയ്ക്കുകിൽക്കാണാം—തൻപറമ്പിൽക്കിടപ്പു
തായ്.

ഒക്കെയും തൊട്ടു നോക്കീട്ടു—മുറയ്ക്കില്ലൊന്നിലും പിടി ;
വ്യത്ഥമിമ്മട്ടിൽ നാം പോക്കും—വിദ്യാന്നിടവഴിപ്പിണം.

മറക്കണം നാം മുക്കാലും—മറേറക്കാലോർമ്മവയ്ക്കുവാൻ ;
അതിഭാരത്തിനാൽ വണ്ടി—ക്കച്ചുതണ്ടു മുറിഞ്ഞുപോം.
എണ്ണമററുള്ള താരങ്ങ—ളിരുണ്ടോരിരവേന്തവേ,
വിവസ്വാനേകനാൽ ധന്യം—വെളിച്ചം വാച്ചിടും പകൽ
വിത്തുമാത്രം നിലത്തിങ്കൽ—വിതച്ചാലെന്തു കാൎയ്യമായ് ?
വിളവിന്നാശയുണ്ടെങ്കിൽ—വേണം കളപറിക്കലും.
വലിച്ചുവാരിത്തിന്നീടിൽ—വളർത്താം വ്യാധിയേവനും ;
അല്പാഹാരം ഭുജിച്ചീടി—ലങ്ഗം പുഷ്ടിപ്പെടുത്തിടാം.
പത്തുസൈക്കിളോടിക്കാൻ-പടുക്കൾക്കും പ്രയാസമാം;
ബാണംകണക്കെ പായിക്കാൻ-ബാലന്മാരും വിചക്ഷണർ.
അന്തഃകരണമാം ക്ഷേത്ര—മത്യന്തം ശൂന്യമാകുകിൽ
അന്യക്ഷേത്രപ്രയാണംകൊ-ണ്ടാർക്കെങ്ങെന്തെത്രനേടിടാം ?
എത്രയ്ക്കു കൈവിടാം തൃഷ്ണ-യത്രയ്ക്കു ചരിതാൎത്ഥർ നാം ;
കടം ദുരാശ മർത്ത്യക്ക്—ക്കടമില്ലായ്കതാൻ ധനം.
വേദത്തിൻ പൊരുളെന്തെന്ന—വെറുതേ തിരയേണ്ട നാം ;
അതു രണ്ടക്ഷരത്തിങ്ക—ലടങ്ങുന്ന ശമം—ശമം.
ലഗാൻ പിടിക്കയും വേണം ;—ചാട്ടയും കയ്യിലേന്തണം ;
അല്ലാതെയുള്ള സാദിക്കേ—തശ്വാരോഹണചാതുരി ?
ഓടിക്കിതച്ചിടാതെയു—മൊച്ചിൻമട്ടിഴയാതെയും
ചെല്ലു മുന്നോട്ടു ചങ്ങാതി!—ജയലക്ഷ്മിയെ വേൾക്കുവാൻ.

[20

൧൧. സമരാഗ്നി

ഒന്നിനൊന്നാളിപ്പടർ-
നൂക്കിൽപ്പാഞ്ഞെരിഞ്ഞൂഴി
തിന്നു തിന്നൊടുക്കുന്നു-
നിഷ്ഠുരൻ യുദ്ധാനലൻ.
ധൂമത്താലാക്രാന്തമാം
വ്യോമമണ്ഡലം തുലോം
ശ്യാമമായ്, കോപം വാച്ച
ദേവർതൻ മുഖംപോലെ.
ഹവ്യത്തെ പ്രതീക്ഷിക്കു-
മായവർക്കീയഗ്നിപോയ്-
നവ്യമാം നൃമാംസത്തിൻ
ദുർഗന്ധം സമർപ്പിപ്പൂ.
ദ്യോവിലെത്താരങ്ങൾക്കു
വന്നുപോയ് പദഭ്രംശം;
ഭൂവിലീയുല്പാതമി-
മല്ലെങ്കിൽ സംഭാവ്യമോ?
സ്ഫുഷ്ടമിക്കൊടുംതീയിൽ
നിന്നെഴും സ്ഫുലിംഗങ്ങ-
ളൊട്ടുമിന്നിയും കെട്ടു-
നില്ക്കുന്നു തൽസ്ഥാനത്തിൽ.
ആരു പണ്ടാർജ്ജിച്ചതാം
പുണ്യത്തിൻ ബലത്താലോ
ഭാരതം ഭസ്മീഭൂത-
മായിട്ടില്ലിന്നോളവും.

എങ്കിലും തൽബന്ധുവാം
ദാരിദ്ര്യക്ഷേപമാനിലൻ
മുൻകൂട്ടിവന്നിൻഡ്യയെ-
ക്കീഴ്മേലായ് മറിക്കുന്നു.
ഹാ! സരിത്തെത്താത്തതാം
പാഴ്മണൽക്കാടീനാട്ടു,
ദേശാന്തരാനേയമാം
ദ്രവ്യത്തിന്നഭാവത്തിൽ.
പ്രധനം, നിധനം :— ഈ
രണ്ടുമട്ടല്ലാതെ നാ-
മിതരം കാണ്മീലല്ലോ
ധരയിൽ ധനമൊന്നും.
കാഞ്ഞെങ്ങും വരണ്ടുപോയ്
നമ്മൾതൻ രാജ്യം ; ചെറു
പാഞ്ഞടർത്തീവന്നൊന്നു
നക്കിയാൽ—ശാന്തം പാപം !
ഈ മുഹൂർത്തത്തിങ്കലും
കാണുന്നീലല്ലോ നമ്മൾ
ഭീമമാമസ്മദ്വിപ-
ത്തെന്തെന്നുമെത്രയെന്നും.
മാത്രയും വൈകീടാതെ
തന്നിർവാപണത്തിന്നു
പാത്രത്തിൽ നീരും നിറ-
ച്ചല്ലയോ നില്ക്കേണ്ടു നാം ?

ഏച്ചേഴെണ്ണായിരം ലക്ഷം
　　കൈകരംതൻ നീർദ്ധാരയാ-
ലേത്തുമട്ടെഴും തീയ്യും
　　ശാന്തമായ്ത്തീർന്നേ പററൂ.
ഇപ്പോഴോ തമ്മിൽത്തല്ലി-
　　ച്ചത്തൊടുങ്ങുവാൻ കാല-
മിപ്പോഴോ പെററമ്മയെ
　　ദ്രോഹിപ്പാനവസരം ?
തറവാടാകെത്തട്ടി
　　നിരത്തിയതിൽപ്പെട്ടും
മരവും കല്ലും വെട്ടി-
　　പ്പങ്കുവെയ്ക്കേണ്ടും ഘട്ടം ?
ശത്രുക്കൾ മുററത്തിങ്കൽ
　　ബോമ്പിട്ടും നേരത്തിങ്ക-
ലിത്തരം ചിത്തഭ്രമം
　　നമ്മളെബ്ബാധിച്ചാലോ?
ഞങ്ങടം തന്നനൈകമ-
　　ത്യോന്മാദം ശമിപ്പിപ്പാ-
നങ്ങെയ്ക്കുമാവില്ലെന്നോ
　　ഹാ ! ഹരേ! ധന്വന്തരേ ?
ധാരയ്ക്കു തക്രം തെല്ലു-
　　മില്ലെന്നു വന്നോ ? ഭവൽ-
ക്ഷീരസാഗരം കൂടി-
　　യിത്തീയിൽ വററിപ്പോയോ ? 36

---

൧൨. ബാഷ്പാഞ്ജലി

I

സഖാക്കളേ ! മേൽക്കരണീയമെന്തു ?
സാഹിത്യസാംയാത്രികരായ നമ്മൾ
അനാഥരായ് ; വിട്ടുപിരിഞ്ഞു നമ്മെ-
"യപ്പൻ" നൃപൻ, നമ്മുടെ കർണ്ണധാരൻ.

കലാലതോപഘ്നതരുപ്രകാണ്ഡം
കാലക്കൊടുംകാററിലധഃപതിച്ചു ;
ചരിത്രരത്നോൽകരമുദ്ധരിക്കും
സമർത്ഥഹസ്തം ചലിക്കാതെയായി ;

നിശ്ശബ്ദമായീ മൊഴിമാതൃനിത്യ-
നൃത്തം തകർക്കും രസനാഗ്രരംഗം ;
ഒടിഞ്ഞുപോയീ മഷിയാം മരന്ദ-
മൂറുന്ന പൊൻതൂലിക തുണ്ടുതുണ്ടായ് ;

വന്നെത്തി ഹാ ! നമ്മുടെ കൈരളിക്കു
വൈധവ്യ ദുഃഖം, വളരെക്കഠോരം ;
എന്നേക്കുമായ്ത്തന്നെ മറഞ്ഞു നാട്ടി-
ന്നിരുട്ടകററീടിന ഭാനുബിംബം.

ഒന്നല്ല, പത്ത,ല്ലൊരുനൂറുമട്ടി-
ലുദാത്തമായുള്ള സപര്യമൂലം
തന്മാതൃഭൂതർപ്പണമാചരിച്ച
സർവ്വോത്തമൻ--- താപമിതാർ സഹിക്കും ?

മരിച്ചുപോയോരെ നിനച്ചു മൎത്ത്യൻ
മാലാൎന്നിടൊല്ലെന്നഭിയുക്തർ ചൊല്‌വൂ ;
ശ്രദ്ധേയമാണമ്മൊഴി ; നമ്മൾ പക്ഷേ
തേങ്ങിക്കരഞ്ഞാലതു തെററുമല്ല.

വെളിക്കു നിന്നീടുക ; നിന്നെ ഞങ്ങൾ
വേദാന്തമേ ! പിന്നെ വിളിച്ചുകൊള്ളാം.
ബാഷ്പാംബു പായുന്നളവല്ല കാലം
പ്രപഞ്ചതത്ത്വസ്ഥിതി ചൎച്ചചെയ്യാൻ.

ആലംബമറേറാർ, ഹതഭാഗ്യർ, ഞങ്ങ-
ളശ്രുക്കൾ വാൎത്താലതിലാക്കു നഷ്ടം ?
ആ വാരി നെഞ്ഞത്തൊഴുകീട്ടു വേണ-
മാധിക്കൊടുംതീ ചെറുതൊന്നടങ്ങാൻ.

കവൎന്ന കാലം കനിവേന്തുമെന്നോ,
കൈവിട്ടുപോയ്പ്പോയതു കിട്ടുമെന്നോ,
ഓൎത്തിക്കൊണ്ടല്ലുഴലുന്നിടുന്ന-
താശം കരൾത്തട്ടു തകൎന്നിടുമ്പോൾ.

ആ മാതൃഭാഷാപരിപോഷണോൽക,-
നാഗ്ലാദ്യ സിംഹാസന ചക്രവൎത്തി,
ആസ്സൽഗ്ഗുണൈകായതനാന്തരംഗ,-
നാകർമ്മയോഗിവ്രജമാൎഗ്ഗദൎശി ;

ആ ലോകസംസേവനജാഗരൂക,-
നാവിശ്വവിസ്മാപനസാധുചര്യൻ,
ആരാധ്യനല്ലാതെയിരുന്നതാർക്കാ-
ണാമാടഭൂപാന്വയസാഗരേന്ദു !   (യുഗ്മകം)

ചടച്ചൊരമ്മേനിയിലിപ്രപഞ്ചം
സമസ്തമുൾക്കൊൾവൊരു ഉള്ളത്തിരുന്നു ;
അന്യാർത്ഥമായുള്ളൊരു ജീവിതത്തി-
ന്നാനന്ദമെന്തെന്നതറിഞ്ഞിരുന്നു.

കാവ്യാധ്വഗന്മാർക്കൊരുപോലെയാർത്തൻ-
കാരുണ്യഗംഗാനദി കാമമേകി ;
കടാക്ഷലക്ഷ്മീകമനീയമാം തൽ-
കളേബരം ഹന്ത! കഥാവശേഷം.

പാരിങ്കലേതുത്തമവസ്തുവിന്നും
പാര്യന്തികന്യൂനതയൊന്നിരിപ്പൂ ;
അഭാവകാലത്തിലതാർക്കുമുള്ളി-
ലസഹ്യമാമാർത്തിയന്നാർക്കുമല്ലോ.

സർവസ്വവും ഞങ്ങളെ വിട്ടുപോയി ;
സാഹിത്യസാമ്രാജ്യമനീശമായി ;
ശൂന്യത്വമെങ്ങും തുറുകൺ മിഴിച്ചു ;
ശോചിക്കയെ പോംവഴിയുള്ളു താനും.

ആക്രന്ദനം കൊണ്ടുമൊരല്പമുണ്ടാ-
മാശ്വാസമെന്നോർപ്പതബദ്ധമല്ല;
അണയ്ക്കുനിത്താൻ കഴിയാത്ത വെള്ള-
മങ്ങേപ്പുറം പായുകതന്നെവേണം.

"അന്നന്നു സന്ധ്യയ്ക്കു മറഞ്ഞിടുന്നോ-
രക്കൻ തിരിച്ചെത്തുമടുത്തനാളിൽ."
എന്നുള്ള വിശ്വാസമബദ്ധമെങ്കി-
ലേവക്കു ചേതസ്സിടിവേല്ക്കയില്ല!

തൻ പ്രാതിനിധ്യം നിശയിൽ ദിനേശൻ
താരാവൃതൻ ചന്ദ്രനു നൽകിയാലും
സംതൃപ്തി തെല്ലില്ലതിലെന്നു ചൊല്വൂ.
താന്തങ്ങളാകുന്ന ചരാചരങ്ങൾ.

വീക്ഷിപ്പതില്ലങ്ങനെ നമ്മൾ വീണ്ടും
വിയുക്തമാം ബന്ധുസുഹൃൽഗണത്തെ;
പരേതർതൻ ഭാവി കഥിപ്പതിങ്കൽ
പ്രവാചകന്മാർ പല പക്ഷമുള്ളോർ.

കടന്നുപോകുന്നവരപ്പുറത്തേ -
ക്കാര്യങ്ങളൊട്ടൊട്ടറിയുന്നു; പക്ഷേ,
തിരിച്ചുവന്നക്കഥ നമ്മൊടാരും
തീർത്തോതുവാനത്സുകരാവതില്ല.

എന്നാലുമൊന്നുണ്ടനമാനസിദ്ധ-
മേതോ മഹാശക്തി, സമഗ്രസിദ്ധി,
പേർത്തും പുലർത്തുന്നതുകൊണ്ടുതാനി-
ബ്രഹ്മാണ്ഡഭാണ്ഡം പുലരുന്നതെന്നായ്",

പേരെന്തുമാകട്ടെയതിന്നു; പേരിൻ-
ഭേദത്തിനാൽ വസ്തുവിനില്ല മാററം;
അതിൻ മഹസ്സാണവലംബമാക്ക-
മന്തർഭ്രമധ്വാന്തമകന്നു പോകാൻ.

പ്രയോജനത്തെക്കരുതാതെയാരും
പ്രവൃത്തിചെയ്യുന്നവരല്ലയെങ്കിൽ,
ഉദ്ദേശമററോരു പണിക്കു ദൈവ-
മൊരുങ്ങുകില്ലെന്നതുമൂഹ്യമല്ലേ ?

കൊളുത്തിടുന്നുണ്ടു വിളക്കൊരേടം;
കെടുത്തിടുന്നുണ്ടതു മറെറാരേടം;
ആവശ്യമാവാമതു രണ്ടുമീശ-
നാങ്ങേപ്പുറത്തുള്ളൊരരങ്ങൊരുക്കാൻ.

ഒച്ചിൻകണക്കേകനിഴഞ്ഞു പോക-
മോട്ടം ശരത്തിൻപടി മറെറാരുത്തൻ;
ചെന്നെത്തുമമ്മാതിരി രണ്ടുപേരും
ജഗൽപിതാവിൻ ചരണാംബുജത്തിൽ.

ന്യാസത്തെയെല്ലാ,മൂടമസ്ഥനെത്തി-
ച്ചോദിച്ചിടുമ്പോൾത്തിരിയെക്കൊടുക്കാൻ ;
തീവണ്ടിയിൽച്ചെന്നൊരുമിച്ചുകൂടാം,
സ്റ്റേഷൻ വരുമ്പോൾപ്പിരിവാൻ ക്രമത്തിൽ.

വാസസ്സു മാറുന്നവരെന്നു ചൊല്ലാം ;
വാസാന്തരം വാഴ്പവരെന്നുരയ്ക്കാം ;
സൌധത്തിൽ നിന്നുത്ഥിതരെന്നുമോതാം:—
സൂക്ഷ്മം നിനച്ചാൽ മൃതർ ഭാഗ്യവാന്മാർ.

സോപാനമോരോന്നു കടന്നിയീശൻ
സവിധമെത്തിപ്പുളവധൂഗക്കായ്
ഇടയ്ക്കു നല്കുന്നൊരു വിശ്രമത്തി-
ന്നേകുന്ന മർത്ത്യൻ മൃതിയെന്ന നാമം.

ഗർഭസ്ഥമാകും ശിശു ജാതമായാൽ-
ക്കേഴുന്നതിൻ കാരണമാരറിഞ്ഞു !
രോദിച്ചിടാമായതു നഷ്ടബന്ധു-
ലോകങ്ങൾതൻ ഭിന്നത കാൺകമൂലം.

"എനിക്കു ദൈവം വധശിക്ഷ നല്കി-
യിന്നിത്തുറുങ്കിന്നകമിട്ടു പൂട്ടി ;
എന്നാണു തുക്കെന്നതു ഞാനറഞ്ഞീ-"
ലെന്നായിടാമശ്ശിശുവിൻ പ്രലാപം.

വൃഥാ നിനക്കിബ്ഭയമെൻ കിടാവേ !
വേഗത്തിലോ, ചെററു ദിനങ്ങൾ ചെന്നോ,
വിലങ്ങുവെച്ചോരതു വെട്ടിവീഴ്ത്തി
വെളിക്കു നീ പോവതിനാജ്ഞ നല്കും.

നീയെന്നു ചൊല്ലുന്നതു നിൻെറ ജീവൻ ;
നിൻ ജെയ്‌ലതുൾക്കൊൾവൊരു നിൻ ശരീരം ;
തുറുങ്കൊരാൾക്കും മഹിയല്ലതോതാൻ
ധ്രുവാദ്യരാം സാക്ഷികൾ വാനിൽ നില്പൂ.

മങ്ങിക്കെടാത്തോരു മണിപ്രദീപം
മർത്ത്യൻെറ പാത്രത്തു കൊളുത്തിടുന്നോൻ
മഹാൻ; ചിരഞ്ജീവി, യവൻെറ മുന്നിൽ
മരിച്ചു വീഴുന്നതു മൃത്യു തന്നെ.

ദുരാശയാൽത്തൽക്കണാപം ഭുജിക്കും
ധൂമധ്വജം വീണു കെടും ക്ഷണത്തിൽ;
ശശ്വദ്യശഃസ്തംഭമുയർന്നു മിന്നും
തജ്ജീവിതാഖ്യാധ്വരചാരുയൂപം.

അമ്മട്ടിലുള്ളോരമലാപദാന-
‘നപ്പൻ’, സമാസാദിതസർവകാമൻ,
ബ്രഹ്മീഭവിക്കാം, മഥവാ മഹത്താം
പൃഥ്വീസപര്യയ്ക്കിനിയും ജനിക്കാം.

അതെന്തുമാകട്ടെ; നമുക്കു മേലു-
മാചാര്യ, നദ്ധ്യക്ഷ, നധീശ, നപ്പൻ;
അനന്തകല്യാണപരമ്പരാപ്തി-
ക്കത്തമ്പുരാൻതൻ സ്മൃതിയൊന്നു പോരും.

ആസ്സൂരിതൻ വാങ്മയമിങ്ങിരിക്കെ,-
യാപ്പുണ്യവാൻതൻ ചരിതം ലസിക്കെ,
സമ്പത്തിലെന്തൊന്നു നമുക്കു പോയീ ?
സാരാംശമെന്തൊന്നു ഹരിച്ചു കാലം ?

താദൃഗ്വിധന്മാരെ നിനച്ചു നമ്മൾ
സന്താപമെന്തുന്നതു ധർമ്മമല്ല;
ദുഃഖൗഘനിർല്ലുഠമർത്ത്യജന്മം
ത്തുലച്ചു ജീവിച്ചിടുമാത്മഘാതി.

വേദാന്തമേ ! നീയരികത്തു വന്നാൽ
വേറിട്ടുമോരോന്നിത്തുമട്ടിലോത്തും ;
അതിന്നു കേൾപ്പാൻ ചെവിയില്ല ഞങ്ങൾ-
ക്കർത്ഥം ഗ്രഹിപ്പാൻ മതി തീരെയില്ല.

ക്ഷമിക്ക ; ചെറ്റൊന്നിവ രണ്ടുമീശൻ
ശരിപ്പെടുത്തട്ടെ ; യതേവരസ്സും
തടഞ്ഞിടൊല്ലേ ! തൊഴുകൈ നിനക്കു;
തൽകാലമല്പം കരയട്ടെ ഞങ്ങൾ.

൫൩. മഞ്ഞുതുള്ളികൾ

I

പോകൊല്ലേ! പോകൊല്ലേ! ഞങ്ങളെക്കൈവിട്ടു
        നാകത്തേക്കെൻ മഞ്ഞുതുള്ളികളേ!
പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്നു
        കൽമുടി ചൂടിന റാണിമാരായ്;
സൂനങ്ങൾ നിങ്ങളാലേന്തുന്നു നിർഭര-
        മാനന്ദബാഷ്പവും പുഞ്ചിരിയും.
താണവർതൻപേരിലിത്രമേലാർദ്രത
        കാണുവാനെങ്ങുണ്ടു മന്നിൽ വേറേ?
രാവിൽ വന്നിങ്ങനെ മേളിക്കും നിങ്ങൾതാൻ
        ദൈവത്തിൻ കാരുണ്യകന്ദളങ്ങൾ;
അത്രമേൽ ശോഭിതങ്ങ,ളത്രമേൽ ശീതങ്ങ,-
        ളത്രമേൽപ്പൂതങ്ങൾ നിങ്ങളെല്ലാം.

II

എന്തിത്ര പെട്ടെന്നു പോകുന്നു? ഞങ്ങൾക്കു
        വന്ധ്യങ്ങളാക്കൊല്ലേ കണ്മിഴികൾ!
നിദ്രയിലാണ്ടുപോയ് രാവെല്ലാം; തന്മൂല-
        മൊത്തില്ല നേരത്തേ വന്നുചേരാൻ.
ആതിഥ്യം നൽകുവാൻ വൈകിയതോർത്തുള്ളി-
        ലാധിയുണ്ടേറവു, മിപ്പൊഴുതോ,
ആഗതർ ഞങ്ങളാ, യർഘ്യങ്ങൾ നിങ്ങളാ,-
        യാതിഥേയങ്ങളായ് പുല്ലും പൂവും.
ചൂഴവേ നിങ്ങൾതൻ സ്വച്ഛമാം മെയ്യൊളി-
        യേഴുനിറങ്ങളിൽ വീശിടുന്നു.

ഈ നവമുത്തുകളേതൊരു ദേവത
    വാനിൽനിന്നിങ്ങനെ വാരിത്തൂകി?
ഈ മഞ്ജുഭൂഷകളേതൊരു വിൺമങ്ക
    ഭൂമിക്കു പുത്തനായ്ക്കോർത്തു ചാർത്തി ?
കണ്ണിനാലീനിധി കാണുവോക്കെന്തിന്നു
    കിന്നരനാഥൻതൻ ക്ഷുദ്രവിത്തം ?

III

എന്തോ പുലമ്പിനേൻ ! പോകാതെ നിങ്ങൾക്കു
    ഹന്ത ! മററില്ലല്ലോ മാർഗ്ഗമൊന്നും.
നല്ലവക്കായുസ്സതെല്ലു താനെന്നുള്ള
    ചൊല്ലിന്നു കില്ലെന്നുമില്ല തന്നെ.
ഹാഹാ ! തുടങ്ങി തന്നേകാന്ത ദിഗ്ജയ-
    മാകാശവീഥിയിലംശുമാലി.
താരകളെന്നൊരു വജ്ജ്രത്തെയങ്ങെങ്ങും
    ദൂരത്തുകൂടിയും കാണ്മീലല്ലോ.
മററുള്ള തേജസ്സിൻ നിശ്ശേഷഗ്രാസം താൻ
    മുററുമദ്ദേവൻതൻ ലക്ഷ്യമെന്നോ ?
ആ രത്നസഞ്ചയം പ്രത്യൂഷകാലത്തി-
    ലാരിത്ര ധൃഷ്ടനായ്ക്കട്ടെടുത്തു ?
വാനത്തിൽ രാവല്ല, വാസരാരംഭം താൻ
    സ്തേനർക്കു സഞ്ചാരവേളയെന്നോ ?
ആരുടെ പൂജയ്ക്കു വാനവർ പെട്ടെന്ന-
    ത്താരകളൊക്കെയും ശേഖരിച്ചു ?

ആയവതൻ പ്രതിബിംബങ്ങളാവാമി-
ശ്ശ്രീയെഴും പ്രാലേയകന്ദളങ്ങൾ !
മായുന്നു രണ്ടുമങ്ങൊന്നിച്ചു ; ജീവിതം
ഛായയ്ക്കു രൂപംവിട്ടെന്തു പിന്നെ ?

IV

ന്യായമോ ഭാസ്കര ! ദിവ്യനാമങ്ങേയ്ക്കു-
മീയേകശാസകസ്ഥാനലോഭം ?
ആഹാരമാകുകയാണല്ലോ ചെയ്‌വതീ-
നീഹാരബിന്ദുക്കളങ്ങേയ്ക്കിപ്പോൾ,
അത്യല്പമാകുമിത്തൂമഞ്ഞുതുള്ളികൊ-
ണ്ടെത്രമേലങ്ങേയ്ക്കു ദാഹം തീരും ?
വാരിധിയാകവേ വററിച്ചു നോക്കീട്ടു,
പോരെങ്കിലിങ്ങോട്ടു പോന്നാൽപ്പോരേ ?
ക്രൂരനെന്നായിടാം പണ്ടങ്ങേയ്ക്കിട്ട പേർ ;
സൂരനെന്നിന്നതു മാറിപ്പോയി !
ചോദിക്കാനാരുമില്ലെന്നുണ്ടോ നിർണ്ണയം ?
സാധുക്കൾക്കാലംബം സർവ്വശക്തൻ.
പാഥസ്സിൻ ബിന്ദുക്കൾ ഭക്ഷിക്കുമങ്ങയെ-
പ്പാഥോധി ഭക്ഷിക്കുമന്തിയായാൽ.
വൈകുകിൽ വൈകട്ടെ, വന്നീടുമേവർക്കു-
മാഘാതത്തിന്നെന്നും പ്രത്യാഘാതം. 64

V

പോകുവിൻ! പോകുവിൻ! ദോഷനെപ്പോലെ ഞാൻ
മാഴ്കുന്നീലെൻ മഞ്ഞുതുള്ളികളെ!

ഇച്ഛയ്ക്കൈക്കൊള്ളും നിങ്ങളോടെങ്ങന-
        യുച്ചസ്ഥർക്കിങ്ങാകുമാനുകൂല്യം ?
പുൽക്കൊടി പൂണ്ടൊരിബ്ഭൂഷണമമ്പർ ക-
        ണ്ടുൾക്കൊതന്നീർഷ്യയ്ക്കു പാത്രമാക്കാം ;
ക്ഷോണിക്കിസ്സൗഭാഗ്യം പാടില്ലെന്നോർത്തിടാം ;
        വാനിലും ശൂന്യം താൻ സൗമനസ്യം.
ആവട്ടെ ; ജീവിതം ഹ്രസ്വമെന്നോർത്തുള്ളിൽ
        വൈവശ്യം വായ്ക്കുവോരല്ല നിങ്ങൾ ;
ഭൂതലം കൈവിട്ടും നേരത്തുമുണ്ടല്ലോ
        ജാതരാം നേരത്തെച്ചാരുഹാസം.
ആദിയുമന്തവും മർത്ത്യർക്കു ജീവിതം
        രോദനപങ്കിലം, ഗർഹണീയം ;
താണവർക്കാനന്ദമേകുന്നതൊന്നുതാൻ
        ക്ഷോണിയിൽജ്ജീവികൾക്കുററ കൃത്യം ;
എന്നറിഞ്ഞാദ്ധർമ്മമാചരിച്ചീടുമവ-
        ർക്കെന്തു വന്നീടിലെന്തന്ത്യകാലം ?
ആവശ്യമുണ്ടെന്നോ നിങ്ങളാൽ വിണ്ണവ,-
        ർക്കാവതുമായതു നിർവഹിച്ചാൽ,
പോരുവിൻ രാത്രിയിലിങ്ങോട്ടു ; പിന്നെയും
        ചേരുമാറാകട്ടെ നമ്മൾ തമ്മിൽ.
ഓടിവന്നപ്പൊഴുതാമനിച്ചീടുവിൻ
        വാടിവരളുമിപ്പുല്ലുകളെ. ൪൫

---

൧൪. ബ്രഹ്മജ്ഞാനം

ഗങ്ഗതൻ തടത്തിങ്കൽ
　　വാണിരുന്നുപോൽപ്പണ്ടു
സങ്ഗഹീനനായ് ത്തപോ-
　　വൃദ്ധനായ് പ്പുമാനൊരാൾ.
അസ്സ്വതന്ത്രസ്വത-
　　ന്ത്രാലാപം ശമിപ്പിക്കെ
മാത്മവിദ്യാധ്വന്യർതൻ
　　സന്ദേഹം സമസ്തവും.
ഗാർഗ്ഗിയെക്കേട്ടിട്ടില്ലേ,
　　യാജ്ഞവല്ക്യനും കൂടി-
ശ്ലാഘ്യയാം വിദേഹഭൂ-
　　പണ്ഡിതാമതല്ലിയെ ?
അത്തയ്യൽ താരുണ്യത്തിൽ-
　　ച്ചെന്നാൾ തത്സമീപത്തിൽ
തത്ത്വാർത്ഥജിജ്ഞാസതൻ
　　പ്രേരണാബലം മൂലം.
ആശ്രമദ്വാരസ്ഥനാം
　　ശിഷ്യനോടോതീടിനാ-
ളാസ്സിദ്ധസന്ദർശനം
　　കാംക്ഷിപ്പോൾ തദീപ്സിതം.
ചെന്നണത്തിനാൻ ശിഷ്യൻ
　　ദേശികൻതന്നോ"ടൊരു
സുന്ദരാങ്ഗിയാൾ വന്നു
　　നില്ക്കുന്നു പാദംകൂപ്പാൻ.

കൌതുകം വായ്പ്പൊ പോലാ-
        ബ്രഹ്മവാദിനിക്കേതോ
വേദാന്തശാസ്ത്രഗ്രന്ഥി-
        യങ്ങളെക്കൊണ്ടഴിപ്പിക്കാൻ."
ആയതിന്നുപാദ്ധ്യായ-
        നുത്തരം ചൊന്നാൻ: "ഞാനും
സ്ത്രീയുമായ് സല്ലാപമോ ?
        ദൈവമേ ! ശാന്തം പാപം !
സ്ത്രീയെന്ന ശബ്ദം കേൾക്കാ-
        നില്ലെനിക്കേതും കണ്ണും ;
സ്ത്രീയെന്നൊന്നോക്കാൻപോലു-
        മെൻമനം നിശ്ചേതനം.
എന്റെയിത്തപോനിഷ്ഠ
        ലംഘ്യമല്ലെനിക്കെന്തേ
ഹന്ത ! ഞാൻ ശോചിപ്പതായ്-
        ത്തനപിന്നെയൊരിപ്പിക്കു."
ഓതിനാൻ ഛാത്രൻ ചെന്നു
        ഗാർഗ്ഗിയോടസ്സന്ദേശം ;
ജാതമായ് ദോഷജ്ഞെയ്ക്കു
        സാമ്പ്രതം മന്ദസ്മിതം.
"തെററിപ്പോയെനിക്കെന്റെ
        മാർഗ്ഗമെൻ വത്സാ ! നൂനം
മറെറാരാളാണിന്നു ഞാൻ
        തേടിടും ബ്രഹ്മജ്ഞാനി."

“അല്ലല്ല” ചൊന്നാൻ വണ്ണി-
    “യാക്ഷ്മീ മഹാൻ തന്നെ
വല്ല ശങ്കയും വന്നാൽ-
    ത്തീർക്കുവാൻ വേദാന്തത്തിൽ.”
“നീയെന്തു കണ്ടു പാവം ?”
    ചൊല്ലിനാൾ നല്ലാർ വീണ്ടും:
“സ്ത്രീയെന്നും പുമാനെന്നും
    ബ്രഹ്മജ്ഞനുണ്ടോ ഭേദം ?
എങ്ങു നിൻ തപസ്വിയാ-
    മാചാര്യത്തൊട്ടാവാടി ?
യെ‘ങ്ങഹം ബ്രഹ്മാസ്മി’യെ-
    ന്നുള്ളൊരാ മഹാവാക്യം ?”
തന്വിതന്നുപാലംഭം
    താദൃശം മുനീന്ദ്രനു
തന്നന്തർവിലോചനം
    സത്വരം തുറപ്പിച്ചു.
ഓടിച്ചെന്നോച്ഛാനിച്ചു
    മുന്നിൽ നിന്നോതീ സാധു:
തെറ്റൊല്ല കോപം വത്സേ !
    തെല്ലു ഞാനയത്തുപോയ്.
വേദാന്തപാരീണനെ-
    ന്നോർത്തിരുന്നു ഞാനെന്നെ;ബ്-

ഭേദാന്ധഭാവം മാത്ര-
　　മെന്നിൽ ഞാനിപ്പോൾക്കാണ്മൂ !
ഞാൻ കുറേപ്പഴം ഗ്രന്ഥം
　　തിന്നൊടുക്കിട്ടും വല്മി ;
ഞാൻ കുറേപ്പഴംവിദ്യാ-
　　വാസസ്സു ഭേസും ഖരം.
ഖനനം ചെയ്യുന്ന ഞാൻ
　　വാരിക്കായിന്നും കൃപ-
മനുഭൂതിപീയൂഷ-
　　മഠിപ്പ്പാളെൻ സോദരി.
ആചാര്യയായീ നടിക്കോ !
　　നിയെനിക്കെന്നപോ-
യാചാന്തരേഭാന്തനെ-
　　ന്നല്ലൊരെൻ മദം നിന്നാൽ.
വിരുതില്ലെനിക്കേത്രെ-
　　മെങ്കിലും തീർക്കാൻ നോക്കാം
ഗുരുദക്ഷിണയ്ക്കായി
　　സ്വല്പം ഞാൻ നിൻ സംശയം."
ഓതിനാൾ വീണ്ടും ഗാർഗ്ഗി :
　　"ഞാനല്ലീ ഭവൽകണ്ണം
ശാന്തമാം പരീവാദ-
　　ബാണത്താൽപ്പിളർന്നവൾ ?
ഇക്ഷണം ശിഷ്യപ്പെടാൻ
　　സജ്ജ ഞാനങ്ങേക്കെന്ന

നഗ്നയായ്പ്പഠിപ്പിക്കാൻ
സങ്കോചമില്ലെന്നാകിൽ."
"സമ്മതിച്ചു ഞാൻ ഭദ്രേ!"
മാമുനീന്ദ്രനും ചൊന്നാൻ :
"ബ്രഹ്മജ്ഞനൊപ്പം സ്ത്രീതൻ
വസ്ത്രവും ദിഗ്വസ്ത്രവും.
ബ്രഹ്മമായ്പ്പരസ്പരം
കാണുവാൻ സാധിപ്പോർതൻ
ബ്രഹ്മസല്ലാപത്തിങ്കൽ
സർവ്വവും ബ്രഹ്മം—ബ്രഹ്മം."
"തീർന്നു മൽ സന്ദേഹമീ-
യൊററവാക്യത്താ"ലെന്നു
തീർണ്ണപാരയാം ഗാർഗ്ഗി
വന്ദിച്ചാളാചാര്യനെ. 54

---

൨൭. ദയയുടെ ജയം

I

തെളിഞ്ഞതല്ലോ കുററം ; മതി നിനക്കിനി
ഞെളിഞ്ഞിടാമല്ലോ ജനാപവാദമേ !
വിധിപറയുവാൻ സഭയിലെത്തിപ്പോ-
യധികരണിക*നധർമ്മഘാതകൻ.
നിരന്നുപോയ് വന്നു നിറഞ്ഞു ചുററിലും
നിരവധി പൌരർ നിതാന്തഹൃഷ്ടരായ്.
അവരുടെ ചൂണ്ടുവിരലിനു ലാക്കാ-
യവശയങ്ങുന്മൊരരുവയർ നില്പൂ.
അരുളിയധ്യക്ഷൻ: "ഭടരേ ! നിങ്ങളി-
ത്തരുണിയെ വധ്യശിലയിലേററുവിൻ.
വലിച്ചുകീറുവിൻ മുഖാവഗുണ്ഠനം ;
വിളിച്ചുചൊല്ലുവിൻ കുലടയെന്നിവൾ.
തഴച്ചുപൊങ്ങുമീ വിഷലതികയെ,
മെഴുപ്പു മെയ്യെഴും ഭുജംഗകന്യയെ,
നരകത്തിങ്കൽനിന്നുയർന്നോരുല്ക്കയെ,
നരക്കു നല്കുവിൻ ശരിക്കു ദണ്ഡിക്കാൻ.
കൃപവെടിഞ്ഞാർക്കുമിവളെയിട്ടിന-
മുപലംകൊണ്ടെറിഞ്ഞുയിർ കളഞ്ഞിടാം.
അതാണു നാട്ടിലെപ്പരമ്പരാചാര-
മതിൻപടിക്കിന്നും നടക്കട്ടേ കാര്യം.
അടിമുതൽ മുടിവരെയുമേറുകൊ-
ണ്ടുടലിതു പൊട്ടിച്ചതഞ്ഞതരയണം ;

---

*അധികരണികൻ = ജഡ്ജി.

ഞരമ്പുമസ്ഥിയും പ്രഹരമേററററു
തരിപ്പണമായിത്തകർന്നുപോകണം ;
മുറിയെതിൽക്കൂടിബ്ബഹിർഗ്ഗമിക്കാമെ-
ന്നറിഞ്ഞിടാതെങ്ങുമുഴലണം പ്രാണൻ.
ചിരിച്ചില്ലേ ദുഷ്ട വളരെ നാളിനി-
ക്കരച്ചിലിൻ സ്വാദൊട്ടനുഭവിക്കട്ടെ ;
മലർകൊണ്ടുള്ളതാമഭിഷേകം മേലിൽ
ശിലകൊണ്ടാകട്ടെ മരിക്കുവോളവും.
അസംശയം ചിത്രവധമിതു മന്നി-
ലസതികൾക്കു നേർവഴി തെളിക്കട്ടെ." 32

II

അടങ്ങിയദ്ധ്യക്ഷൻ ; മുഴങ്ങി ചുററിലും
പടഹധ്വാനത്തിൻപടി ജനാരവം.
അടുക്കുവിൻ ഹിംസ്രമൃഗങ്ങളേ ! ചീന്തി-
ക്കടിച്ചുതിന്മിനിപ്പിഞ്ചുക്കിടാവിനെ.
ഒരു ചെറുവഞ്ചി,യുദഗ്രകല്ലോല-
പരമ്പര പൊങ്ങും കടലിലത്തയ്യൽ ;
ഒരു വിഭാകരകിരണരേഖ, ക്രൂ-
രിരുൾനിരതിങ്ങും പ്രദോഷവേളയിൽ.
നിരാശയാമവൾ നിരീക്ഷണം ചെയ്താൾ
നരാശരന്മാരാമവരെ നീളവേ.
അവജ്ഞപൂണ്ടുള്ള വിലോകനം കണ്ടാ-

ളവഹേളിച്ചുള്ള വചനവും കേട്ടാം.
ഒരക്ഷരം നാക്കാലുരച്ചി,ല്ലക്ഷിയാ-
ലൊരു കണ്ണീർത്തുള്ളിക്കിരന്നുമില്ലവർ.
ചില രസികരുണ്ടവരിൽ,ത്തൻപൂമെയ്
തലേട്ടിനത്തിലും തഴുകിപ്പോന്നവർ ;
ഇതരന്നാത്തെയിരവിലും തന്റെ
പതികളാകുവാൻ പണം കൊടുത്തവർ ;
പരർ പലപ്പൊഴും പരിരംഭത്തിന്നു
തരം ലഭിച്ചിടാഞ്ഞരിശമാർന്നവർ ;
ഇനിയുമൊട്ടപരപരരങ്ങളെ ച-
ന്നണഞ്ഞിടുന്നതിലസൂയ വാച്ചവർ !
വൃജിനമൂർത്തികൾ പലരെയും ധർമ്മ-
ധ്വജികളായ് നില്പതവിടെക്കണ്ടിടാം.
എറിയുവാൻ കയ്യിലെടുത്ത കല്ലിലും
പെരികെ കർക്കശമവരുടെ മനം.
ഒരു ദരിദ്രമാം കുലത്തിൽ ജാതയായ്,-
ചെറുപ്പകാലത്തിൽപ്പിതാക്കളും നഷ്ടരായ്,
ഉടയവരററു വളർന്നൊരപ്പൈതൽ
വിടന്മാർ വീശിന വലയിൽ വീണുപോയ്.
പലരും കൂടിക്കൊണ്ടൊരു കിശോരിതൻ
നിലയഴിക്കുന്നു ; നെറികെടുക്കുന്നു ;
ഒടുക്കമാ വധു കഴുവിലേറുന്നു ;
മിടുക്കർ മററുള്ളോരൊഴിഞ്ഞുമാറുന്നു.

അനീതിയെങ്ങുണ്ടു നടനമാടാതെ
വനിതയ്ക്കായ്പ്പുമാൻ ചമച്ച ചട്ടത്തിൽ ! 68

III

ഭടഘടയുടെ 'നടനട' യെന്നു-
ള്ളിടിയൊടു കിട പെട്ടും രടിതത്താൽ
ബധിരിതകർണ്ണപുടയായ്പ്പോകയാ-
ണധോമുഖിയവൾ കൊലക്കല്ലേറുവാൻ.
സമയം മധ്യാഹ്നം, മൂത്തു കൊടുംവേനൽ ;
സഹാറ പെററതാം കിടാവു പോംവഴി ;
ഉടൽ ഖരാംശു ചുട്ടെരിച്ചുരുക്കുന്നു ;
ചുടലത്തീകണക്കനിലൻ വീശുന്നു ;
ചെരുപ്പിന്മേൽക്കത്തിത്തുളച്ചു കേറുന്നു
വറുത്തുതട്ടിയ മണലിൻ ചൂടെങ്ങും.
അസഹ്യമാവഴിക്കടനം ചെയ്യുന്നു
കിസലയസഹചരചരണയാം.
ഒരു ശുനകനുണ്ടതാ ! പിപാസയാൽ-
പ്പുരവശപ്പെട്ടു തളർന്നുവീഴുന്നു ;
ഒരു കരക്രടിക്കരയ്ക്കുവാൻ തൊണ്ട
വരണ്ടുപോകയാൽപ്പുഴറു കാണാതെ,
മുകളിൽ നോക്കുന്നു—നഭസ്സു ദൂരസ്ഥ-
മടിയിൽ നോക്കുന്നു—ധരിത്രി നിഷ്ഠുരം ;
കരുണകാട്ടുവാനൊരുവരില്ലാതെ
മരണവേദനയനുഭവിക്കുന്നു.

അടുത്തൊരു പൊട്ടക്കിണറുണ്ടായതി-
ന്നടിയിലുണ്ടല്പം മലിനമാം നീരും,
ദുരിതശീലനാം നരനുടെ കരി-
ങ്കരളിൻ കീഴന്തഃകരണം പോലവേ.
ക്ഷണത്തിലമ്മങ്കയതിന്നരികിൽപ്പോയ്
സ്തനോത്തരീയരത്ത വലിച്ചുകീറിനാൾ;
ഇഴയച്ചുകെട്ടിയത്തുണ്ടിക്ഷണങ്ങ-
ളുയത്നമങ്ങൊരു വടവും നിർമ്മിച്ചാൾ.
"വഴിക്കു തൂങ്ങിയോ കിണററിൽച്ചാടിയോ
കഴവിതു ചാകും; കറങ്ങിപ്പോകും നാം.
പിടിച്ചുകെട്ടുവിൻ കുരങ്ങ"ളെന്നോതി-
ബ്ഭടർ കുതിച്ചടുത്തിടഞ്ഞിടും മുൻപേ
ചെരിപ്പൊന്നഗ്രത്തിൽ ക്ഷണേന ബന്ധിച്ചു
പരമിറക്കിനാൾ വധുവക്ത്രുപത്തിൽ;
അതിൻ നടുക്കുള്ള കുഴിയിൽക്കൊണ്ടിട-
മുദകം മേല്പോട്ടു വലിച്ചുകേററിനാൾ;
മൃതിപെടാൻപോകും കൃപണജന്തുവി-
ന്നതുകിനാളയ്യൂ; നടകൊണ്ടാൾ വീണ്ടും.
ഗതികിട്ടീ നായയ്ക്കുവളാലന്നേര,-
മതിന്നപ്പാദുകയമൃതകുംഭമായ്.
ശുനകൻ, തൽപ്രാണപ്രദാത്രിതൻ നേക്ക
തന്നിക്കെഴും നന്ദി വിശദമായ് കാട്ടി,
കഴലും കയ്യും തൻ രസനയാൽ നക്കി
വഴിയിലത്തനച്ചിക്കുകമ്പടിക്കുടി.

നടക്കു മുന്നോട്ടു ഭഗിനി ! നൈരാശ്യ-
മിടയ്ക്കു നിൻ സ്വാസ്ഥ്യം തടഞ്ഞതു മതി ;
പ്രപഞ്ചം വിട്ടിന്നും ഭക്ഷകം പോയിട്ടി-
ല്ലുപകൃതിസ്മൃതികൂടാത്തദൃഷ്ടാന്തം. 116

IV

കൊലക്കൊട്ടമ്പാറപ്പുറത്തു കാൽവെച്ചാൾ
കലക്കംകൈവിട്ടു കമനിമാർമണി.
കനവും മൂർച്ഛയും കലർന്നിടുന്ന കല്‌-
ക്കഷണമോരോന്നു കരങ്ങളിലേന്തി,
പലരുമന്യോന്യം വികത്ഥനംചെയ്തു
കുലടയെക്കൊല്ലാൻ വളഞ്ഞു കാണികൾ.
പിശിതഗ്രാസത്തിന്നുഴറി വാനത്തിൽ,
നിശിതതുണ്ഡങ്ങൾ, ഞെരുങ്ങി ഗൃദ്ധ്രങ്ങൾ.
പതിക്കും പ്രസ്തരം പരസ്സഹസ്രം ഹാ !
കഥാവശേഷയായ്‌ ക്കഴിഞ്ഞതല്ലോ തന്വി.

* * * *

അവിടെപ്പാഞ്ഞപ്പോളണഞ്ഞു കല്യനാ-
മവനിതൻപതി 'സലാവുദീൻ' സുൽത്താൻ,
നടുങ്ങീനില്ക്കും തൻ പ്രജകളോടേവം
സ്ഫുടഗഭീരമാം മൊഴിയൊന്നോതിനാൻ:
“അരുതരു, തൊരുതരിമണൽ പോലു-
മരുവയറിവൾക്കരികിൽ വീഴൊല്ല.
വിലകുവിൻ ദൂരെ; യിടുവിൻ ദൂരത്തു

ശിലകൾ; വന്ദ്യയാണിവൾ സഗർഭ്യരേ!
ഒരു ശകടത്തിലൊളിച്ചിരുന്നു ഞാൻ,
വിരവിൽ നിങ്ങളെയനുഗമിച്ചവൻ.
ഇവളിന്നാരെന്നു കരുതുന്നു നിങ്ങൾ?
ഭുവനത്തിൻ പുണ്യമുടലെടുത്തവൾ;
പരേതകല്പമാം ഭേഷകമൊന്നിനെ-
പ്പരിപാലിച്ചൊരു പരമധാർമ്മികി.
ഇവളെൻനാട്ടിനു ശിശിരചന്ദ്രിക;
നവയശസ്സിനു നടനമണ്ഡപം.
അരിയൊരിത്തയ്യലവധ്യയല്ലെന്നു
പറയടിച്ചെങ്ങും പ്രസിദ്ധമാക്കട്ടെ.
കനകംകൊണ്ടൊരു മുഖാവരണം തൊ-
ന്നനഘയാമിവൾക്കരുളുന്നേനിപ്പോൾ.
ഒരിക്കലുമിനിഗ്ഗണികയായിവ-
ളിരിക്കുമെന്നു ഞാൻ നിനച്ചിടുന്നില്ല.
ശുനകനെക്കാത്ത ഹൃദയത്തിനുണ്ടോ
തനതുമാനത്തെപ്പുലർത്തുവാൻ പണി?
ഭഗിനി! നീയെത്രയ്ക്കശുചിയാകിലെ-
ന്തഗതിക്കംബുനീയരുളിശ്ശുദ്ധയായ്.
വെളുപ്പിച്ചു തേച്ചുകഴുകി വത്സേ! നീ
മലിനമാകും നിൻ മനമന്നീരിനാൽ.
ഭവതി പോയാലും ഭയപ്പെടാതെ; മേൽ
നവമാം ജീവിതം നയിച്ചുകൊണ്ടാലും.
എനിക്കു തെററി; ഹാ! നിനച്ചുപോയല്ലോ

പനിനീർപ്പൂവിനെപ്പട്ടമല്ലെന്നു ഞാൻ ;
വധിക്കുവാനെൻ കയ്യുയർന്നല്ലോ കഷ്ടം !
പതിതകാരുണ്യപരമകാഷ്ഠയെ.
ഭവാദൃശകളെപ്പരീക്ഷ ചെയ്യുവാ-
നവാപ്തദാക്ഷ്യരല്ലവനിപാലകർ."
ഈവണ്ണം തന്വിയെസ്സമാശ്വസിപ്പിച്ചു
നൃവരനാസ്ഥലംവെടിഞ്ഞു ധന്യനായ്.
തിരിച്ചു തരുണി സ്വഗൃഹം പ്രാപിച്ചാൾ,
ശിരീഷകോമളതനുലതികയാൾ.
മനസ്സിൽ ദൈവത്തിൻ മഹിമയെയോർത്തു-
മന്ദശയാശ്രുക്കളനൽപം വാർത്തു.
ശുനകന്നോ വേശ്യയരുളി ജീവിതം ?
ശുനകൻ വേശ്യയ്ക്കോ ?—പൊരുൾ തിരിയാതെ
പരമള്ളാവിനെ സ്തുതിച്ചാരദ്ദിനം
ധരയിലാവൃത്തം ശ്രവിച്ചു സർവ്വരും. 172

---

൫൬. അമ്പലപ്രാക്കളും

മധ്യാഹ്നമായീ നേരം;
രണ്ടുപേർ കളിക്കുവാ-
നെത്തുന്നു പൊയ്കയുള്ളിൽ-
ത്തായയും തനുജയും,
പതിനാറാകും പുത്രി-
ക്കവരിൽ പ്രായം; മറി-
ച്ചത്തു നാമിട്ടാൽ വയ-
സ്സവരും തൻ മാതാവിന്നും.
പ്രായത്തിൻമട്ടിൽത്തന്നെ-
യാളശ്ശത്തിലും കാണാ-
മായവകളിരുവക്കു-
മത്യന്തം വിപര്യാസം.
മാമൂലാമിരുട്ടത്തു
ക്രൂക്കമിട്ടിട്ടും തള്ള;-
യോമലാൾ പരിഷ്കാര
സൂരനെബ്ഭജിച്ചിട്ടും.
എങ്കിലും വ്യാധയുണ്ടു
വാത്സല്യം സംപൂർണ്ണമായ്-
ത്തങ്കത്തിൽ-തൻപ്രാണനിൽ—
തൻവംശസവ്സ്വത്തിൽ.
വേറിട്ടില്ലാരും വീട്ടിൽ;
വൈധവ്യം വന്നോരാൾ തായ;
വാരൊളിപ്പെൺപൈതലോ
വായ്ക്കാത്തോൾ പാണിഗ്രഹം

ചൊല്ലീടും നിത്യം മുത്തി."
        ഇദ്ധൂളി നീയല്ലെങ്കിൽ-
ത്തല്ലി ഞാൻ ശവത്തെയ-
        പ്പൊയ്കയിൽക്കെട്ടിത്താഴ്ത്തും.
കാട്ടുവാനാവില്ലല്ലോ
        നിന്നോടക്കോപം ; നിന്റെ
ചേട്ടത്തമെല്ലാം തങ്കം !
        ചെമ്മയായ്ത്തോന്നുന്നല്ലോ."
ഓതിടും ചിരിച്ചോമ-
        ലുത്തരം : "കാലത്തിന്റെ
ചെയ്തിയാണിതെന്നമ്മേ !
        കാലാത്മാവല്ലീ ദൈവം?"
താൻ കുളിച്ചാലും വീണ്ടും
        വാപിയിൽത്താൻ പുത്രിക
താങ്ങാവാൻ നടക്കുന്നു
        ജീർണ്ണാങ്ഗി മൂന്നാംകാലിൽ !

II

ആയതാക്ഷിയാളാദ്യം
        കീഴ്പ്പോട്ടേക്കിറങ്ങിനാൾ ;
പായലിൽപ്പാദം തെററി-
        പ്പതിച്ചാൾ പയസ്സിങ്കൽ.
തൻവൈരിയാകും കൂന്തൽ
        മൂർദ്ധാവാൽത്താങ്ങിപ്പോരും

തന്വിതൻ ചവിട്ടേറ്റു
        സഹിക്കും കരിഞ്ചണ്ടി ?
പേശലാംഗിയാൾക്കന്നാ-
        ശൈവലം വ്യാളോപമം
പാശിതൻ കരാളമാം
        പാശമായ്ക്കലാശിച്ചു.
മുങ്ങിനാ,ളടിത്തട്ടിൽ
        മുട്ടിനാൾ, വീർത്താ,ളൊന്നു
പൊങ്ങിനാൾ, വീണ്ടും താണാൾ
        വെള്ളത്തിൽ നല്ലാർ മണി
സ്വാദറിഞ്ഞൊരാ വാപീ-
        യക്ഷിതൻ വയററില-
ന്മാധുരീധുരീണയാം
        മങ്കയ്ക്കു പുക്കേ പററൂ.
കണ്ടില്ലേ ഭവാൻ മിത്ര !
        വാനിൽനിന്നി, തങ്ങെയ്ക്കി-
ക്കണ്ടിവാർപ്പൂങ്കേശിയെ-
        ക്കാത്തിടാൻ കരം പോരേ?
അങ്ങയാൽക്കാണപ്പെട്ട-
        താവധൂമുഖം മാത്ര-
മെങ്ങുണ്ടു സപ്താശ്വനാൽ
        സംപൂർണ്ണചന്ദ്രോദ്യുതി ?
ഢിമ്മെന്നൊരൂക്കൻ ശബ്ദം
        വെള്ളത്തിൻ മീതേ കേട്ടാ-

ളമ്മ പിൻപതിൽക്കണ്ടാ-
ളേതാനും നീർപ്പോളകൾ;
അപ്പുറം കുറേ നീങ്ങി-
യാൾരൂപമേതോ പൊങ്ങി-
ക്ഷിപ്രമായ്ത്താഴുന്നതും
ഞെട്ടിപ്പോയ് നിരീക്ഷിച്ചാൾ.
"മകളേ ! തങ്കം ! തങ്കം !
മകളേ ! നീയെങ്ങെന്നെ-
യകലത്തയ്യോ ! തള്ളി-
പ്പോകുന്ന പൊന്നോമലേ ?
വിളികേൾക്കുന്നീലല്ലോ
നീയെന്നി,ക്കെന്തിക്കുട്ടി-
ക്കളി ? മുക്കിളിക്കയോ
നീന്തറിഞ്ഞീടാത്തവൾ ?
അയ്യയ്യോ ! ഞാനെന്തിനി-
ച്ചെയ്യുന്നതെൻ മണിക്കുഞ്ഞേ?
നീയെന്നെച്ചതിച്ചുവോ ?
കുററിയററുവോ കുലം ?"
മാറത്തു കയ്യുംവെച്ചു
നോക്കിനാൾ കരഞ്ഞിമ്മ,-
ട്ടാരുമില്ലട്ടത്തെങ്ങു,-
മാസ്ഥലം തീരെശ്ശൂന്യം.
ബാലയെ പ്രചേതസ്സ്,
പാഞ്ഞെത്തിക്കരം നീട്ടും

കാലനു നല്കീടേണ്ട
കാലം വന്നടുത്തുപോയ്.

III

ഇല്ലത്രയ്ക്കായില്ലൊരാൾ
നില്ക്കുന്ന പാടത്തിങ്കൽ ;
തള്ള തൻ കരച്ചില-
സ്സതപ്പവാൻ ചെവിക്കൊൾവൂ.
താനരക്ഷണം കൊണ്ടു
ചാടിവന്നങ്ങെത്തുന്നു,
ദീനരക്ഷണത്തിന്നു
സജ്ജനധീരാഗ്രിമൻ.
മുത്തിതൻവിലാപത്തിൻ
കാരണം ഗ്രഹിച്ചവൻ
മുഗ്ദ്ധയെജ്ജലത്തിൽനി-
ന്നുദ്ധരിക്കുവാനോർത്തു.
അപ്പോഴേയ്ക്കാത്തസ്വരം
രൂക്ഷാക്രോശമായ്മാറി ;
ദുഷ്പ്രേക്ഷ്യയായസ്സൗമ്യ-
രക്ഷസ്സിൻമട്ടിൽത്തുള്ളി.
“പുല്ലനല്ലേടാ ? പോ നീ ;
ഫോ ദൂരെ ; പ്ഫോ ഫോ ! നിന്നെ-
യല്ല ഞാൻ വിളിച്ചു, തെൻ
കണ്മണിത്തങ്കത്തിനെ.

എൻ കുഞ്ഞു വെള്ളത്തിൽവീ-
ണന്തരിക്കുമ്പോളാണോ
നിൻകുതിപ്പെന്നെത്തീണ്ടാൻ ?
ചോദിക്കാനാളില്ലയോ ?
അമ്പെടാ നിനക്കുററ-
മിത്രയ്ക്കുമൂത്തോ ? നീ വ-
ന്നമ്പലക്കുളം തൊടാ-
നാരെടാ നീട്ടേകിയോൻ ?
പൈതലാം നിന്റേതല്ലി,-
തെന്റേയാ,ണെൻ പൊന്നോമൽ.
നീ തൊട്ടു കുട്ടിച്ചോരായ്
വേണമോ വാനിൽപ്പോകാൻ ?
പേർത്തുമെന്തോർത്തിന്നു നീ-
പാപി ! യെൻ കിടാവിന്റെ-
യൂർദ്ധ്വലോകത്തേയ്ക്കുള്ള
പാതവന്നടയ്ക്കുന്നു ?
മാറി നില്ലെടാ ദൂരെ,
യന്തിക്കു മേൽശാന്തിക്കു
വേറെയെന്തെടാ കുളം
ശുദ്ധമാന് കുളിക്കുവാൻ ?
മുന്നമേ വിറയ്ക്കുന്ന
ദേഹത്തെ ക്രോധത്തിനാൽ-
പ്പിന്നെയും വിറപ്പിച്ചു
മേല്ക്കുമേലമ്മുത്തശ്ശി

ആഗതൻതൻമെയ് നോക്കി
യഷ്ട്യസ്ത്രം പ്രയോഗിച്ചാ-
ളാഗസ്സു നീങ്ങാനത-
പ്പൊയ്കയിൽ സ്നാനംചെയ്തു.
കല്ലേട്ടത്തുക്കോടെറി-
ഞ്ഞീടിനാൾ പിന്നീ,ടതാ-
ഴ്ത്തുല്ലൻെറ നെഞ്ചിൽച്ചെയ്തു
മാണിക്യമുദ്രാപ്പ്ണം.
ഏതുമില്ലെന്നിൽക്കുററ-
മെന്നരച്ചുടൻതന്നെ
പാദത്തിൽ വീണു താണ-
പ്പാഷാണം പരാധീനം.
നെഞ്ഞൊന്നു കയ്യാൽത്തട-
ച്ചായുവാവരംക്ക തൻ
പുഞ്ചിരിത്തുമുത്തതിൻ
മൂല്യമായ് സമ്മാനിച്ചു.
എത്രയോ വിഭൂഷണം
മുന്നവും സവർണ്ണരാ-
ലത്തരം നല്കപ്പെട്ട-
താണവൻതൻമാറിടം.
ആയതിൻ തഴമ്പെല്ലാ-
മന്യോന്യം കെട്ടിപ്പിണ-
ഞ്ഞായസപ്പോർച്ചട്ടതൻ
മട്ടിലങ്ങിണങ്ങുന്നു.

പിന്നെയും പൊങ്ങി വന്നു
വെള്ളത്തിൻ മീതേ തയ്യൽ ;
പിന്നെയും താണു ; തന്നി-
ക്കില്ല മേലാമന്ത്രണം.
ചാടിനാൻ പെട്ടെന്നങ്ങാ
വിക്രാന്തൻ; കൂടെത്താണു
പേടമാൻകണ്ണാളെത്തൻ
പാണിയാലുയർത്തിനാൻ ;
ചിക്കെന്നു പോന്നാൻ കൊണ്ടു
തീരത്തേ,ക്കാറാടിച്ചു
വിഗ്രഹത്തെയുംകൊണ്ടു
പൂജകൻ പോരുംപോലെ.
താനേതോ മരുന്നിനാൽ-
ത്തൽക്കാലം പ്രതിപ്രാപ്തി
ദീനയാമവൾക്കുള്ള
ചേതനയ്ക്കേകീടിനാൻ.

IV

ദൂരത്തു നീററിൽക്കിട-
ന്നീട്ടമക്കോലത്തിന്നു
ശൗരിതൻ തൃതീയാവ-
താരത്തിൻ സാമ്യം വന്നു. 92
അപ്പൊഴും ചിലയ്ക്കുയാ-
ണോരോന്നു മുത്തിത്തള്ള-

DEPARTMENTAL LIBRARIES
7 DEC 1956

സപ്പ്രാശ്ലു തീണ്ടിപ്പോയി,
    തൊട്ടുപോ, യെന്നും മററും.
ബാലയെത്തിരിഞ്ഞൊന്നു
    നോക്കീലദ്ദ്രഷ്ട്യക്കാരി ;
കാലന്നില്ലാത്തോരെത്തം
    പുല്ലനിൽക്കടെണ്ടോളവൾ.
എത്തിന്നാനടൻവൈവശ്യ,-
    നപ്പമാനൊട്ടം ചൊന്നാൾ:
“പുത്രിയെത്തൊടൊല്ലിവൾ-
    ജാതിയിൽപ്പിഴച്ചവൾ,
ചത്തുപൊയ്ക്കോട്ടേ ; പോയി-
    പ്പിന്നെയും പിറന്നോട്ടെ :-
ഇത്തരം മാനക്കേടി-
    ലെന്തിന്നായ് ജീവിക്കണം ?”
ആ വാക്ക കേൾക്കാനല്ല
    വന്നതബ്ഭിഷഗ്വരൻ,
പൂവൽമെയ്യാളെസ്സ്വസ്ഥ-
    യാക്കുവാൻ ; ആക്കി താനും.
ലബ്ധസംജ്ഞയായ്ത്തീർന്ന
    കാര്യമൊക്കയും ഗ്രഹി-
ച്ചുത്തയ്യൽ ചൊന്നാൾ ദൂരെ
    നില്ക്കും തൻ ത്രാതാവൊടായ്:
“സ്വാഗതം മഹാത്മാവേ !
    ദാസിതൻ സഭാജനം

സ്വീകരിച്ചാലും ശീഘ്രം
        വീരശ്രീവിശ്വോദ്ധാവേ !
കാലനെഗ്രസിച്ചീടാതെ,
        കാലനെക്കാളും ക്രൂര-
ശീലമാം ദുരാചാര-
        ഭ്രൂതത്തെക്കൂട്ടാക്കാതെ,
മൃത്യുവിൻ വക്ത്രത്തിൽ നി-
        ന്നെന്നെ വീണ്ടെടുത്തോരു
ശക്തനാമങ്ങേലാന്യം
        സൌജന്യം ജയിക്കുന്നു.
സംപ്രാർത്ഥ്യമേതും നല്കാൻ
        സജ്ജയായ് നില്ക്കുന്നു ഞാ-
നെൻ പ്രാണപ്രദാതാവി-
        ന്നെന്നെന്നും കടക്കാരി."
എന്നുരച്ചാരോമലാം
        തൻഗളാന്തരത്തിങ്കൽ
നിന്നു നന്മുക്താദാമ-
        മൊന്നൂരി സ്മേരാസ്യയായ്
ചൊല്ലിനാൾ മാതാവോടു:
        "ഞാനിതൊന്നേകിക്കോട്ടെ
പ്പൊല്ലുന്നു; തായേ ! കൃപ്പാം;
        തങ്കത്തെത്തടുക്കൊല്ലേ.
എൻ പുനർജ്ജന്മത്തിന്നു
        ഹേതുവാമിദ്ദേഹത്ത-

യെൻ പിതാവെന്നും ചൊല്ലാം,-
        മാചാര്യനെന്നുംചൊല്ലാം."
തായയ്ക്കു പാഞ്ഞുപൊട്ടി
        യശ്രുക്കളെപ്പുത്തനാം
തോയധാരയിൽക്കെട്ടു
        നിശ്ശേഷം ക്രോധാനലൻ.
ആനന്ദബാഷ്പം പാതി,
        പശ്ചാത്താപാസ്രം പാത്രി:-
നൂനമത്തീർത്ഥം ഗങ്ഗാ-
        കാളിന്ദീസംഭേദമായ്
ഓടിച്ചെന്നെടുത്തണ-
        ച്ചുമ്മവച്ചോതീ സാധു :
"നേടിനേനല്ലോ നിന്നെ
        വീണ്ടും ഞാനെൻ പൈതലേ !
അറിവറ്റെന്തെല്ലാമോ
        കാട്ടു ഞാൻ പുലമ്പിനേൻ ;
ചെറുമൻ പുല്ലൻ മേലെൻ
        ശ്രീകൃഷ്ണൻ ദയാനിധി.
കണ്ടുപോയ് ലോകത്തിൻെറ
        തത്ത്വം ഞാൻ; ജാതിബ് ഭള്ളു
കൊണ്ടെനിക്കുണ്ടാവില്ല
        കണ്ണിന്നു ദീനം മേലിൽ.
പുല്ലനും ഞാനും മന്നാ-
        മീ വീട്ടിൽ ജീവിക്കുന്നു;

പുല്ലനെപ്പൂണ്ണനെന്നും
        വായു ഞാൻ ശ്വസിക്കുന്നു;
പുല്ലനെൻ നിലം തൻെറ
        വേപ്പിനാൽ നനയ്ക്കുന്നു ;
പുല്ലൻതൻ തിറത്താൽ ഞാൻ
        നെല്ലരിച്ചോറുണ്ണുന്നു.
പൊയ്കയിൽത്താഴ്ത്തും താഴ്ത്തു-
        മെന്നു ഞാനറംപാടി ;
പൊയ്കയെൻ പൊണ്ണച്ചൊല്ലു
        നേരാകാനൊരുമ്പെട്ടു.
എന്നിൽ നീ കയക്കൊല്ലേ
        പുല്ല ! ഞാൻ വെറും പൊട്ടി;
നിന്നൊടിന്നിരക്കുന്നു
        മാപ്പെനിക്കേകീടുവാൻ.
കാമനെ ! നീ നിൻ ജീവ-
        നേകിലും പയ്യാപ്പുമ-
ല്ലീമുത്തുമാലയ്ക്കുത്ര
        പിന്നെ നിൻ കടം വീട്ടാം ?
എന്നിരുന്നാലും നല്കു
        നീയിതെൻ പുല്ലന്നിന്നു
പൊന്നു വെരയ്ക്കുണ്ടും ദിക്കിൽ
        പൂവെടുത്തിടുംപോലെ."
തങ്കമാ മുക്താഹാരം
        നല്കുവാൻ വിളിക്കവേ

തൻകരം രണ്ടും കൂപ്പി-
        താണകേണവൻ ചൊന്നാൻ;
വേണ്ടെനിക്കമ്മേ! വേണ്ട
        മാലയും മറവും; മുഴ-
പ്രാന്തനായ്ത്തീർന്നിട്ടില്ല
        ഞാനിന്നും വേലക്കാരൻ.
ഇപ്പാമ്പു കൊത്തിക്കൊല്ലു-
        മെന്നെ ഞാൻ തൊട്ടാ ലെന്റെ
കപ്പാട്ടിലെൻ ചെക്കനെ-
        പ്പിന്നെയാർ പുലർത്തിടും?
ഇത്തരം കൊടയ്യൊന്നു
        ചെയ്യു ഞാൻ? വെള്ളത്തിങ്കൽ
മുത്തൊന്നു മുങ്ങിത്തപ്പി-
        പ്പൊന്തിച്ച മുക്കോൻ മാത്രം!"
ആ വാക്കുകേൾക്കെച്ചൊന്നാൾ
        വൃദ്ധ: "ഞാൻ തരാം നിന-
ക്കാവശ്യമെന്തെന്നാലും;
        നാവനക്കിയാൽ മതി."
എന്നതിന്നോതീപ്പുല്ലൻ:
        "നീക്കപോക്കില്ലെന്നാകി-
ലൊന്നു ഞാനിരന്നിടാ-
        മമ്മയോ,ടത്രേ വേണ്ടൂ.
വല്ലമുക്കിലും വച്ചെൻ
        പൈതലെക്കണ്ടാലമ്മ

കല്ലെട്ടത്തെറിഞ്ഞതിൻ
പിഞ്ചുമെയ് പൊളിക്കൊല്ലേ
കൊണ്ടേക്കുമന്നം തെററി-
യക്കല്ലു തായേ! നമ്മെ
രണ്ടുപേരെയും തീർത്ത
തമ്പുരാൻതൻമേനിയിൽ."

x x x x

പുല്ലനാസ്ഥലം വിട്ടു
പാടത്തിൽപ്പോയാൻ വീണ്ടും,
നല്ലാർ തൻമാതാവോടു-
കൂടിത്തൽഗൃഹത്തിലും.
ഗാഢമാം ധ്യാനത്തിങ്കൽ
മഗ്നമായ് തോയാശയം;
പാടുണ്ടോ ഗഭീരർത്ത-
ന്നിംഗിതം ഗ്രഹിക്കുവാൻ?
എങ്കിലും "കൈവന്നല്ലോ
പുത്രിതൻ സ്നാനത്തിനാൽ
പങ്കത്തിൻ പ്രക്ഷാളനം
മാതാവിന്നകക്കാമ്പിൽ.
അത്ഭുതം തന്നെക്കൊണ്ടു
ചെയ്യിച്ച കർമ്മം ദൈവം."
അപ്പൊഴുയിമ്മട്ടോർത്തു
നില്പതായ് നിനയ്ക്കാം നാം.

൫൭. പുഴമൊഴി

I

പുഴയോടുരചെയ്തു ഞാൻ : "തോഴി ! നീ പാ-
ഞ്ഞൊഴുകിടുവതെങ്ങെടോ ദൂരെനോക്കി ?
അരുതരുതു പോവതീമട്ടു താഴോ-
ട്ടൊരുധരണിഭൃത്തുതൻ പുത്രിയാം നീ.
ജലധിയുടെ പത്നിയായ്ത്തീരുമാറോ
തലയിലെഴുതീ നിനക്കാത്മയോനി ?
മസൃണതരഗാത്രിയാം നിന്നെ വേൾപ്പാൻ
ഉചിതമവനിലെന്തു നീ കണ്ടിരിപ്പൂ ?
ചപലനവനബ്ധിതൻ ക്ഷാരമാത്രൻ ;
കൃപണനപരാപഗാലക്ഷജാരൻ.
അകമൊരുവർ കാണാത്തൊരപ്പുമാനെ-
ബ്ഭഗിനി ! പതിയാക്കുവാനാർക്കു തോന്നും !
വിപുലമവനാർന്നിടും വേശ്മം—ആവാ-
മപരിമിതമങ്ങെഴും രത്നം—ആവാം ;
കൊതിയവയിലേറുവോർ തന്നെയെങ്ങും
മതിമുഖികൾ ; നീയുമമ്മട്ടുകാരി !
അലമലമടുക്കുകിൽക്കണ്ടിടും നീ
കലികയറിയാർപ്പുതാബ്ഭീമകായൻ." 18

II

തടിനിയതിനുത്തരം ഫേനഫാസ-
പ്പൊടിവിതറിനിന്നുകൊണ്ടെന്നോടോതി ;

"സഹജ! കഥയെന്തുനീ കണ്ടു? ഞാനെ-
ന്നകമുറി തുറന്നിടാം കേറി നോക്കൂ!
മുനികൾ നിജമുക്തിയിൽ കാംക്ഷ പൂണ്ടെൻ
ജനകനുടെ മേനിവന്നാശ്രയിപ്പൂ.
സ്വഹിതപരരാകുമക്കൂട്ടരോരോ
ഗുഹയിലൊരു പാറതൻ മട്ടിൽ വാഴ്വൂ.
ഉലകിനുമവർക്കുമൊന്നില്ല ബന്ധം;
ഫലമവരിൽനിന്നൊരാൾക്കില്ല നേടാൻ;
അവരവരരെന്നു ഞാൻ കണ്ടനേര-
ത്തവതരണസജ്ജയായ് നിമ്നഭൂവിൽ,
അവരനുതകാത്തതാം ജീവിതംകൊ-
ണ്ടവനിയിലവന്ധ്യമൊന്നാർക്കു നേടാം?
അഗലതകൾ നൈരാശ്യപൂർണ്ണയാമെൻ
ഭൃഗുപതനം*മാണതെന്നോർത്തിരിക്കാം.
അവരറിയുവോരല്ല മന്നിടത്തിൻ
വിവിധതരമായിടും രമ്യഭാവം.
തൃഷിതഹൃദയത്തിന്നു തൃപ്തിനല്കി,-
കൃഷകരുടെ കേദാരകങ്ങൾ പുല്കി,
വണിജരുടെ വൃത്തിയെ ഭദ്രമാക്കി-
ദ്ദിനമണിമരീചിതൻ ചൂടുനീക്കി,
പതിതരുടെ പങ്കങ്ങളേറവാങ്ങി-
പ്പൃഥിവിയുടെ കീർത്തിവെൺമേടതാങ്ങി,

---

* ഭൃഗുപതനം=പാറയിൽനിന്നുതാഴെച്ചാടി ചെയ്യുന്ന ആത്മഹത്യ.

തടവുകൾ തകർത്തു ഞാൻ സത്വരം പാ-
ഞ്ഞൊടുവിലണയും കടന്നർണ്ണവത്തിൽ. 44

III

അവനന്തകനാവതെൻ ലക്ഷ്യമെന്നായ്
വിവരമറിയാത്തോർക്കു തോന്നിയേക്കാം.
ഉദധി സതതന്താനനിദ്ര,നാത്മതന്ത്രൻ,
പ്രഥിതചരിതൻ, മഹാൻ, നിത്യപൂർണ്ണൻ;
പരമവനെയെങ്കിലും ചിന്തചെയ്‌വൂ
ഹരിയുടെ വെറും ദ്വാരപാലനായ് ഞാൻ.
അതിവിദിതമായിടും തൽപ്രഭാവം
മധുരിപുവിഭൂതിതൻ മാത്ര മാത്രം.
അലവുമവനപ്പുറം പേർത്തുമെന്നെ-
ജ്ജലചരഗണത്തിനാൽ ദഷ്ടയാക്കും.
അതു മമ പരീക്ഷയെന്നോർത്തു മുന്നോ-
ട്ടതിൽ വിജയമാർന്നു ഞാനുച്ചലിക്കും.
ലവണജലരാശിയും മററുമോരോ-
ന്നവഹിതമനസ്കയായ് ഞാൻ കടന്നാൽ
ശ്രമരഹിതമെത്തിടും ചെന്നൊടുക്കം
കമലയുടെ കാമുകൻതൻ പദത്തിൽ.
ശുഭമരുളുവാനെനിക്കങ്ങു നില്ക്കും
ത്രിപഥഗ തരങ്ഗിണീസാർവ്വഭൗമി.
അരിയൊരു പന്നഗസ്രസ്തരാന്തിലല്ലീ
പരമപുരുഷൻ യോഗനിദ്ര ചെയ്‌വൂ ?

കരുതിടുക ജീവനും ബ്രഹ്മവും താൻ
പരമിവളുമമ്മഹാവിഷ്ണുതാനും.
അവിടെയണയുമ്പൊഴേയ്ക്കിപ്പുഴയ്ക്കും
ഭുവനപതി സായൂജ്യമേകുമല്ലോ." 68

---

൨൯. പൈശാചയജ്ഞം

ഫിററ്ലറേ ! കേട്ടു ലോകം

നേപ്പിൾസി* ലങ്ങേബ് ഭൃത്യർ

പുത്തനായ്ക്കാണിച്ചോരു

കയ്യൂക്കിൻ കോലാഹലം.

മാററലർച്ചെച്ചോരയാൽ

പ്പോർക്കളം മെഴുക്കീല ;

മാനത്തുനിന്നുംകൊണ്ടു

ബോംബൊന്നും പൊഴിച്ചീല ;

ശസ്ത്രാസ്ത്രസാമഗ്രിയെ-

ത്തച്ചുടച്ചൊടുക്കീല ;

ശത്രുവിൻ വീട്ടിൽക്കേറി-

ക്കൊള്ളയും നടത്തീല:-

പിന്നെയോ?...വിഖ്യാതമാം

വിശ്വവിദ്യാഗാരമ-

ങ്ങൊന്നുണ്ടു ശാന്തം, ശിവം,

സർവ്വക്കും സമാരാധ്യം.

വാണിരിക്കുന്നുണ്ടതിൽ

പ്പൂർവ്വരാം സുധീന്ദ്രർതൻ

മാനസാത്മജന്മാരാം

സിദ്ധന്മാർ ഗ്രന്ഥാഭിധർ ;

---

*നേപ്പിൾസ് ഇററലിയിലെ ഒരു പ്രധാന നഗരമാണ്. അത് ഇപ്പോൾ സങ്കലിതശക്തികൾ പിടിച്ചടക്കിയിരിക്കുന്നു. ഈ കൃതിയിലെ സംഭവം നടന്ന 1943 സെപ്ററംബർ 19-ാംനു- അതു ജർമ്മനിയുടെ കയ്യിൽ കിടന്നു ഞെരുങ്ങുകയായിരുന്നു.

എത്രയോ നൂറായ് വയ-
    സ്സെങ്കിലും, പുണ്യാത്മാക്കൾ,-
നിത്യയൌവനശ്രീയാ-
    ലാശ്ലിഷ്ടരൊട്ടേറെപ്പേർ,
ആഗതർക്കശേഷർക്കും
    തത്ത്വോപദേശംചെയ്തു
ലോകസങ്ഗ്രഹത്തിനായ്
    ജീവിക്കും മുമുക്ഷുക്കൾ ;
സ്വീയമാം പദം വെടി-
    ഞ്ഞെങ്ങുമേ ഗമിക്കാതെ,-
യായുധം സ്പർശിക്കാതെ,-
    യാരെയും പഴിക്കാതെ,-
വായുമാത്രാഹാരരായ്
    മേവുമമ്മഹാന്മാരെ,-
ക്കയ്യെടുത്തേവൻ തൊഴാൻ
    വൈകിടും മുന്നിൽച്ചെന്നാൽ ? 18

II

ഹിററ്ലരോ ! ഭവാൻ പോററും
    പട്ടാളവേതാളങ്ങൾ
മററുമാ മുന്യാശ്രമം
    വീക്ഷിച്ചാർ പുരാഭൂവിൽ
അജ്ജനം കേട്ടു മേന്മേൽ
    ബ്രിട്ടനാം സിംഹത്തിൻെറ

ഗർജ്ജനം തെക്കൻദിക്കിൽ,
കാലാട്ടഹാസം പോലെ.
വല്ല്യത്തം കാട്ടിക്കൂട്ടി-
യൊപ്പിച്ചു മാറിടാഞ്ഞാൽ-
ച്ചെല്ലേണ്ടതങ്ങളെത്തോക്കിൻ
വായിലെന്നോർമ്മിച്ചവർ
പ്രാണനെക്കണ്ടെത്തിങ്കൽ
നിർത്തിക്കൊണ്ടെന്തായാലു-
മാണത്തമല്പം തട്ടി
മിന്നിക്കാൻ സന്നദ്ധരായ്,-
തങ്ങളെത്തുണയ്ക്കാതെ
മദ്ധ്യസ്ഥഭാവം കൈക്കൊ-
ണ്ടങ്ങെഴും ഗ്രന്ഥങ്ങൾത-
ന്നന്തത്തിന്നാരംഭിച്ചു.
ലോഹാസ്ത്രം പ്രയോഗിച്ചി-
ല്ലുള്ളൊന്നു പക്ഷേ കാണും
സ്നേഹിപ്പാനതിന്നൊന്നു-
മോർക്കയാൽപ്പൃശ്യാകുലർ.
കൈവശം വാച്ചീടുന്ന
[illegible]ഭോഗൾകൊണ്ടാദ്യംതന്നെ-
യാവിദ്യാലയത്തിന്റെ-
യഭ്യംഗം നടത്തിനാർ ;
മട്ടാളരയ്യോ ! പിന്നെ-
ത്തീക്കൊടുത്തശ്ശാലയെ-

ച്ചുട്ടെരിച്ചതിൽപ്പെട്ടും
        സർവ്വം നശിപ്പിച്ചാർ ;
വഹ്നിയെശ്ശമിപ്പിപ്പാൻ
        വല്ലോരും വന്നാൽക്കുത്തി-
ക്കൊന്നിടാൻ കുന്തത്തോടും
        കയ്യുമായ് ച്ചുററും പാഞ്ഞാർ.
നിർവ്വഹിക്കത്താൻ ചെയ്തോർ
        ധീരരാമാ വൈദേശർ
നിർവ്വിഘ്നം തദീയമാ-
        മധ്വരം പൈശാചികം.

ഈ മനോജ്ഞമായുള്ള
        ഭാരതീലീലോദ്യാനം
പാഴ്മണൽക്കാടായ് ; പാരി-
        തത്രസ്സും ദരിദ്രമായ്.
മർത്ത്യർതൻ ശീർഷങ്ങളെ-
        ധാന്യങ്ങൾക്കൊപ്പം കൊയ്യാം;
പത്തനങ്ങളെത്തക-
        ത്താഴിയിൽ പ്രക്ഷേപിക്കാം ;
അമ്മമാർ പെറും വീണ്ടും
        മക്കളെ ; ശ്ശില്പജ്ഞന്മാർ
കമ്രമായ് ച്ചമച്ചിടും
        പിന്നെയും ഹർമ്മ്യങ്ങളെ;
ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടാൽ,
        നിർമ്മാതർ തത്താതക്കു

ഹന്ത ! വന്നവററയെ-
പ്പിന്നീടും നല്ലാനാമമോ ?
ഏതൊന്നു നേടാൻവേണ്ടി-
യായിടാമദ്ദുർവൃത്തർ
ചെയ്തതിപ്രായശ്ചിത്ത-
ശൂന്യമാം കൊടുംപാപം ?
അഥവാ ലൂവെയ്‌നിലെ *
ഗ്രന്ഥങ്ങൾ ദഹിപ്പിച്ച
മതിമാന്മാർതൻ മക്ക-
ളാകുമീ ഹൂണാഗ്രിമർ
അച്ഛിത്രവംശാചാരം
പാലിക്കയാവാം ചെയ്ത-
തച്ഛൻെറ പിമ്പേ പോകും
പുത്രരല്ലയോ പുത്രർ ? 52

III

ഹിററ്ലറേ ! മദാന്ധനാ-
മങ്ങേയ്ക്കു വീക്ഷാശക്തി-
യററിട്ടില്ലെന്നാലൊന്നു
കാണ്മവാനർത്ഥിപ്പൂ ഞാൻ.
മൂകനായ്ക്കിടക്കുന്നു
മുന്നിൽ വന്നതാ ! ഭവത്-

---

* ലൂവെയ്ൻ, ബെല്ജിയത്തിലെ ഒരു സുപ്രസിദ്ധമായ വിശ്വവിദ്യാലയം. അതും അതിലേ അമൂല്യങ്ങളായ ഗ്രന്ഥങ്ങളും ജർമ്മനി 1914 ആഗസ്റ്റ് മാസത്തിൽ അഗ്നിക്കിരയാക്കി.

ഭീകരപ്രസ്ഥാനത്തിൻ
        പങ്കാളി മുസ്സോളിനി.
എത്രയോ ഘോരക്ഷേപണ-
        വാതകവ്രാതം വർഷി-
ച്ചെത്തിയോപ്പിയാരാജ്യ-
        മാർജ്ജിച്ച മഹാവീരൻ;
ഊററത്തിലല്ബേനിയൻ
        രാജ്ഞിയെക്കൈക്കുഞ്ഞോടു-
മീററമുനോവടങ്ങുംമു-
        മ്പോടിച്ച കൃപാമൂർത്തി;
ധ്വസ്തയാം ഫ്രാൻസിൻ പൃഷ്ഠം
        പാർഷ്ണിഗ്രാഹനായ്ച്ചെന്നു
കത്തിയാൽക്കുത്തിക്കീറി-
        പ്പേർപെററ ധർമ്മപ്രഭു;
ഹാ ! പണ്ടാത്തിപ്പെട്ടിക്കൊ-
        ലാതുരച്ചിട്ടോ പൊങ്ങി-
ദ്ദീപമാ, യലാതമാ,
        യുല്കയാ, യുത്പാതമായ്.
റോമയിൽക്കുറേക്കാലം
        സർവ്വാർത്ഥങ്ങളും നേടാൻ
ശ്രീമത്താം സെൻറ്പീററർതൻ
        പള്ളിയിൽ കാൽകുത്താതെ,
വിഷ്ടപം വിറപ്പിക്കു-
        മദ്ദുഷ്ടൻതൻ മുന്നിൽപ്പോയ്

മുട്ടുകുത്തിനാരോരോ
        മുഗ്ദ്ധരാം മന്ത്രീശ്വരർ.
അക്രമം മുഴത്തപ്പോളു-
        ദ്ദുരാത്മാവും കാല-
ചക്രത്തെക്കറക്കിടും
        ശക്തിതൻ കയ്യിൽപ്പെട്ടു.
താഴത്തെയ്യെട്ടുത്തങ്ങോ-
        രേറെറിഞ്ഞപ്പോൾ വന്നു
പൂഴിയും കപ്പിക്കൊണ്ടു
        മൺകട്ടയ്യൊപ്പം വീണു.
തെല്ലിടയ്ക്കുള്ളിൽ താർക്ഷ്യ-
        മ്മന്യനാമങ്ങോർ വിഷ-
പ്പല്ലററ പാമ്പു,ല്ലതിൻ
        ചട്ടയായ് രൂപം മാറി.
ശ്വാസമപ്പോഴേ നേരേ
        വിട്ടുള്ളു തദ്ദേശീയർ;
ഫ്ാസിസപ്പാഴ്മാറാല-
        യക്കാററിൽപറന്നുംപോയ്.
സത്യമീവിപര്യയം
        പോരയോ സവ്വേശൻെറ
ഹസ്തലാഘവം ഭവാൻ
        സ്വമ്യക്കായ് ദർശിക്കുവാൻ ? 82

IV

ഹിററ്ലറേ ! ഭവൽഭൃത്യ-
രിത്തരം ദുഷ്കൃത്യത്താൽ
മുററുമീ മഹീതലം
നാരകീകരിക്കുന്നു.
ഇല്ലെന്നു വരുല്ലോണ്ടിതി-
ന്നീശ്വരപ്രതീകാരം ;
തെല്ലൊന്നു വൈകിപ്പോകാം
ദണ്ഡിപ്പതത്രേയുള്ളൂ.
അങ്ങയാൽത്തരന്മുക്ഷുക്കൾ
ധർമ്മോപദേഷ്ടാക്കളാ-
യങ്ങയാൽക്കിരാതന്മാർ
സംസ്കാരസമ്പന്നരായ് ;
അങ്ങയാൽപ്രാക്കാലങ്ങൾ
സൌവർണ്ണയുഗങ്ങളാ-
യങ്ങയാൽച്ചെകിത്താനും
ദേവദൂതാദ്ധ്യക്ഷനായ്.
തോററുപോയ് സമസ്തരാം
ലോകകണ്ടകന്മാരു-
മാററിലാ സെന്റ് ഫ്രാൻസിസ്സായ് ;
ജെംഫലിസ്‌ഫ്ലാൺ മുനീന്ദ്രനായ്.
നേപ്പിൾസിൽനിന്നും പാഞ്ഞു
പട്ടാളക്കാരങ്ങെത്തി-

കാൽപ്പാട്ടിൽ സമർപ്പിച്ച
പുസ്തകച്ചാരത്തിനാൽ
എന്തോന്നു ചെയ്യും ഭവാ-
നിപ്പോഴേ കൈലാസമായ്-
പ്പൊന്തീടും യശഃകായം
പിന്നെയും വെളുപ്പിക്കും !
അല്ലെങ്കിലച്ചാരത്തിൻ
ഛായയാമല്പസ്മിതം
ചല്ലിളിച്ചവക്ത്തിൻ
മൂല്യമായ് സമ്മാനിക്കും !!
തീകൊളുത്തിയാലില്ല
ശിക്ഷയും; ധാത്രിക്കിന്നി-
ദ്ദാഹത്തിൻ നിദാനമ,-
ങ്ങങ്ങയെട്ടുണ്ഡിക്കുമോ ?
നിശ്ശേഷമാഗ്രന്ഥങ്ങൾ
ചുട്ടതിൽപ്പിന്നീടഗ്നി
പശ്ചാത്താപാകരത്തി-
ലങ്ങയിൽപ്പററിക്കൂടി

---

* ആററില ക്രി. പി. അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു പരാദുഷ്ടനായ ഹൂണൻ; അയാം യൂറോപ്പിലെ പല രാജ്യങ്ങളും കൊള്ളയിട്ടു നശിപ്പിച്ചു. ഭൂതകാരുണ്യത്തിൻെറ പുരുഷാവതാരമായ അസിസീയിലെ ഫ്രാൻസിസ് പുണ്യവാളൻ യൂറോപ്പിൽ 13-ാം ശതകത്തിൽ ജീവിച്ചിരുന്നു. ജെംഘിസ്ഖാൺ (1162—1227) അതിക്രൂരനായ ഒരു മംഗോളിയൻരാജാവ്; അയാളും അനവധി രാജ്യങ്ങൾ പിടിച്ചടക്കിച്ചുട്ടെരിച്ചു. മുനീന്ദ്രൻ ബുദ്ധഭഗവാൻ.

കത്തൃമായിരുന്നേനെ
ചത്തിടുംവരെ,പ്പക്ഷേ
ഏതെന്നൊന്നില്ലാത്തതാ-
യങ്ങേയ്ക്കു രക്ഷാമാർഗ്ഗം !
പേർത്തുമിപ്പോരിൽ ഭവാ-
നെന്തെല്ലാം ഹനിച്ചാലു-
മാദ്യമായ് ഹനിച്ചതെ,-
ന്നാത്മീയം മനുഷ്യത്വം.

x x x x

എത്രമേലിച്ഛാഭംഗം
വായ്ക്കിലും ചെയ്യിക്കൊല്ലേ
പുസ്തകം ചുട്ടുന്നോരി-
ഷ്ടത്തന്നാം മഹാപാപം !
കീടവും കുറേത്തിന്നു
ബാക്കിവച്ചടങ്ങുന്നു ;
കീടത്തെക്കാളും കീട-
മാക്കൊല്ലേ മനുഷ്യനെ ?!! 112

൪൯. ഉത്തമഭക്ഷണം

ഉത്തമഭക്ഷണമേതെന്നു സഭ്യരോ-
ടധ്യക്ഷൻ ചോദിച്ചു പണ്ടൊരിക്കൽ.
സദ്യയിൽക്കിട്ടുന്ന ഭക്ഷണത്തോടൊപ്പം
ഹൃദ്യമല്ലൊന്നുമെന്നേകനോതി.
മാധുര്യമേറുന്ന പാൽപായസംപോലെ.
യാതൊന്നുമെങ്ങുമില്ലെന്നൊരുത്തൻ.
മാദകമായുള്ള ശീമവീഞ്ഞല്ലാതെ-
യേതുമേ രമ്യമല്ലെന്നൊരുത്തൻ.
നാക്കിനു മെച്ചമായ്ത്തോന്നുന്നതൊക്കെയും
ശ്ലാഘ്യമായ് കല്പിക്കാമെന്നൊരുത്തൻ.
ആറു രസങ്ങളും ചേർന്നിട്ടുമന്നത്തി-
ന്നേറിടും ശ്രേഷ്ഠതയെന്നൊരുത്തൻ.
കാലദേശോചിതമായിട്ടുമാഹാരം
പോലെ മറ്റൊന്നുമില്ലെന്നൊരുത്തൻ.
ക്ഷുത്തുള്ള നേരത്തു കിട്ടുന്നോരോദന-
മുത്തമം ഭക്ഷിപ്പാനെന്നൊരുത്തൻ.
ഏതൊരു ഭോജനം ജീർണ്ണമാം വേഗത്തിൽ;
സ്വാദതിനേറിടുമെന്നൊരുത്തൻ.
വൈദ്യൻ വിധിക്കുന്ന പത്ഥ്യമാമാഹാര-
മാത്യന്തം പ്രീതിദമെന്നൊരുത്തൻ.

സ്നേഹിതന്മാരുമായ് മേളിച്ചു ഭക്ഷിക്കു-
    മാഹാരമാഹാരമെന്നൊരുത്തൻ.
മാതാവു നല്കിടുമേതൊരു ഭോജ്യവും
    മാധുര്യസംപൂർണ്ണമെന്നൊരുത്തൻ.
പ്രാണാധിഭർത്രിയാൾ നല്കുന്ന ഭക്ഷ്യംതാൻ
    ചേണാർന്നതേററവുമെന്നൊരുത്തൻ,
ദേവകൾക്കർപ്പിച്ചു പൂതമാമന്നംതാൻ
    കേവലമുൽകൃഷ്ടമെന്നൊരുത്തൻ.
ഇങ്ങനെയോരോന്നു മേൽക്കുമേൽച്ചൊന്നവർ
    തങ്ങളിൽത്തർക്കിച്ചു നിന്നനേരം.
ഓതിനാനദ്ധ്യക്ഷൻ: "ഇപ്പക്ഷം മിക്കതു-
    മേതാനും ഗ്രാഹ്യാംശം ചേർന്നതത്രേ.
എങ്കിലും പൂർണ്ണമല്ലൊന്നുമെന്നെൻമതം;
    തിങ്കളിൻകീഴുണ്ടോ ബിംബമാവൂ.
തന്നുടെ ദേഹത്തിൻ സ്വേദത്താൽ നേടണം;
    തന്നന്തര്യാമിയെത്തർപ്പിക്കേണം,
എന്നിട്ടു ദീനർക്കോരോഹരി നല്കണം;
    പിന്നീടുമാത്രം താൻ ഭക്ഷിക്കേണം.
ഭോഗാധികാരികളല്ലേതും ഭക്ഷ്യത്തിൻ
    ഭാഗാവകാശികൾ മാത്രം നമ്മൾ.

വിദ്ധത്തശജേതാവാം വിദ്വേല്ലശനല്ലാരും;
മർത്ത്യനെത്തിന്നിടും രക്ഷസ്സല്ല;
ചാണളവുള്ളോരു തൻ കുക്ഷിക്കെന്തിന്നു
മാനുഷൻ ധാന്യാദ്രി സഞ്ചയിപ്പൂ ?
ജീവിക്കാൻമാത്രമായ് ഭക്ഷിച്ചുകൊണ്ടു നാം
ജീവിതം ത്യാഗത്താൽ ധന്യമാക്കാം ;
സ്വീയമാം ലംഘനമപ്പോഴത്താൻ വിണ്ണിലെ-
പ്പീയൂഷയൂഷമായ് നമ്മൾ കാണും.

---

൨൦. നവ്യയുഗോദയം

മാലുള്ളതാണീ മഹിയന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നല്കുണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപോയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചോരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപങ്ക്തിയെക്കൊ-
ണ്ടിരുട്ടുതൽകാലമകററിയീശൻ
അടഞ്ഞ കൺ നമ്മറം തുറന്നിട്ടുംമുൻ-
പത്തീപമേകുന്നു കൊളുത്തി വീണ്ടും.

വേലയ്ക്കു ദീപപ്രഭയത്ര വേണം;
വിശ്രാന്തികൊള്ളുന്നതിന്നിത്രപോരും;
അതായിരിക്കാം പൊരുളാപ്രവൃത്തി:-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞുചെയ്വോൻ.

വിളക്കു കത്തിപ്പതിന്നന്തിയായാൽ
മിന്നാമിനുങ്ങും തായാന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?

അല്ലെങ്കിലും സച്ഛ്വവിവേകദീപ-
മകത്തു കത്തുന്നളവേത്തു ധീരൻ
വിഷാദമേന്തും, വിധി ദ്ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കുകെട്ടാൽ ?

ഉണൎന്നിടാമെന്നു നിനച്ചു തന്നെ-
യുറങ്ങുവാനോൎപ്പത്തു നമ്മളെല്ലാം ;
പ്രാദുൎഭവിച്ചാൽ മതി,സന്മഹത്താം
പ്രത്യാശ സൎവ്വത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മദ്ധ്യാഹ്നവും പ്രത്യഹമൎദ്ധരാത്രം ;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂൎയ്യാംശുദീപ്തം പകൽപോലെതന്നെ.

പരം നിദാഘത്തിനു ചൂടു ദോഷം,
പ്രാവൃട്ടിനമ്മട്ടു തണുപ്പു,മേവം
സൎവ്വത്തിനും ദോഷമുരയ്ക്കുവോനെ-
സ്സന്തൃപ്തനാക്കാൻ വിധി ശക്തനല്ല.

പതിച്ചു താൻ പുൽക്കൊടിയിങ്കലെന്നു
പശ്ചാത്തപിക്കാതെ തുഷാരബിന്ദു
അതിന്നു ചൂഡാമണിയും വിളക്കു-
മായിത്തുലോം രാത്രിയിൽ മിന്നിടുന്നു.

നഞ്ഞുണ്ടടുത്തെന്നു നിനച്ചു ചെററും
നമുക്കു പേടിപ്പതിനില്ല ബന്ധം ;
കൈകൊണ്ടടുത്തായതശിച്ചിടാഞ്ഞാൽ
കളേബരം വിട്ടുയിരാക്കു പോകും ?

ചെററപ്പുരയ്ക്കുള്ളിൽ നുഴഞ്ഞുകേറി-
ച്ചെമ്മേ വസിക്കുന്നു സുഖം ചിലപ്പോൾ ;
പായുന്നു സൌധത്തിനകത്തു ദുഃഖം
പാറാവുനില്ക്കും ഭടർ കണ്ടിടാതെ.

ശരീരരക്ഷാഭരമേററു നില്ക്കും
സ്വാന്തത്തെ നാം കാട്ടുകയററിവിട്ടാൽ
ആലാക്കിലാജ്ജിക്കരികിൽക്കടക്കു-
മാപത്തുതൻനേക്കടെന്തുകാട്ടും ?

സമ്പന്മദവ്യാധി ശമിച്ചു മത്ത്യർ
സദ്വൃത്തരായ്ത്തൻ സവിധത്തിലെത്താൻ
സൌകര്യമേകുന്ന വിപത്തുമീശൻ
സാകൂതമായ്ത്തന്നെ ചമച്ചതാവാം.

തനിക്കു താൻതന്നെ സുഹൃത്തൊരുത്തൻ ;
താനെന്നിയേ ശത്രുവുമന്യനില്ല ;
പാരം വിപത്താം മുകുരം ബുധക്കി-
പ്രപഞ്ചതത്വസ്ഥിതി കാട്ടിടുന്നു.

സത്യത്തിലത്യുൽകടവിപ്രലംഭ-
താപാത്തരാകാൻ തരമെത്തിടാഞ്ഞാൽ,
താരുണ്യമാളുന്ന വധൂപുമാന്മാർ
സംഭോഗശൃംഗാരരസാനഭിജ്ഞർ.

പാറയ്ക്കുമേൽത്തട്ടിയുടഞ്ഞുവേണം
പാനാർഹമായിസ്സരിദംബു തീരാൻ;
ഇരുട്ടുതിങ്ങും ഖനിവിട്ടു വേണം
ഹീരം നൃപൻതൻ മകുടത്തിൽ മിന്നാൻ;

കടുത്ത ചൂടാദ്യമിയററി വേണം
കാർകൊണ്ടലൂഴിക്കു തണുപ്പുനല്കാൻ ;
കിളിച്ചു മുററം വളമിട്ടു വേണം
കൃഷീവലൻ ഭൂമിയിൽ വിത്തുപാകാൻ;

ഗാതാവുതൻ കൈവിരൽ മീട്ടിവേണം
ഗാനാമൃതം വീണയിൽനിന്നു പൊങ്ങാൻ ;
തട്ടാൻെറ കൊട്ടേററയവാൻറു വേണം
തങ്കം വധൂകണ്ഠമലങ്കരിക്കാൻ.

ഉഴറിക്കുമിപ്പോഴ്ക്കലി* നീങ്ങിവേണ-
മുദിക്കുവാൻ കാന്തയുഗം നവീനം ;
അപ്പൊന്നുഷസ്സൻപിലണഞ്ഞു നമ്മൾ-
ക്കാശിപ്പതെല്ലാമരുളട്ടെ വേഗം.

* കലി എന്നാൽ കലികാലമെന്നും യുദ്ധമെന്നുമർത്ഥം,

൨൧. റിക്‌ഷാ

I

നട്ടുച്ചയായീ നേരം ;
        വെള്ളവും വിശറിയും
വിട്ടു മറെറാന്നും വേണ്ട;
        വീടു താനാക്കും ഗതി.
തടവററൂഴിക്കുമേൽ-
        ത്തട്ടുന്നു കതിരവൻ
ചുടലക്കനൽക്കട്ട
        ത്തുടരെക്കോരിക്കോരി.
വച്ചുപോയ് കഴലൊന്നു
        തറമേലെന്നാൽപ്പൊള്ളു-
മുച്ചിയോളവും മേനി;-
        യത്തരം നിരത്തൊന്നിൽ,
അങ്ങിങ്ങു കീറിപ്പറി-
        ഞ്ഞതച്ചുതച്ചുതാം മുണ്ടു-
മങ്ങതിന്നിണങ്ങുന്ന
        ഷർട്ടും കൊണ്ടങ്ങും മൂടി,
പായുന്നു മുന്നോട്ടേക്കു
        റിക്‌ഷയും വലിച്ചുകൊ-
ണ്ടായുസ്സിൻബലത്തിനാൽ-
        ച്ചാവാതെ ചാവോനേകൻ.
കണ്ണെങ്ങും നടത്തിച്ചും,
        ചുററിലും പെടും വസ്തു-

വൊന്നിലും മുട്ടാതേയു,-
    മോടയിൽച്ചാടാതെയും,
പങ്ങിയും പതുങ്ങിയും,
    വേപ്പിലും കണ്ണീരിലും
മുങ്ങിയും ഞെരങ്ങിയും,
    പോകുവോരവന്നയ്യോ!
വരണ്ട തൊണ്ടയ്ക്കില്ലൊ-
    രമിനീക്കണം വീഴ്ത്താൻ ;
വയററിൽക്കൈവെച്ചൊന്നു
    തിരുമ്മാൻ വഴിയില്ല.
ഏററത്തുമിറക്കത്തു-
    മൊപ്പമായ്ച്ചിരിച്ചാലും
കാററുണ്ടത്തപസ്വിക്കു
    ജീവിക്കാൻ സാധിപ്പീല.
കുടികൊള്ളുന്നുണ്ടൊരാ-
    ളാവണ്ടിക്കകളളിൽത്തൻെറ
കുടവണ്ടിയും കോപ്പും
    തുള്ളിച്ചു, കാലും നീട്ടി.
"അവനും തന്നെപ്പോലെ
    മത്ത്യനായ്പ്പിറന്നവ-
നവനും നല്കീട്ടുണ്ടു
    വയറും വായും ദൈവം";—
കണ്ണില്ലിതൊന്നും കാണമാ-
    നങ്ങോക്കു; വീപ്പൊന്നിടാൻ

നിന്നാലും, ചുമപ്പോനെ-
യോടിക്കാൻ നാക്കേയുള്ളൂ.
തൻചുരുട്ടിലേധൂമം
കണ്ടവൻ തീവണ്ടിതൻ
പിഞ്ചിളംകിടാവാണാ
റിക്ഷയെന്നോക്കുന്നുവോ ?
അല്ലല്ല, തെററിപ്പോയി;
സമ്പത്തിൻ മദംമൂല-
മന്ധതാമല്ലീ നര-
ന്നാദ്യമായ് വരും രോഗം ? 28

II

ഉഴറിക്കാപ്പിക്ലബ്ബി-
ലേറിനാൻ ക്രൂരറൻ ചാടി,
വഴിയാധാരമാക്കി
വണ്ടിക്കാരനെത്തള്ളി.
"രണ്ടണ തന്നാൽക്കൊള്ളാം
കൂലിയിൽ വകവച്ചു;
ചുണ്ടൊന്നു ഞാനും ചൂടു-
വെള്ളത്താൽ നനച്ചോട്ടെ."
എന്നവൻ യാചിക്കവേ
ചെല്ലേണ്ട ദിക്കിൽച്ചെന്നേ
തന്നിടാൻ പററൂ കൂലി-
യെന്നങ്ങോർ മുറിഞ്ഞോതി.

തനിച്ചാൻ നിരത്തിൽ തൻ
　　തലയിൽക്കയ്യുംവച്ചു
തണലുംതാങ്ങും വിട്ടു
　　തപിക്കും തൊഴിൽക്കാരൻ.
അകമേ കത്തും കൊടു-
　　ന്തീയുമായ്ത്തട്ടിക്കുമ്പോൾ
പകലോൻ ചൊരിയും തീ
　　പനിനീരവന്നപ്പോൾ.
"ദൈവമേ!" തളർന്നവൻ
　　വാവിട്ടു മുറയിട്ടാൻ:
"ദൈവമേ! നിൻ ലോകമോ
　　ഞാൻ കാണുമീലോകവും ?
ഉണ്ടവന്നുടൻതന്നെ
　　കാപ്പി; യക്കോലത്തിന്റെ
പണ്ടിയുംപേറിപ്പായു-
　　മെനിക്കോ; മുപ്പട്ടിണി!
അക്കാപ്പി നഞ്ഞായ്പ്പോട്ടെ-
　　യങ്ങേക്കു; വേ,ണ്ടെൻകൂലി
തൽക്കാലം നല്കിക്കോട്ടെ;
　　പിന്നെച്ചത്തൊഴിഞ്ഞോട്ടെ.
ഉടനേ വീണ്ടും വന്നു
　　ചാടാഞ്ഞാൽപ്പോരും ഞാനെ-
ന്നുടലിൻ കഴപ്പൊന്നു
　　തടവിത്താഴ്ത്തിക്കോട്ടെ:—

അല്ലെങ്കിലിപ്പോൾത്തന്നെ
　　വന്നാലും കൊള്ളാം;തീർത്തി-
ട്ടില്ലൊല്ല, ഞാൻ കുറേപ്പേരെ
　　വേറെയും ചുമക്കേണ്ട ?
കിട്ടുമോ കേറാൻ വീണ്ടും
　　മാതാനമാവോ ? ഒന്നാകാം;
കിട്ടാഞ്ഞാൽക്കിടാങ്ങൾക്കു
　　കഞ്ഞിയെൻ കണ്ണീരല്ലീ ?
ആ വഴിക്കോർത്താൽക്കൂലി
　　മുൻകൂട്ടിവാങ്ങീടാത്ത-
താവത്രം നന്നായെന്നേ
　　തോന്നുന്നതുള്ളു താനും.
കാപ്പിയെ,ങ്ങമ്മട്ടുള്ള
　　പണ്ടങ്ങളെല്ലാം കണ്ടു
വീർപ്പിടാൻ മാത്രം ദൈവം
　　കല്പിച്ച ഞാനെങ്ങയ്യോ ?
ദൈവമേ! കണ്ടോക്കിതു-
　　ക്കാലിമാടായിട്ടെന്റെ
ജീവിതപ്പാഴ്റിക്ഷ ഞാ-
　　നെത്ര നാൾവലിക്കണം ?
ഒന്നിനൊന്നെൻ നട്ടെല്ലു
　　മെല്ലുമേൽ വളഞ്ഞിട്ടും
പിന്നെയും കൈക്കില്ലല്ലോ
　　മുൻകാലായ്ത്തീരാൻയോഗം.

കാളയായ്ച്ചമയ്ക്കാത്ത-
    തെന്തെന്നെ ? വയ്ക്കോൽ തിന്നു
നാളുകൾ പോക്കാം; ചെന്നു
    ചരിയാമെരുത്തിലിൽ;
കെട്ടിയോർ കിടാങ്ങളെ-
    ന്നൊന്നുമേമോർത്തങ്ങീടേണ്ട;
വിററിടാ,നാരെങ്കിലും
    പോററിക്കൊൾകയും ചെയ്യും.
ഉടമസ്ഥന്മാർ കുറേ-
    ക്കഞ്ഞിയെങ്കിലും വീഴ്ത്തു-
മടിമക്കാലത്തു പ,-
    ണ്ടായതിന്നോണക്കാലം!"
അക്ഷണം വന്നു വീരൻ
    കമ്പയും വീപ്പി,ച്ചുരി
റിക്ഷതൻ നകം വീണ്ടും
    ദീനൻതൻ ഭുജത്തിലും.
പായുന്നു മുന്നോട്ടേക്ക
    പിന്നെയും പാവം; മന-
പ്പായസം കുടിക്കാനും
    ഭാഗ്യമുള്ളോർക്ക പററു.
ആരെത്താൻ പഴിക്കേണ്ടു,—
    തപ്പെഴും ഭൃതത്തെയോ,
സൂരൻതൻ ബിംബത്തെയോ,
    തന്നെയോ, ദൈവത്തെയോ ?:-

ഒരുവസ്തുവും തന്നെ
തിരിയുന്നീലന്നേരം
മരണച്ചെന്തീപ്പാച്ചിൽ
പായുവോരവന്നുള്ളിൽ. 72

പരക്കോട്ടു ഭഗവതിസ്തോത്രം

അവനതാലംബഭൃത്തേ ! പരക്രോധ-
ഭുവനമങ്ഗലദീപികേ ! ചണ്ഡികേ !
തവ നമോവാകഹേവാകശാലി ഞാൻ
ഭുവനപാവനി ! ഭൂതിസന്ദായിനി !

മഹിഷമുഖ്യാസുരാന്തകമെങ്കിലും
ദ്രുഹിണശക്രാദിപൂജിതം ത്വൽപദം ;
മിഹിരമണ്ഡലം ധ്വാന്തസന്ദോഹത്തി-
നഹിതമെങ്കിലും വിശ്വസഞ്ജീവനം.

ഒരു നിമേഷമെന്നാകിലും ഭാവൽക-
മരുണകൌശേയവീതം കളേബരം
നിരുപരോധമെൻ ചേതസ്സിൽ മിന്നുവാൻ
കരുണ വേണം ഘനാന്തകമ്പാമയി!

ചരണരാജീവഭൃങ്ഗങ്ങൾതൻ തമോ-
ഭരമൽകയാൽ ഭാവൽകവിഗ്രഹം
ഗരളകന്ധരപ്രാണേശ്വരി ! മിന്നുന്നു
സരസജീമൂതസങ്കാശവർണ്ണമായ്.

ഉരസി സൌവർണ്ണഹാരങ്ങൾ മേല്ക്കുമേ-
ലുരസിമിന്നും കളേബരം താവകം
ശിരസി ഹൈമം കിരീടത്തൊടും കാൺകി-
ലരസികാഗ്രിമൻപോലും കവീശ്വരൻ.

ധവമനോജ്ഞോജ്ജ്വലലക്ഷ്മീദിദൃക്ഷുവാം
ഭവതിതന്നുത്തരാശാമുഖസ്ഥിതി *
ശിവനിൽ വായ്പിക്കുമല്പഹാസത്തിനാൽ
ധവളമാകുന്നു തന്നിവാസാചലം.

ഇവനനാമയം, സമ്പത്തു, സന്താന,-
മവധിവിട്ടുള്ളൊരന്യസൌഭാഗ്യവും,
ഭവതി നല്കായ്കിൽ വന്ധ്യം, നിരർത്ഥകം,
തവ ചതുർബാഹുസംയുതം വിഗ്രഹം.

ജയ! ജയാംബികേ! ശങ്കരപ്രേയസി!
ജയ! മുരാരിസഹോദര കനീയസി!
ജയ നമോ ദൈത്യഖണ്ഡനപണ്ഡിതേ!
ജയ നമോ ദയാമണ്ഡിതേ! ചണ്ഡിതേ.

032D
176557
032:1M77:14
J4
UNIVERSITY LIBRARY
25 Oct. 1956
MADRAS

* ദേവിയുടെ ദർശനം വടക്കോട്ടു നോക്കിയാണ്.

DEPARTMENTAL LIBRARIES
7 DEC 1956
UNIVERSITY OF MADRAS.

മഹാകവി ഉള്ളൂരിൻെറ ചില ഇതര കൃതികൾ

	Rs.	As.	Ps.
ഉമാകേരളം	2	14	0
പിംഗള	1	4	0
കർണ്ണഭൂഷണം	1	4	0
തരംഗിണി	1	4	0
താരഹാരം	1	8	0
കിരണാവലി	1	4	0
രത്നമാല	1	8	0
അമൃതധാര	1	8	0
ഹൃദയകൌമുദി	1	8	0
കല്പശാഖി	1	8	0
തപ്തഹൃദയം	1	0	0
ചൈത്രപ്രഭാവം	0	5	0
ശരണോപഹാരം	0	4	0
ചിത്രോദയം	0	6	0
മംഗളമഞ്ജരി	0	8	0
ചിത്രശാല	1	0	0
അരുണോദയം	0	12	0
വിജ്ഞാനദീപിക I Part (out of Stock)			
Do. II Part (out of Stock)			
Do. III Part	2	4	0
Do. IV Part	2	4	0
ഭാഷാചമ്പുക്കൾ	2	13	0
അംബ (ഒരു ദൃശ്യനാടകം)	2	8	0
സ്വർണ്ണമാധുരി	1	4	0
ഭക്തിദീപിക	1	0	0
ദീപാവലി	0	12	0
ബാലദീപിക	0	4	0
മാതൃകാജീവിതങ്ങൾ	0	4	0
സദാചാരദീപിക	0	4	0
മണിമഞ്ജൂഷ	1	4	0

മഹാകവി ഉള്ളൂരിൻെറ എല്ലാം പുസ്തകങ്ങളും ഞങ്ങളുടെ പക്കൽ കിട്ടുന്നതാണ്.

ഉള്ളൂർ പബ്ലിഷേഴ്സ്

ജഗതി, തിരുവനന്തപുരം.